അദ്ധ്യായം - നാല്

# ആദിവാസി പാഠങ്ങൾ

## 4.0.

ആദിവാസി എന്ന പദത്തിൽ നിന്നു നിഷ്പന്നമാകുന്ന അർത്ഥവ്യാപ്തിയിലല്ല ഇന്ന് ഈ പദത്തെ വ്യവഹരിക്കുന്നത്. ഇംഗ്ലീഷിലെ ട്രൈബ് (tribe) എന്ന പദത്തിനു സമാനമായി നാം ഉപയോഗിക്കുന്ന വാക്കാണ് ആദിവാസി. 1871-ൽ ലെവിസ് മോർഗൻ തന്റെ സിസ്റ്റംസ് ഓഫ് കോൺസൻഗിനിറ്റി ആന്റ് എഫിനിറ്റി ഓഫ് ഹ്യുമൻ ഫാമിലി (Systems of Consanguinity and Affinity of Human Family) എന്ന ഗ്രന്ഥത്തിൽ ട്രൈബ് എന്നാൽ പൂർണ്ണമായും സുസംഘടിതമായ സമൂഹമാണെന്നു ചൂണ്ടിക്കാണിക്കുന്നുണ്ട്. ഓരോ ട്രൈബും ഒരു പൊതുനാമവും, ഒരു പ്രത്യേകഭാഷാഭേദവും, ഒരു ഉന്നത ഭരണസമിതിയും കയ്യടക്കി സൂക്ഷിച്ചുപോരുന്ന സ്വന്തമായൊരു പ്രദേശം കൊണ്ട് തനിമ നേടിയതായിരിക്കും എന്ന് അദ്ദേഹം വിശദീകരിക്കുന്നു. തങ്ങളുടേതായ ഇടത്തിൽ തൊഴിൽ, വ്യക്തി, സ്ത്രീ, പ്രകൃതി, ബന്ധങ്ങളിൽ അവിഭാജ്യത നിലനിർത്തുന്ന ഒരു സാമൂഹ്യക്രമത്തിൽ അധിഷ്ഠിതമായ സ്വയംഭരണ രൂപങ്ങളാണ് ആദിവാസി ഗോത്രങ്ങൾ.

## 4.1. കേരളത്തിലെ ആദിവാസികൾ

പുരാതന ശിലായുഗകാലത്ത് ദക്ഷിണേന്ത്യയിലെ വിസ്തൃതമായ വനങ്ങളിൽ അപരിഷ്കൃത ജീവിതം നയിച്ചിരുന്ന ജനവർഗ്ഗങ്ങൾ അധിവസിച്ചിരുന്നു. വേട്ടയാടിയും ഫലമൂലാദികൾ ഭക്ഷിച്ചും ഉപജീവനം നടത്തിയിരുന്ന ഇക്കൂട്ടർ ഉപയോഗിച്ചിരുന്ന പരുക്കൻ ശിലായുധങ്ങൾ ദക്ഷിണേന്ത്യയിൽ വിവിധ സ്ഥലങ്ങളിൽ നിന്നു കണ്ടെടുത്തിട്ടുണ്ട്. ഈ അപരിഷ്കൃത വർഗ്ഗക്കാരുടെ പിന്മുറക്കാരാണ് കേരളത്തിലെ ആദിവാസികൾ എന്നു കരുതപ്പെടുന്നു.

ശ്രീ. പി.ആർ.ജി. മാത്തൂർ കേരളത്തിലെ ആദിവാസി സമൂഹത്തെ അവരുടെ അധിവാസകേന്ദ്രങ്ങളുടെ അടിസ്ഥാനത്തിൽ ഏഴ് മേഖലകളായി തിരിക്കുന്നു.[1] ഇവ യഥാക്രമം കാസർക്കോട്, വയനാട്, അട്ടപ്പാടി, നിലമ്പൂർ, പറമ്പിക്കുളം, ഇടുക്കി, തിരുവനന്തപുരം എന്നിവയാണ്. ഭൂമിശാസ്ത്രപരമായി വിഭജിക്കപ്പെട്ടിരിക്കുന്ന ഈ ഓരോ വിഭാഗവും സാമൂഹ്യ സാംസ്ക്കാരിക വ്യതിരിക്തതകൾ പുലർത്തിവരുന്നു. കേരളത്തിലെ മൊത്തം ജനസംഖ്യയുടെ 1.03 ശതമാനം ആണ് ആദിവാസികളുടെ ജനസംഖ്യ എന്നു 1991-ലെ സെൻസസ് കണക്കുകൾ വ്യക്തമാക്കുന്നു. ഇതിൽത്തന്നെ വയനാട് ജില്ലയിലാണ് ഏറ്റവും കൂടുതൽ ആദിവാസികളുള്ളത്. വയനാട്ടിൽ മൊത്തം ജനസംഖ്യയുടെ 17.25 ശതമാനം ആദിവാസികളാണ്. മാത്രമല്ല, കേരളത്തിലുള്ള ആകെ ആദിവാസികളുടെ 28 ശതമാനവും വയനാട് മേഖലയിലാണ്. പണിയർ, കുറിച്യർ, കുറുമർ, കാട്ടുനായിക്കന്മാർ, കാടർ, അടിയർ,അരനാടർ, ആളർ, ഇരുളർ, ഉള്ളാടർ, ഊരാഴികൾ എന്നിങ്ങനെ അമ്പതോളം ആദിവാസി വർഗ്ഗങ്ങൾ കേരളത്തിലുണ്ട്. ജീവിതരീതികളിലും ആചാരങ്ങളിലും ആരാധനാക്രമങ്ങളിലുമെല്ലാം ഇവർ പരസ്പരം വ്യത്യസ്തരാണ്. എങ്കിലും ഗോത്രബന്ധങ്ങളിലും നിയമങ്ങളിലും ദർശിക്കാവുന്ന ചില ഏകതാനതകൾ സാർവ്വത്രികമായ ഒരു ആദിവാസി സംസ്ക്കാരത്തെ ഓർമ്മപ്പെടുത്തുന്നു. ഒരു ജനതയുടെ ആചാരവിശ്വാസങ്ങൾ, ജീവിതരീതികൾ, തൊഴിൽ, കലകൾ എന്നിങ്ങനെ ജീവിതവുമായി ബന്ധപ്പെടുന്ന സകല വിഷയങ്ങളുടേയും സഞ്ചയമാണ് സംസ്ക്കാരം. മുഖ്യധാര സംസ്ക്കാരത്തിൽ നിന്നു വിഭിന്നമായ ഒരു സംസ്ക്കാരം ആദിവാസി സമൂഹം നിലനിർത്തിവരുന്നു.

### 4.1.1. ജീവനോപാധികൾ

വേട്ടയാടിയും വനവിഭവങ്ങൾ ശേഖരിച്ചും ജീവിച്ചിരുന്ന ആദിവാസികൾ പിന്നീട് കാടുചുട്ടെരിച്ച് പുനംകൃഷി ആരംഭിച്ചു. പുനംകൃഷി ആദിവാസികളുടെ തനിമയേറിയ ജീവിതശൈലിയാണ്. മണ്ണിനോടും പ്രകൃതിയോടും ഋതുക്കളോടുമുള്ള ആദിവാസിയുടെ ആദരവിന്റേയും ആദിവാസി സമൂഹത്തിന്റെ കൂട്ടായ്മയുടേയും തെളിവാണ് പുനംകൃഷി സമ്പ്രദായം. മണ്ണിനെ പൂജിച്ച് മലദൈവങ്ങളോട് വിളവിനായി പ്രാർത്ഥിച്ച് കാടുവെട്ടിത്തെളിച്ച് നടത്തപ്പെടുന്ന പുനംകൃഷിയിൽ ഋതുക്കൾക്കനുസരിച്ച് വിളവുകൾ മാറിമാറി പ്രയോഗി

ക്കുന്നു. മണ്ണിനെ സ്വകാര്യ ഇടങ്ങളായി നിർണ്ണയിക്കാനറിയാത്ത ആദിവാസിക്ക് കൃഷിയും വേട്ടയാടലും എല്ലാം സാമൂഹ്യപ്രക്രിയകളാണ്.

### 4.1.2. ആരാധനാരീതികൾ

കാട്ടിൽ അലഞ്ഞുതിരിഞ്ഞു നടന്നിരുന്ന ആദിമനുഷ്യന് ജീവസന്ധാരണത്തിനു വേണ്ട തെല്ലാം നൽകിയിരുന്നതു വൃക്ഷങ്ങളാണ്. അതുകൊണ്ടുതന്നെ ആദിവാസികളുടെ ആരാധനാക്രമങ്ങളിൽ വൃക്ഷാരാധനയ്ക്കു വലിയ പ്രാധാന്യമുണ്ട്. ശുദ്ധവൃക്ഷാരാധന ക്രമികമായി, പ്രതിരൂപാത്മക വിഗ്രഹാരാധനയിലേയ്ക്കു പരിണമിച്ചപ്പോഴും വൃക്ഷം അവരുടെ ആരാധനാരീതികളിൽ നിന്നു അകലുന്നില്ല. ആരാധനാ വിഗ്രഹങ്ങളെ ഇവർ പ്രതിഷ്ഠിക്കുന്നത് വൃക്ഷച്ചുവടുകളിലാണ്. അങ്ങനെ വിഗ്രഹങ്ങൾക്കൊപ്പം വിശുദ്ധി വൃക്ഷങ്ങൾക്കും നിലനിൽക്കുന്നു. വിഗ്രഹാരാധനയിലും സംസ്കൃതസമൂഹം അനുവർത്തിക്കുന്ന മാതൃകകളല്ല ആദിവാസി സമൂഹം പിന്തുടരുന്നത്. ഇവരുടെ ആരാധനാമൂർത്തികൾ സുന്ദരരൂപികളല്ല. ചെറിയ കല്ലും മൺപാത്രങ്ങളുമെല്ലാം ഇവർക്കു ദൈവരൂപങ്ങളാകുന്നു. മരിച്ചുപോയവരുടെ ആത്മാക്കളേയും ഇവർ ദൈവങ്ങളായി ആരാധിക്കുന്നു. വർഷത്തിലൊരിക്കൽ നടത്തുന്ന തിറകളിൽ പങ്കെടുക്കുമ്പോൾ ഈ ആരാധനാമൂർത്തികളെ കുട്ടകളിലാക്കി കൊണ്ടുവരികയും തിറ നടക്കുന്നിടത്ത് ഇറക്കി നിരത്തിവയ്ക്കുകയും ചെയ്യുന്ന ഗോത്ര ആചാരപ്പതിവുകളുണ്ട്. ഇതര സമൂഹങ്ങളുടെ ആരാധനാമൂർത്തികൾ ഗോത്രവർഗ്ഗങ്ങൾക്കു പ്രകൃതിഘടകങ്ങളാണ്. തെക്കെ ഇന്ത്യയിലെ ആദിവാസികൾക്ക് പരിഷ്കൃത സമൂഹത്തിന്റെ ആരാധനാമൂർത്തിയായ സീത മനുഷ്യസ്ത്രീയല്ല, കാറ്റും നദിയും, ഫലവൃക്ഷവും, കൊയ്ത്തും, വിളയുമെല്ലാമായ പ്രകൃതിയാണ്.

### 4.1.3. കലകൾ

പ്രപഞ്ചത്തിന്റെ താളവും ഈണവും സ്വാംശീകരിച്ചവയാണ് ആദിവാസിയുടെ കലാവിഷ്ക്കാരങ്ങൾ. പ്രപഞ്ചസത്യത്തെ സ്വാംശീകരിച്ച് കഥ നെയ്യുകയും അത്തരം കഥകൾക്ക് ആവിഷ്ക്കാരം നൽകുകയും ചെയ്യുന്ന ആദിവാസിയുടെ ഏതു കൂട്ടായ്മയിലും ഗാനവും നൃത്തവുമുണ്ട്. സമൂഹമായി മാത്രം നടത്തപ്പെടുന്ന ഈ കലാവിഷ്ക്കാരങ്ങളിൽ സ്ത്രീയും

പുരുഷനും ചുറ്റുമുള്ള പ്രകൃതിഘടകങ്ങളുമെല്ലാം ഭാഗഭാക്കാകുന്നു. ആദ്യകാലങ്ങളിൽ ഭൗതികവും ആത്മീയവുമായ ആവശ്യങ്ങളുമായി ബന്ധപ്പെട്ടാണ് ഗോത്രനൃത്തങ്ങൾ നടത്തപ്പെട്ടിരുന്നത്. ഭക്ഷണത്തിനും പരേതാത്മാവിനും വേണ്ടി ആദിമമനുഷ്യൻ നൃത്തം ചെയ്തിരുന്നു. ആദിവാസിക്കു തന്റെ കുലമെന്നത് കേവലം മനുഷ്യർ മാത്രം ഉൾപ്പെടുന്ന സമൂഹമല്ല, മറിച്ച് മൃഗങ്ങളും സസ്യജാലങ്ങളും പ്രകൃതിപ്രതിഭാസങ്ങളും നിറഞ്ഞ ആവാസവ്യവസ്ഥയാണ്. സംരക്ഷണനൃത്തങ്ങളിലൂടെ ഈ സസ്യജന്തുജാലങ്ങളുടെ സംരക്ഷണച്ചുമതലയുടെ ഉത്തരവാദിത്വം ആദിവാസി വിളംബരം ചെയ്യുന്നു. എല്ലാ ഗോത്രങ്ങളിലും സ്ത്രീകളുടെ നൃത്തങ്ങൾ, പുരുഷന്മാരുടെ നൃത്തങ്ങൾ, എല്ലാവരും പങ്കെടുക്കുന്ന നൃത്തങ്ങൾ എന്നിങ്ങനെ വിഭജനം കാണാം. ഓരോ ഗോത്രത്തിന്റേയും ഉൽപത്തികഥകളും പുരാണങ്ങളും ആചാരവിശ്വാസങ്ങളും പ്രത്യക്ഷവത്ക്കരിക്കുന്ന വാമൊഴിവഴക്കങ്ങളുടെ സഞ്ചയങ്ങളും ഈ ജനതയുടെ തനതായ കലാപാരമ്പര്യത്തിനു സ്വന്തമായുണ്ട്.

### 4.1.4. സാമൂഹ്യജീവിതം

ലോകത്തിലെവിടെയുമുള്ള ആദിവാസി വർഗ്ഗങ്ങൾ ആവാസകേന്ദ്രങ്ങളിലും ഭാഷയിലും ആചാരങ്ങളിലും വ്യത്യസ്തത പുലർത്തിയാലും, സാമൂഹ്യജീവിത ക്രമങ്ങളിൽ ഇവർക്കെല്ലാം ഒട്ടേറെ സാദൃശ്യങ്ങൾ കണ്ടെത്താം. ഗോത്രത്തലവന്റെ അനിഷേധ്യമായ നേതൃശക്തിക്കു കീഴെ സ്ത്രീ-പുരുഷൻ, അടിമ-ഉടമ എന്നിങ്ങനെയുള്ള വ്യത്യസ്തതകളില്ലാതെ സ്വയംഭരണരൂപങ്ങളായി ലോകത്താകമാനമുള്ള ആദിവാസി ഗോത്രങ്ങൾ നിലകൊള്ളുന്നു. ആ ജനതയുടെ മുഴുവൻ ആവശ്യങ്ങളും തർക്കങ്ങളും ഗോത്രമൂപ്പന്റെ അധ്യക്ഷതയിലുള്ള ഊരുകൂട്ടത്തിൽ ചർച്ച ചെയ്യുകയും തീർപ്പുകല്പിക്കുകയും ചെയ്തുവന്നിരുന്നു. പ്രകൃതിയും മനുഷ്യരുമായുള്ള പാരസ്പര്യത്തിൽ അധിഷ്ഠിതമായിരുന്നു ഗോത്രവർഗ്ഗത്തിന്റെ ഈ സ്വയംഭരണരൂപങ്ങൾ. സാമൂഹ്യ ഐക്യത്തിനുള്ള മനുഷ്യന്റെ അടിസ്ഥാന ചോദനയെ എതിർപക്ഷത്തു നിർത്തിക്കൊണ്ടും പൗരസമൂഹത്തിൽ സ്ത്രീ-പുരുഷൻ, അടിമ-ഉടമ, അവർണ്ണൻ-സവർണ്ണൻ എന്നിങ്ങനെയുള്ള വിടവുകൾ സൃഷ്ടിച്ചുകൊണ്ടും വികസിച്ചുവന്ന കേന്ദ്രീകൃത ഭരണക്രമം മനുഷ്യനെ പ്രകൃതിയിൽ നിന്നു അകറ്റിനിർത്തുകയാണ് ചെയ്യുന്നത്. അതുകൊണ്ടുതന്നെ ഇന്നു നിലനിൽക്കുന്ന ഏതു ഭരണ

വ്യവസ്ഥയേക്കാൾ പ്രാക്തനതയും പ്രാമാണ്യവും ഗോത്രഭരണ വ്യവസ്ഥയ്ക്ക് അവകാശ പ്പെടാം.

കുലചിഹ്നങ്ങളും ഗോത്രവിലക്കുകളും ആദിവാസി സംസ്ക്കാരത്തിന്റെ മുഖമുദ്രയാണ്. ഓരോ ഗോത്രത്തിനും ഒരു കുലചിഹ്നം ഉണ്ടായിരിക്കും. ഇവ മിക്കവാറും വൃക്ഷങ്ങളായി രിക്കും. ജീവൻ കൊടുത്തും ഓരോ ഗോത്രവും ഈ കുലചിഹ്നത്തെ രക്ഷിച്ചുപോരുന്നു. ഗോത്രവിലക്കുകൾ ഗോത്രാംഗങ്ങൾ നിർബന്ധമായും അനുസരിക്കേണ്ടവയാണ്. ഇവയുടെ ലംഘനങ്ങൾക്ക് ഗോത്രവും ഗോത്രമൂപ്പനും അനുശാസിക്കുന്ന ശിക്ഷാവിധികളെ നേരി ടേണ്ടിവരുന്നു. വിധവാവിവാഹം ഒരാചാരമായിത്തന്നെ ഏറ്റെടുക്കുന്നവയാണ് ഒട്ടുമിക്ക ആദിവാസി ഗോത്രങ്ങളും. സമൂഹത്തിൽ സ്ത്രീയ്ക്ക് കല്പിച്ചനുവദിച്ചിരിക്കുന്ന സമത്വ ത്തിന്റേയും സ്വാതന്ത്ര്യത്തിന്റേയും തെളിവായി ഇതിനെ കണക്കാക്കാം. അനാഥരാകുന്ന ശിശുക്കളുടേയും വൃദ്ധജനങ്ങളുടേയും സംരക്ഷണത്തിനും ആദിവാസി ഗോത്രങ്ങൾ പര മപ്രാധാന്യം നൽകുന്നു. ഇത്രയും സുസ്ഥിരവും വ്യവസ്ഥീകൃതവുമായ ഗോത്രഭരണമാ തൃകകളെ, ആധുനികതയ്ക്കുശേഷം തകർച്ചയെ നേരിടുന്ന ഇന്ത്യയിലെ മുതലാ ളിത്ത-സോഷ്യലിസ്റ്റ് കേന്ദ്രീകൃത ഭരണവ്യവസ്ഥകൾ മാതൃകയാക്കണമെന്ന ഗോത്രമഹാ സഭാനേതാവായ ഗീതാനന്ദന്റെ അഭിപ്രായം ഇവിടെ പ്രസക്തമാകുന്നു.[2]

## 4.2. ആദിവാസിയുടെ വർത്തമാനസ്ഥിതി

ലോകത്തെവിടേയും അധിനിവേശങ്ങളാണ് ആദിവാസി ജീവിതത്തെ മാറ്റി മറിച്ചിട്ടുള്ളത്. ആദിവാസി ഭൂമികളിലേയ്ക്കുള്ള കയ്യേറ്റങ്ങൾ എവിടേയും വളരെ ലളിതവും സുഗമവുമാ യിരുന്നു. ഭൂമിക്ക് അതിരുകൾ നിർണ്ണയിച്ച് സ്വകാര്യമാക്കി നിലനിർത്തുന്ന രീതികളെക്കു റിച്ച് അജ്ഞരായ ആദിവാസികൾക്ക്, ആരുടെ ഭൂമി എന്ന കയ്യേറ്റക്കാരുടെ ചോദ്യങ്ങൾക്കു ഉത്തരം നൽകുവാൻ സാധിക്കുകയില്ല. ഇവർക്കു ഭൂമി കൈമാറ്റവസ്തുവോ ചരക്കോ ആയി രുന്നില്ല. ഏക്കർ, സെന്റ് തുടങ്ങിയ പരികല്പനകളാൽ ഭൂമിയെ അവർ തിരിച്ചറിഞ്ഞിരു ന്നുമില്ല. മണ്ണിനും പ്രകൃതിക്കും വില നിർണ്ണയിക്കുന്നവരുടെ അധിനിവേശങ്ങളിൽ ആ രീതികളുമായി പൊരുത്തപ്പെടാനാകാതെ പലയിടത്തും ആദിവാസികൾ സ്വന്തം ഇടങ്ങ ളിൽ നിന്നു സ്വയം ഒഴിഞ്ഞുമാറി.ആദിവാസി വനഭൂമികളിലേയ്ക്കു സംഘടിത കയ്യേറ്റം

ആദ്യം നടത്തിയത് ബ്രിട്ടീഷുകാരായിരുന്നു. ലോകത്തിലെമ്പാടും നടന്ന അധിനിവേശങ്ങൾ ഈ സത്യത്തിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. കേരളത്തിലെ സ്ഥിതിയും വ്യത്യസ്തമല്ല. ആദ്യത്തിൽ തടിക്കുവേണ്ടി ആദിവാസി വനമേഖലകളിലേയ്ക്കു പ്രവേശിച്ച ഇവർ പിന്നീട് ആ പ്രദേശങ്ങളെ നാണ്യവിളത്തോട്ടങ്ങളാക്കി മാറ്റി. ബ്രിട്ടീഷ് ആധിപത്യത്തിൽ നിന്നു ക്രമേണ ഈ പ്രദേശങ്ങൾ അവർക്കനുകൂലരായി നിലകൊണ്ട നാടുവാഴികളിലേയ്ക്കും ജന്മികളിലേക്കും കൈമാറ്റം ചെയ്യപ്പെടുന്നുണ്ട്. കയ്യേറ്റക്കാരുടെ ഭൂനിയമം മാനദണ്ഡമാക്കി നോക്കിയാൽ ആദിവാസികൾക്കു ഭൂമി ഉപയോഗിക്കാനുള്ള അവകാശം മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതുകൊണ്ട് കൃത്യമായി അളന്നു തിട്ടപ്പെടുത്താനാകാത്തയത്ര അളവിലാണ് കയ്യേറ്റങ്ങൾ നടന്നിട്ടുള്ളത്. ഇത്തരം കയ്യേറ്റങ്ങൾക്കു പുറമെ ഗവൺമെന്റ് ആവിഷ്ക്കരിക്കുന്ന പല നൂതന പരിഷ്ക്കരണ പദ്ധതികളും ആദിവാസി ഇടങ്ങളെ നേരിട്ട് ബാധിക്കുന്നവയായിരുന്നു. ജലസേചന പദ്ധതികൾ, ഡാമുകൾ, വൈദ്യുതി ലൈനുകൾ, റോഡുകൾ ഇവയോരോന്നും ആദിവാസി ഇടങ്ങളെ അപഹരിക്കുന്നു.

വനത്തിന്റേയും വനവിഭവങ്ങളുടേയും നിയന്ത്രണം തങ്ങളിൽ നിന്നു നഷ്ടമായതോടെ ആദിവാസികൾക്കു ഭക്ഷണത്തിനുവേണ്ടി വിപണികളെ ആശ്രയിക്കേണ്ടിവന്നു. ഭക്ഷ്യവിളകൾക്കു പകരം കയ്യേറ്റക്കാർ നാണ്യവിളക്കൃഷി ആരംഭിച്ചതോടെ വിപണിയും വിപണിയുടെ മൂല്യനിരക്കുകളും ഇവരുടെ ജീവിതത്തിൽ വലിയ സാമ്പത്തിക പ്രതിസന്ധികളുയർത്തി. കയ്യേറ്റക്കാരുടെ വനനശീകരണം ആദിവാസികളുടെ പുനംകൃഷി സമ്പ്രദായങ്ങളെ നിർമ്മാർജ്ജനം ചെയ്തു. പാരമ്പര്യ പച്ചമരുന്നുകൾ വനപ്രദേശങ്ങളിൽ നിന്നു അപ്രത്യക്ഷമായി. പുനംകൃഷിയിലെ പ്രധാന ഉൽപന്നങ്ങളായ മുത്താറി, തിന എന്നിവയിൽ നിന്നും വനത്തിലെ ഇലക്കറികളിൽ നിന്നും ലഭിച്ചിരുന്ന പോഷകങ്ങളുടെ നഷ്ടം ആദിവാസികളുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിച്ചു.

കുടിയേറ്റക്കാരുടെ ഇടപെടലുകൾ ആദിവാസികളുടെ പരമ്പരാഗത രാഷ്ട്രീയ സമൂഹ്യ വ്യവസ്ഥയേയും, ഊരുമൂപ്പൻ-നേതൃത്വസംവിധാനത്തേയും നഷ്ടപ്പെടുത്തി. ഈ വിധത്തിൽ ആദിവാസിയുടെ ആവാസനഷ്ടം അവരുടെ സംസ്ക്കാരിക നഷ്ടവും സ്വത്വനഷ്ടവും ആയിത്തീർന്നു. ഈ രീതിയിൽ ആദിവാസി എന്ന പദത്തിനു പുറംലോകം ഇന്നു നൽകി

യിരിക്കുന്ന വൃത്തിഹീനരും അപരിഷ്കൃതരുമെന്ന തലത്തിലേയ്ക്കു ഇവർ രൂപാന്തരപ്പെട്ടു.

## 4.3. ആദിവാസി സമൂഹസാന്നിധ്യം മലയാളസാഹിത്യത്തിൽ

ആദിവാസികളുടെ ജീവിതാവസ്ഥകളെ സത്യസന്ധമായി തിരിച്ചറിയുവാൻ പുറംലോകം ശ്രമിച്ചിട്ടില്ല. അതുകൊണ്ടു തന്നെ മുഖ്യധാരാ സാഹിത്യവ്യാപാരങ്ങൾക്കകത്ത് ഈ സമൂഹത്തിനു വലിയ സ്ഥാനമൊന്നും ഉണ്ടായിരുന്നില്ല. 18-ാം നൂറ്റാണ്ടിലെ കാല്പനിക ഫ്രഞ്ചു ചിന്തകനായ റൂസ്സോയാണ് പ്രകൃതിയുമായി രമ്യതയിൽ കഴിഞ്ഞിരുന്ന കുലീനനായ വനവാസിയുടെ മേന്മകളെക്കുറിച്ച് ചിന്തിച്ചുതുടങ്ങിയത്. തുടർന്നുണ്ടായ സാഹിത്യകൃതികൾ ഈ മനോഭാവത്തെ പിന്തുടർന്നു എന്നു പറയുവാനാകില്ല. 'ടെമ്പസ്റ്റി'ൽ കാലിബൻ ആദിവാസികളെ കുടിലത, ക്രൂരത എന്നിവയുടെ പ്രതീകമായാണ് കാണുന്നത്. മുഖ്യധാരാസാഹിത്യം പിൻതുടർന്ന് വന്ന ഈ മനോഭാവത്തിനു കഴിഞ്ഞ ഒരു നൂറ്റാണ്ടോടെ വലിയ മാറ്റങ്ങൾ വന്നുചേർന്നു. വനവാസികളോട് ഒരുതരം കാല്പനിക പ്രണയം പുലർത്തുന്ന സാഹിത്യകൃതികൾ കഴിഞ്ഞ നൂറ്റാണ്ടിൽ ലോകസാഹിത്യത്തിലുണ്ടായിട്ടുണ്ട്. ഇത്തരം കൃതികളിൽ ആദിവാസികളെ പ്രപഞ്ചദാർശനികരോ പരിസ്ഥിതി സംരക്ഷകരോ ആയി ആദർശവൽക്കരിക്കാൻ നടത്തുന്ന ശ്രമങ്ങൾ കാണാം. എന്നാൽ വരുത്തന്മാരാൽ എഴുതപ്പെട്ട ആദിവാസി സാഹിത്യത്തിന് ഒരു പരിധിക്കപ്പുറം സത്യസന്ധത പുലർത്താനായിട്ടില്ല. ലോകസാഹിത്യത്തിൽ വെളുത്തവർഗ്ഗക്കാരല്ലാതെ റെഡ് ഇന്ത്യക്കാർ തന്നെ എഴുതിത്തുടങ്ങിയപ്പോഴാണ് ആദിവാസികളുടെ യഥാർത്ഥ ജീവിതാവിഷ്ക്കാരങ്ങൾ സാഹിത്യം ഉടലെടുത്തത്.

ഈ വിഷയത്തെ ഏറ്റവും ഗൗരവമായി ചൂണ്ടിക്കാണിക്കുന്ന ഗ്രന്ഥമാണ് 1988-ൽ ഗായത്രി സ്പിവാക്ക് ചക്രവർത്തി (Gayathri Spivak Chakravarthi) പുറത്തിറക്കിയ കാൻ സബാൾട്ടേറൻ സ്പീക്ക് (Can Subalteran Speak) എന്ന ഗ്രന്ഥം. കീഴാളപഠനസംഘം (Subalteran Studies Group) എന്ന ഭാരതീയ ചരിത്രകാരന്മാരുടെ കൂട്ടായ്മയെ തന്റെ പഠനത്തിന്റെ മുന്നോടിയായി ഗായത്രി സ്പിവാക്ക് പരാമർശിക്കുന്നു. ഭാരതീയ ദേശീയതയെ സാധാരണ ജനങ്ങളുടെ പരിപ്രേക്ഷ്യത്തിലൂടെ വിശദീകരിക്കേണ്ടതിന്റെ ആവശ്യകതയാണ് ഈ കൂട്ടായ്മ ഓർമ്മിപ്പിക്കുന്നത്. ഈ ഗ്രന്ഥത്തിൽ ഗായത്രി സ്പിവാക്ക് കീഴാളവർഗ്ഗം അവരുടെ പീഡ

നങ്ങൾ പ്രകാശിതമാക്കാനുള്ള വഴികൾ എങ്ങനെ ആരായുന്നു എന്നു കണ്ടെത്താൻ ശ്രമിക്കുന്നു. ബുദ്ധിജീവികൾ കീഴാളവർഗ്ഗത്തിന്റെ ശബ്ദത്തിന് ഇടംനൽകാൻ ശ്രമിക്കാറുണ്ട്. പക്ഷേ, ഇത്തരം അവസരങ്ങളിലും ബുദ്ധിജീവികളുടെ പദവി പല പ്രശ്നങ്ങളും സൃഷ്ടിക്കുന്നു. ഉത്പതിഷ്ണുവായ ബുദ്ധിജീവിക്ക് പലപ്പോഴും വരേണ്യരല്ലാത്തവരുടെ പ്രാതിനിധ്യം തന്റെ രചനയിൽ ഉൾപ്പെടുത്തേണ്ടിവരും. പക്ഷേ, ഈ പ്രാതിനിധ്യം ഒരിക്കലും കീഴാളരുടെ തനതായ ഭാഷണത്തേയും പ്രാതിനിധ്യത്തേയും അനുവദിക്കുന്നില്ല. മറിച്ച്, ഇത്തരം സന്ദർഭങ്ങളിൽ ഈ വരേണ്യ ബുദ്ധിജീവി കീഴാളവർഗ്ഗത്തെ കേവലമൊരു വിഷയം (Subject) എന്ന സ്ഥാനത്ത് പ്രതിഷ്ഠിക്കുകയാണ് ചെയ്യുന്നത്. ഇതിലൂടെ ബുദ്ധിജീവി കീഴാളരെ കൂടുതൽ അധിനിവേശപ്പെടുത്തുകയാണ് ചെയ്യുന്നതെന്നു ഗായത്രി സ്പിവാക്ക് നിരീക്ഷിക്കുന്നു. കീഴാളരുടെ പ്രതിരോധം രേഖപ്പെടുത്തുന്ന പഠനങ്ങളിലും കീഴാളപ്രതിനിധാനത്തിന്റെ രാഷ്ട്രീയവും പ്രതിനിധാനത്തിനായി ഉപയോഗിച്ചിരിക്കുന്ന ഭാഷയുടെ സ്വഭാവവും ശ്രദ്ധിക്കേണ്ടതുണ്ടെന്ന് ഇവർ ഓർമ്മിപ്പിക്കുന്നു. ചുരുക്കത്തിൽ കീഴാളർക്കുവേണ്ടി സംസാരിക്കുമ്പോൾ വക്താവിന്റെ പദവിയുടെ വൈശിഷ്ട്യം പ്രമേയത്തെ എങ്ങനെയെല്ലാം നിയന്ത്രിക്കുന്നു എന്നാണ് ഗായത്രി സ്പിവാക്ക് ഈ ഗ്രന്ഥത്തിലൂടെ അന്വേഷിക്കുന്നത്.

മലയാളത്തിൽ ആദിവാസിസമൂഹ ചിത്രീകരണത്തിലൂടെ ശ്രദ്ധേയനാകുന്നത് ശ്രീ. കെ. പാനൂരാണ്. 'കേരളത്തിലെ ആഫ്രിക്ക', 'കേരളത്തിലെ അമേരിക്ക', 'മലകൾ, താഴ്വരകൾ മനുഷ്യർ', 'സഹ്യന്റെ മക്കൾ' എന്നീ സോദ്ദേശ്യകൃതികളിലൂടെ വ്യത്യസ്ത ആദിവാസി ഗോത്രങ്ങളേയും അവരുടെ ജീവിതരീതികളേയും പരിചയപ്പെടുത്തുകയും അധിനിവേശങ്ങൾ നിസ്സഹായരാക്കിയ അവരുടെ ജീവിതപരിതസ്ഥിതികളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുകയും അവർക്കു നൽകേണ്ട പരിഗണനകളെക്കുറിച്ച് ഓർമ്മപ്പെടുത്തുകയും ചെയ്തിരിക്കുന്നു. പൊതുധാരയിൽ നിന്ന് ഒഴിച്ചുനിർത്തപ്പെട്ട ഒരു സമൂഹത്തോട് നടത്തുന്ന ധാർമ്മിക ഉത്തരവാദിത്വങ്ങളുടെ തിരിച്ചറിയലായി ഈ ഗ്രന്ഥങ്ങളെ വിലയിരുത്താം.

ഇത്രയും കാലത്തെ മലയാള സാഹിത്യചരിത്രം പരിശോധിച്ചാൽ സർഗ്ഗാത്മക സാഹിത്യത്തിൽ ആദിവാസി സമൂഹത്തെ വിഷയമാക്കിയ രചനകൾ വളരെ ചെറിയൊരു ശതമാനം മാത്രമാണെന്നു കാണാം. മലയാറ്റൂർ രാമകൃഷ്ണന്റെ 'പൊന്നി', പി. വത്സലയുടെ

'നെല്ല്', 'കൂമൻകൊല്ലി', 'ആഗ്നേയം', 'റോസ്മേരിയുടെ ആകാശങ്ങൾ', കെ.ജെ. ബേബിയുടെ 'മാവേലിമന്റം', നാരായന്റെ 'കൊച്ചേരത്തി', 'ഊരാളിക്കുടി', 'നിസ്സഹായന്റെ നിലവിളി', ടി.സി. ജോണിന്റെ 'നെല്ല', 'ഉറാട്ടി', ജോസ് മുട്ടത്തിന്റെ 'കുമ്പളത്തൊടി' എന്നീ നോവലുകളും കോവിലന്റെ 'ദി ടെന്റ് കേരള', പി. വത്സലയുടെ 'പേമ്പി', 'വിശപ്പ്', 'പംഗാരുപുഷ്പത്തിന്റെ തേൻ', 'കണ്ണാമന്റെ പോത്തുകൾ', 'പ്രസ് കോൺഫറൻസ്' തുടങ്ങിയവയും, എൻ.എസ്. മാധവന്റെ 'ഹിഗ്വിറ്റ', പി.കെ. നാണുവിന്റെ 'ഒരു ആദിവാസി ബാലന്റെ ആത്മകഥയിൽ നിന്ന്', എ.എം. വാസുദേവൻ പിള്ളയുടെ 'കുട്ടങ്കാണി എന്ന ആദിവാസി', സാറാ ജോസഫിന്റെ 'അട്ടപ്പാടി' എന്നീ ചെറുകഥകളും സച്ചിദാനന്ദന്റെ 'വയനാട്ടിലെ അടിയാത്തി', സുഗതകുമാരിയുടെ 'ആദിവാസി സാക്ഷരത' എന്നീ കവിതകളും ഇബ്രാഹിം വെങ്ങരയുടെ 'സംഘം ചേരുക', കെ.ജെ. ബേബിയുടെ 'നാടുഗദ്ദിക', 'ഗുഡ' എന്നീ നാടകങ്ങളും ഈ വിഷയത്തെ ആധാരമാക്കി രചിച്ച കൃതികളാണ്.

നടേ പരാമർശിച്ച എഴുത്തുകാരിൽ ഈ വിഷയത്തെ മുൻനിർത്തി പരിശോധിക്കുമ്പോൾ പി. വത്സലയ്ക്കു സവിശേഷ സ്ഥാനമുണ്ട്. മലയാളത്തിൽ ആദിവാസി സമൂഹത്തെ ആഖ്യാനം ചെയ്ത എഴുത്തുകാരിൽ അഗ്രഗണ്യയായി പല നിരൂപകരും വിലയിരുത്തുന്നത് പി. വത്സലയെയാണ്. എം. ലീലാവതിയുടേയും മധുസൂദനന്റെയും വാക്കുകൾ ശ്രദ്ധേയങ്ങളാണ്.

> *"ആദിവാസികളുടെ ചിത്രവും ചരിത്രവും മറ്റ് മലയാളകൃതികളിൽ മുമ്പ് പ്രതിപാദിച്ചിട്ടുണ്ടെങ്കിലും ഇത്രയേറെ സൂക്ഷ്മനിരീക്ഷണഫലമായ ദൃശ്യസമ്പന്നത അവകാശപ്പെടാവുന്ന മറ്റൊരു കൃതി ഉണ്ടായിട്ടില്ല".*[3]
>
> *"ഇന്ത്യയിലുണ്ടായ ആദിവാസി സാഹിത്യവും വരുത്തന്മാരാൽ എഴുതപ്പെട്ടതാണ്. മലയാളത്തിലെ സ്ഥിതിയും വ്യത്യസ്തമല്ല. ഒരു നൂറ്റാണ്ടു കാലത്തെ സാഹിത്യ ചരിത്രത്തിൽ ആകെയുള്ളത് പി. വത്സലയുടെ കൃതികളും കെ.ജെ. ബേബിയുടെ 'മാവേലിമന്റം' എന്ന നോവലും നാരായന്റെ 'കൊച്ചേരത്തി' എന്ന നോവലുമാണ്."*[4]

ഈ ഉദ്ധരണികളിൽ നിന്നു ആദിവാസിസമൂഹത്തെ ഇതിവൃത്തമാക്കുന്ന ശ്രദ്ധേയമായ ആദ്യനോവലായി ഈ നിരൂപകർ 'നെല്ലി'നെയാണ് വിലയിരുത്തുന്നതെന്നു മനസ്സിലാക്കാം. 'നെല്ലി'നു മുമ്പുതന്നെ പ്രസിദ്ധീകരിച്ച നോവലാണ് 'പൊന്നി'. ഈ വിഷയത്തെ അധികരിച്ച് എഴുതപ്പെട്ട ശ്രദ്ധേയമായ നോവലുകളിൽ ചരിത്രപരമായി പ്രഥമസ്ഥാനമുള്ളതുകൊണ്ട് 'പൊന്നി' എന്ന നോവൽ അപഗ്രഥിക്കുന്നത് പ്രസക്തമാണ്.

1967-ൽ പ്രസിദ്ധീകരിച്ച മലയാറ്റൂർ രാമകൃഷ്ണന്റെ 'പൊന്നി' തീർത്തും ഒരു പ്രണയകഥയാണ്. ഇതിലെ കഥാപാത്രങ്ങൾ ആദിവാസികളാണ്. പാലക്കാട് ജില്ലയിലെ അട്ടപ്പാടി ആദിവാസി മേഖലയാണ് ഈ നോവലിന്റെ പശ്ചാത്തലമാകുന്നത്. മുഡുഗ ഗോത്രത്തിൽ ജനിച്ച പൊന്നിയാണ് ഈ നോവലിലെ നായിക. അവൾ കൂട്ടത്തിലെ മറ്റ് പെൺകുട്ടികളിൽ നിന്നെല്ലാം വ്യത്യസ്തയായി, എഴുത്തും വായനയും അറിയുന്നവളും ജീവിതത്തിൽ പരിഷ്ക്കാരങ്ങളെ സ്വാഗതം ചെയ്യുന്നവളുമാണ്. സുന്ദരിയായ പൊന്നിയെ അതേ ഗ്രാമത്തിലെ മിടുക്കൻ കൃഷിക്കാരനായ ചെല്ലൻ പ്രണയിക്കുന്നുണ്ടെങ്കിലും പൊന്നി അവരുടെ ഗോത്രം ആജന്മശത്രുത വച്ചുപുലർത്തുന്ന കരുവാര ഇരുള ഗോത്രത്തിലെ മാരനെയാണ് പ്രണയിക്കുന്നത്. ഈ പ്രണയങ്ങളിൽ വന്നുചേരുന്ന സംഭവബഹുലങ്ങളായ ഒട്ടേറെ നാടകീയ മുഹൂർത്തങ്ങളിലൂടെ വികാസം കൊള്ളുന്ന നോവൽ, പൊന്നിയുടെ അപകടമരണം എന്ന ദുരന്തത്തിൽ അവസാനിക്കുന്നു. ആദിവാസി സമൂഹത്തിന്റെ ആചാരങ്ങളും വിശ്വാസങ്ങളും മാമൂലുകളും നോവലിന്റെ കഥാശില്പത്തിൽ ഘടിപ്പിച്ചിട്ടുണ്ട്. ഇവയാണ് യഥാർത്ഥത്തിൽ കഥാഗതിയെ നിയന്ത്രിക്കുന്നത്. എങ്കിലും നിഷ്ക്കളങ്കമായ ഒരു സമൂഹത്തിന്റെ വിശ്വാസപ്രമാണങ്ങളെന്ന രീതിയിൽ ഇവയെ ആവിഷ്ക്കരിക്കുവാൻ നോവലിസ്റ്റിനു സാധിച്ചിട്ടില്ല. വ്യത്യസ്ത ഗോത്രത്തിലെ സ്ത്രീപുരുഷന്മാർ തമ്മിൽ വിവാഹിതരായിക്കൂടാ എന്ന ഗോത്രനിയമമാണ് പൊന്നിയുടേയും മാരന്റേയും പ്രണയസാഫല്യത്തിനു വിഘാതമാകുന്നത്. ഇത്തരം ആചാരവിശ്വാസങ്ങളെ ദൃഢപ്പെടുത്തുന്ന ഒട്ടനവധി കെട്ടുകഥകളും ഗോത്രങ്ങൾക്കുള്ളിലുള്ളതായി ആഖ്യാനം ചെയ്യപ്പെട്ടിട്ടുണ്ട്. ഗോത്രത്തിന്റെ പ്രശ്നങ്ങൾക്കു കൂടിയാലോചനകളും തീർപ്പുകളും കല്പിക്കുന്ന ഊരുകൂട്ടത്തിന്റേയും ഗോത്രമൂപ്പന്റേയും ചിത്രങ്ങളും നോവലിൽ ആവിഷ്ക്കരിച്ചിട്ടുണ്ട്. എങ്കിലും കഥാസന്ദർഭങ്ങളും

ഇതിവൃത്തപശ്ചാത്തലങ്ങളുമായി നോവലിലെ പല കഥാപാത്രങ്ങളും പൊരുത്തപ്പെടുന്നില്ല. പൊന്നി, മാരൻ എന്നീ നായികാനായകന്മാരെ നോവലിസ്റ്റ് ആദർശവൽക്കരിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. ഈ കഥാപാത്രങ്ങൾ ആദിവാസി ഗോത്രത്തിലുൾപ്പെടുന്നവരാണ് എന്നത് ഇതിവൃത്തത്തിൽ ആഖ്യാനം ചെയ്യപ്പെടുന്ന കേവലവസ്തുത മാത്രമാകുന്നു. ഇവരുടെ പെരുമാറ്റ രീതികളും സംസാര വ്യാപാരങ്ങളും ആ പശ്ചാത്തലത്തിൽ നിന്നു തീർത്തും അകന്നു നിൽക്കുന്നു. എന്നാൽ ഉത്പതിഷ്ണുക്കളായ യുവജനങ്ങളുടെ പ്രതീകങ്ങളായും ഇവരെ വിലയിരുത്താനാകില്ല. അത്തരം ധീരമായ ചെറുത്തുനിൽപുകളോ പ്രതിഷേധങ്ങളോ ഈ കഥാപാത്രങ്ങളിൽ നിന്നുണ്ടാകുന്നില്ല. മാരൻ, പൊന്നിയും പൊന്നിയുടെ ഗോത്രവും വിശ്വസിക്കുന്ന ആചാരങ്ങളേയും വിശ്വാസങ്ങളേയും തള്ളിപ്പറയുന്നുണ്ട്. അന്ധവിശ്വാസങ്ങളോട് മാരൻ, പ്രദർശിപ്പിക്കുന്ന ഈ നിരാസം ഇരുഗോത്രങ്ങൾ തമ്മിൽ തലമുറകളായി നിലനിൽക്കുന്ന സ്പർദ്ധയുടെ ബഹിസ്ഫുരണം മാത്രമായേ വിലയിരുത്താനാകൂ. തന്റെ പ്രശ്നങ്ങൾക്കു മല്ലീശ്വരൻമുടിയിലെ അടയാളങ്ങൾ വഴി മറുപടി ലഭിക്കുമെന്നു പ്രതീക്ഷിച്ച് കണ്ണടച്ചിരിക്കുന്ന പൊന്നി മറ്റൊരു സന്ദർഭത്തിൽ വലിയൊരു ഊരുകൂട്ടത്തിന്റെ മുമ്പിൽ നിന്ന് അവരുടെയെല്ലാം ശത്രുവായ സ്വന്തം കാമുകനുവേണ്ടി കലക്ടറോട് സഹായം അഭ്യർത്ഥിക്കുന്ന ധീരത കാണിക്കുന്നു എന്നത് ആ കഥാപാത്രത്തിന്റെ വിശ്വാസ്യതയെ ചോദ്യം ചെയ്യുന്ന ഒന്നാണ്. നോവലിലെ ബൊമ്മൻ എന്ന കഥാപാത്രത്തേയും ഇതേ രീതിയിൽ അപഗ്രഥിക്കേണ്ടതുണ്ട്. പുറംലോകത്തിന്റെ തന്ത്രങ്ങളായ, സ്വാർത്ഥലാഭത്തിനായി അധികാരിവർഗ്ഗത്തെ സ്വാധീനപ്പെടുത്തലും, അധികാരമുപയോഗിച്ച് നടത്തുന്ന ചൂഷണങ്ങളും ആദിവാസിസമൂഹത്തിലും കടന്നാക്രമണം നടത്തിയിട്ടുണ്ട് എന്നുള്ളത് വാസ്തവമാണ്. എങ്കിലും ഈ നോവലിൽ ആഖ്യാനം ചെയ്യപ്പെടുന്ന കഥാസന്ദർഭങ്ങളുടെ കാലഘട്ടത്തിൽ ബൊമ്മനെപ്പോലെ കപടതന്ത്രങ്ങളും കുടിലതകളുമുള്ള ഒരു ആദിവാസി ദൈവ പ്രതിനിധിയെ സങ്കല്പിക്കുവാൻ പ്രയാസമാണ്. കഥാഘടനയിൽ നാടകീയ സന്ദർഭങ്ങളൊരുക്കുവാൻ അതിഭാവുകത്വത്തിന്റെ കടുത്ത നിറക്കൂട്ടുകളിൽ നിർമ്മിച്ചെടുത്ത ഒരു കഥാപാത്രമായി മാത്രമേ ബൊമ്മനെ വിലയിരുത്താനാകൂ.

ഈ നോവലിലൂടെ അഭിവ്യക്തമാകുന്ന നോവലിസ്റ്റിന്റെ നിലപാടുകളേയും വിശകലനം

ചെയ്യേണ്ടതുണ്ട്. അന്നുവരെ മറ്റാരും തിരിച്ചറിയാൻ ശ്രമിക്കാതിരുന്ന ഒരു സമൂഹത്തിന്റെ പ്രസക്തിയും പ്രാധാന്യവും ആഖ്യാനം ചെയ്യുക എന്ന ധർമ്മം നോവലിസ്റ്റ് ഏറ്റെടുക്കുന്നില്ല. ഈ നോവൽ ഒരു പ്രണയകഥ വ്യത്യസ്ത പശ്ചാത്തലത്തിൽ അവതരിപ്പിക്കുന്നു എന്നു മാത്രമേ പറയാനാകൂ. ആവിഷ്ക്കരിച്ചിരിക്കുന്ന കഥാപാത്രങ്ങളുടെ സാമൂഹ്യ സംസ്ക്കാരിക പശ്ചാത്തലങ്ങൾ കഥാപാത്രങ്ങളുടേയോ കഥാഘടനയുടേയോ ശക്തമായ സ്വാധീനപാഠങ്ങളായി വികസിപ്പിക്കുന്നതിൽ നോവലിസ്റ്റ് വിമുഖനാണ്. അതുകൊണ്ടു തന്നെ ഈ സമൂഹത്തിന്റെ യഥാതഥചിത്രങ്ങളൊന്നും നോവലിൽ നിന്നു ലഭിക്കുന്നില്ല.

ഈ ഗോത്രത്തിന്റെ തനതായ ആചാര ആഘോഷങ്ങളെക്കുറിച്ചുള്ള പരാമർശങ്ങൾ നോവലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പക്ഷേ നോവലിൽ പരാമർശിക്കുന്ന ആഘോഷ ആചാരങ്ങളെല്ലാം തീർത്തും വൈകാരികമായ ശാരീരികാഘോഷങ്ങളുടെ മാത്രം വിവരണങ്ങളായി വികൃതമായിരിക്കുകയാണ്. ഇതല്ലാതെ സൂചിത സമൂഹത്തിന്റെ സ്വത്വാവിഷ്ക്കാരങ്ങളെക്കുറിച്ചുള്ള പരാമർശങ്ങളൊന്നും തന്നെ നോവലിൽ കണ്ടെത്താനാകില്ല. പുറംലോകത്തിന്റെ നിയമങ്ങളും താൽപര്യങ്ങളും, ആദിവാസി സമൂഹത്തിന്റെ പരമ്പരാഗത ജീവിതാവസ്ഥകളിൽ നടത്തുന്ന കയ്യേറ്റങ്ങളും ചൂഷണങ്ങളും, നോവലിൽ സാന്ദർഭികമായി ആഖ്യാനം ചെയ്യുന്നുണ്ടെങ്കിലും അവയെ കഥാഘടനയോട് വൈകാരികമായി ചേർത്തുനിർത്തുവാൻ നോവലിസ്റ്റിനാകുന്നില്ല. നോവൽ ഗാത്രത്തിൽ നിന്നകന്നു നിൽക്കുന്ന ഈ പാഠങ്ങൾ ഔദ്യോഗിക രേഖകളുടെ സ്വഭാവമാണ് പ്രകടമാക്കുന്നത്.

നോവലിന്റെ അവസാനത്തിൽ ഗോത്രവിലക്കുകളെ ഭേദിച്ച് പുറംലോകത്തിന്റെ സ്വാതന്ത്ര്യമനുഭവിക്കുവാൻ തയ്യാറെടുക്കുന്ന പൊന്നി അപ്രതീക്ഷിതമായ പ്രകൃതിക്ഷോഭത്തിൽ മരണമടയുന്നു. ഇത്തരമൊരു ചിത്രീകരണത്തിലൂടെ, അജ്ഞതകൊണ്ട് സ്വയം വിലങ്ങുകൾ തീർക്കുന്ന ആദിവാസിയുടെ അന്ധവിശ്വാസങ്ങൾക്കും മാമൂലുകൾക്കും നോവലിസ്റ്റ് ന്യായീകരണവും ഐക്യദാർഢ്യവും നൽകുകയാണെന്നു പറയേണ്ടിയിരിക്കുന്നു.

ചുരുക്കത്തിൽ മുഖ്യധാരാ സമൂഹം അവഗണിച്ച ഒരു സമൂഹത്തിൽ നിന്നു പശ്ചാത്തലവും കഥാപാത്രങ്ങളും സ്വീകരിച്ചു എന്നതിനപ്പുറം ആ സമൂഹത്തോട് പുലർത്തേണ്ട ധാർമ്മിക ഉത്തരവാദിത്വങ്ങളിലേയ്ക്കൊന്നും ഈ നോവൽ പ്രവേശിക്കുന്നില്ല. ഇതരസമൂ

ഹങ്ങളിൽ നിന്നു വിഭിന്നമായ വേഷഭാഷ ആചാരങ്ങളിൽ ജീവിക്കുന്ന ഒരു സമൂഹത്തെ അകന്നു നിന്നു വീക്ഷിക്കുമ്പോഴുള്ള ആകാംക്ഷാജന്യമായ വെറുമൊരു കൗതുകമനോ ഭാവം മാത്രമാണ് ഈ നോവൽ നൽകുന്ന പാഠം. ഇത്തരം രചനകളെ ഗായത്രിസ്പി വാക്ക് ആരോപിക്കുന്ന, കീഴാളവർഗ്ഗത്തെ കേവലവിഷയ(Subject)മാക്കിയ രചനകളെന്ന് വിലയിരുത്താം. ഈ ആഖ്യാനങ്ങളിൽ നിന്നു വിഭിന്നമായി ആദിവാസി ഗോത്രജീവിത ത്തിലേയ്ക്കു ഇറങ്ങിച്ചെല്ലുന്നവയാണ് പി. വത്സലയുടെ 'നെല്ലും' അനുബന്ധകൃതികളും. ദൂരക്കാഴ്ചയിൽ കാണുന്ന അബദ്ധദൃശ്യങ്ങളുടെ കാല്പനികാവിഷ്ക്കാരമാണ് 'പൊന്നി'യെങ്കിൽ സൂക്ഷ്മനിരീക്ഷണങ്ങളിലൂടെ അറിഞ്ഞ യാഥാർത്ഥ്യങ്ങളുടെ സത്യക ഥനമാണ് വത്സലയുടെ കൃതികളിലെ ആദിവാസിപാഠങ്ങൾ എന്നു പറയാം. തുടർന്ന് ആദി വാസി പരാമർശങ്ങൾ ഉൾക്കൊള്ളുന്ന പി. വത്സലയുടെ നോവലുകളെ വിശദമായി അപ ഗ്രഥിക്കുന്നു.

## 4.4. ആദിവാസി സമൂഹപരാമർശങ്ങൾ പി. വത്സലയുടെ നോവലുകളിൽ

ആദിവാസി സമൂഹത്തിന്റെ യഥാതഥമായ ജീവിതചിത്രീകരണങ്ങൾ നിർവ്വഹിച്ചവ എന്ന നിലയിലാണ് മലയാള നോവൽ സാഹിത്യചരിത്രത്തിൽ പി. വത്സലയുടെ 'നെല്ലും','കൂമൻകൊല്ലി'യും പ്രസക്തമാകുന്നത്. ഈ നോവലുകളിലൂടെ കാടിന്റെ അതിരു കളിൽ നിന്നു കൗതുകപൂർവ്വം വീക്ഷിക്കപ്പെടേണ്ട ഒരു ജനത എന്നതിൽ നിന്നു മാറി ആദിവാസികളെ അവരുടെ പാടികളിലേയ്ക്കു ഇറങ്ങിച്ചെന്നു നോവലിസ്റ്റ് അനുഭവിച്ചറി യുന്നുണ്ട്. അതുകൊണ്ട് ഈ നോവലുകളിൽ ആദിവാസികളുടെ ജീവിതവും സംസ്ക്കാ രവും അവർ നേരിടുന്ന ചൂഷണങ്ങളും, ആ ചൂഷണങ്ങളോട് നോവലിസ്റ്റിനുള്ള എതിർപ്പുമെല്ലാം ദർശിക്കാം.

പി. വത്സലയുടെ നോവലുകളിൽ 'നെല്ല്', 'കൂമൻകൊല്ലി', 'ആഗ്നേയം', 'റോസ്മേരിയുടെ ആകാശങ്ങൾ', എന്നീ നോവലുകളിലാണ് ആദിവാസി സമൂഹം പ്രത്യക്ഷപ്പെടുന്നത്. 'നെല്ല്' എന്ന നോവലിന്റെ കേന്ദ്രഘടന തന്നെ ആദിവാസി കഥാപാത്രങ്ങളും അവരുടെ ജീവിത വുമാണ്. 'നെല്ലി'ൽ ഗോത്രജീവിത പരിസരങ്ങളുടെ സത്യസന്ധമായ ആവിഷ്ക്കാരം നട

ത്തിയിരിക്കുന്നു. ഈ രീതിയ്ക്കു യുക്തിസഹമായി ആദിവാസികളുടെ ആചാരങ്ങളും വിശ്വാസങ്ങളും ആഘോഷങ്ങളും വിലക്കുകളും നോവലിന്റെ ശില്പത്തിൽ ഘടിപ്പിച്ചിട്ടുണ്ട്. ആദിവാസികൾ അനുഭവിക്കുന്ന ചൂഷണങ്ങളോട് വിശദമായി സംവദിക്കുന്ന ഈ നോവലിൽ ആദിവാസികൾക്കു നേരെയുള്ള ആർത്ഥിക ചൂഷണങ്ങൾക്കാണ് പ്രാമുഖ്യം നൽകിയിരിക്കുന്നത്. ഇതിവൃത്തവിഷയമാക്കിയിരിക്കുന്ന ഗോത്രത്തിന്റെ സാംസ്ക്കാരികത്തനിമകളെ വിവരിക്കുമ്പോഴും, ഓരോ ആചാരവും മാറിയ ജീവിതസാഹചര്യങ്ങളിൽ അവർക്കു തന്നെ ബാധ്യതയാകുന്നത് നോവലിൽ സൂചിതമാകുന്നുണ്ട്. 'നെല്ലി'നുശേഷം എഴുതിയ 'കൂമൻകൊല്ലി'യിൽ ആദിവാസികളുടെ മേൽ നടത്തുന്ന സംസ്ക്കാരിക ചൂഷണങ്ങളെക്കുറിച്ചുള്ള പരാമർശങ്ങളുണ്ട്. ഒരു ഗോത്രസമൂഹം എന്താണെന്നും, എങ്ങനെയാണതു നിലനിൽക്കേണ്ടത് എന്നുമുള്ള കുറേക്കൂടി ശാസ്ത്രീയമായ കാഴ്ചപ്പാടുകൾ 'കൂമൻകൊല്ലി' പ്രദർശിപ്പിക്കുന്നുണ്ട്. പൊതുധാരയിൽ നിന്നു മാറ്റിനിർത്തിയ ഒരു സമൂഹം എന്ന രീതിയിലാണ് 'നെല്ലി'ൽ ആദിവാസികളെ ചിത്രീകരിച്ചിട്ടുള്ളതെങ്കിൽ, 'കൂമൻകൊല്ലി'യിൽ സമൂഹത്തിലെ വോട്ടവകാശമുള്ള പൗരന്മാർ എന്ന നിലയിൽ ഇവരെ വിലയിരുത്താൻ ചിലരെങ്കിലും സന്നദ്ധത പ്രകടിപ്പിക്കുന്ന രീതിയാണ്, ആദിവാസികളെ ചിത്രീകരിക്കുന്നതിൽ നോവലിസ്റ്റ് അവലംബിച്ചിരിക്കുന്നത്. 'റോസ്മേരിയുടെ ആകാശങ്ങളി'ലെ പശ്ചാത്തലം കേരളമല്ല. എങ്കിലും കേന്ദ്രകഥാപാത്രം ആദിവാസി ഗോത്രത്തിൽ വേരുകളാഴ്ന്നു നിൽക്കുന്ന വ്യക്തിയാണ്. ഈ വ്യക്തിയിലൂടെ ഒരു ഗോത്രം അനുഭവിക്കുന്ന സാംസ്ക്കാരിക മാനസിക പ്രശ്നങ്ങളെ നോവലിൽ ആവിഷ്ക്കരിക്കുന്നു. 'നെല്ലി'ലേയും 'കൂമൻകൊല്ലി'യിലേയും കഥാപാത്രങ്ങൾ അതതു ഗോത്രങ്ങൾ നേരിടുന്ന ചൂഷണങ്ങളുടെ പ്രതീകങ്ങളാണെങ്കിൽ 'റോസ്മേരിയുടെ ആകാശങ്ങ'ളിലെ നായകകഥാപാത്രമായ ഫാദർ യെൽസങ്കി ഗോത്രപ്രതിസന്ധികളിലേയ്ക്കു ശ്രദ്ധ തിരിപ്പിക്കുന്ന സൂചകമാണ്. ഈ നോവലിൽ ആദിവാസിയുടെ സ്വത്വാന്വേഷണത്തിനാണ് പ്രാധാന്യവും പ്രസക്തിയും നൽകിയിരിക്കുന്നത്. 'ആഗ്നേയം' എന്ന നോവലിന്റെ കേന്ദ്രപ്രമേയം വിപ്ലവപ്രസ്ഥാനമാണ്. ഇതിനായി തെരഞ്ഞെടുക്കുന്നതു ആദിവാസി ഇടങ്ങളാണെന്നതും വിപ്ലവങ്ങൾ നടത്തുന്നതു ആത്യന്തികമായും ഈ വർഗ്ഗത്തെക്കൂടി ഉദ്ദേശിച്ചിട്ടാണ് എന്നുള്ളതുമാണ് ഈ നോവലിന്

ഈ വിഷയവുമായുള്ള ബന്ധം. അതുകൊണ്ട് 'ആഗ്നേയ'ത്തിന്റെ പ്രത്യക്ഷവായനയിൽ ആദിവാസി ഗോത്രപരാമർശങ്ങളോ പാഠങ്ങളോ അധികമായി കണ്ടെത്താനാകില്ല.

## 4.5 ആദിവാസി കഥാപാത്രങ്ങൾ

'നെല്ല്','കൂമൻ കൊല്ലി', 'റോസ്മേരിയുടെ ആകാശങ്ങൾ' എന്നീ മൂന്നു നോവലുകളിലാണ് പ്രധാനമായും ആദിവാസി കഥാപാത്രങ്ങൾ കടന്നുവരുന്നത്. ഇതിൽ 'റോസ്മേരിയുടെ ആകാശങ്ങ'ളിലെ പശ്ചാത്തലം ബീഹാറായതിനാൽ ഇതിലെ കഥാപാത്രങ്ങളും ബീഹാർ വംശജരാണ്. മറ്റ് രണ്ട് നോവലുകളിലും പ്രധാനമായും അടിയാളർ എന്ന ആദിവാസി സമൂഹത്തെയാണ് ചിത്രീകരിച്ചിരിക്കുന്നത്. ഈ വർഗ്ഗത്തിനു പുറമെ കുറിച്യർ, പണിയർ എന്നീ സമൂഹങ്ങളെക്കുറിച്ചും പ്രസ്താവമുണ്ട്.

'നെല്ലി'ൽ പ്രത്യക്ഷപ്പെടുന്ന ഭൂരിഭാഗം കഥാപാത്രങ്ങളും ആദിവാസികളാണ്. മല്ലൻ, മാര, കുറുമാട്ടി, ചുണ്ടെലി, ജവനി, ഗോത്രമൂപ്പൻ, ജോഗി, ഇളതപൊട്ടൻ എന്നിങ്ങനെ ഈ നിര നീണ്ടുപോകുന്നു. കഥാഘടനയിൽ സ്വാധീനം ചെലുത്തി സ്വസ്ഥാനങ്ങൾ നിർണ്ണയിക്കുന്ന കഥാപാത്രങ്ങളായി മല്ലൻ, മാര, കുറുമാട്ടി, ചുണ്ടെലി, ഗോത്രമൂപ്പനും അധികാരികളും എന്നിവരെ മാത്രമേ ഗണിക്കാനാകൂ. 'കൂമൻകൊല്ലി'യിലെ കേന്ദ്രകഥാപാത്രം കൂമൻകൊല്ലി എന്ന ഇടംതന്നെയാണ്. ഈ ഇടത്തിലേയ്ക്കുള്ള അധിനിവേശങ്ങളാണ് നോവലിന്റെ പ്രധാന പ്രമേയം. അധിനിവേശങ്ങൾ കൃത്യമായ രണ്ട് വിഭാഗങ്ങളെ സൃഷ്ടിക്കുന്നു-നേടുന്നവരും നഷ്ടപ്പെടുന്നവരും. 'കൂമൻകൊല്ലി'യിൽ ഈ രണ്ടാമത്തെ വിഭാഗത്തിലുൾപ്പെടുന്നവരായാണ് ആദിവാസികഥാപാത്രങ്ങൾ പ്രത്യക്ഷപ്പെടുന്നത്. ബന്ദി, കുങ്കൻ, കുറിച്യൻ, കുങ്കൻ എന്നിവരാണ് ഈ നോവലിലെ ആദിവാസികൾ. കുറിച്യൻ ചന്തു, വട്ട എന്നിങ്ങനെയുള്ള പേരുകൾ നോവലിൽ സാന്ദർഭികമായി സൂചിപ്പിക്കുന്നുമുണ്ട്. 'റോസ്മേരിയുടെ ആകാശങ്ങളി'ൽ ആദിവാസികളുടെ സംഘടനാ പ്രവർത്തനങ്ങളെല്ലാം പരാമർശിക്കുന്നുണ്ടെങ്കിലും, സാന്നിധ്യംകൊണ്ടും വ്യാപാരം കൊണ്ടും കഥാപാത്രമായി പരിണമിക്കുന്നത് നായകകഥാപാത്രമായ ഫാദർ യൽസങ്കി മാത്രമാണ്. 'ആഗ്നേയ'ത്തിൽ കേന്ദ്രകഥാപാത്രമായ നങ്ങേമയുടെ ആശ്രിതരായ ചന്തൻ, ചന്തന്റെ ഭാര്യ ചമ്പ, ചാമി, ദുബ്ബു, കുറിച്യൻ കോരു, കുറിച്യത്തി കുങ്കി എന്നിവരെക്കുറിച്ച് പരാമർശിക്കുന്നുണ്ടെങ്കിലും നോവ

ലിൽ ഇവർക്കു കാര്യമായ പ്രസക്തിയില്ല.

തുടർന്ന് ഈ നോവലുകളിലെ ആദിവാസി ജീവിതചിത്രീകരണങ്ങളുടെ പ്രത്യക്ഷപാഠങ്ങളെ അപഗ്രഥിക്കുന്നു.

ഒരു സാഹിത്യകൃതിയിൽ ആദിവാസികളുടെ അധിവാസ മേഖലകൾ പശ്ചാത്തലമായി പ്രത്യക്ഷപ്പെട്ടതുകൊണ്ടോ, കഥാപാത്രങ്ങൾ ആദിവാസിഗോത്രങ്ങളിൽ ഉൾപ്പെട്ടതുകൊണ്ടോ ആ കൃതിയിൽ ഗോത്രസാന്നിധ്യം ആരോപിക്കുവാനാകില്ല. ഈ ഇടങ്ങളും അംഗങ്ങളും കൃതിയിൽ എങ്ങനെ അവതരിപ്പിക്കപ്പെടുന്നു എന്നുള്ളതു പരമപ്രധാനമാണ്. പി. വത്സലയുടെ നോവലുകളിൽ ഗോത്രസ്വഭാവങ്ങളേയും, ഗോത്രജനതയുടെ വർത്തമാനയാഥാർത്ഥ്യങ്ങളേയും യുക്തിഭദ്രമായും സത്യസന്ധമായും ആവിഷ്ക്കരിച്ചിരിക്കുന്നു. നോവലിലെ കേന്ദ്രകഥാപാത്രങ്ങളായി ഇവർ പ്രത്യക്ഷപ്പെടുന്ന ഇടങ്ങളിൽ ഇവർ ആദർശവൽക്കരിക്കപ്പെടുന്നില്ല. മറിച്ച് സമൂഹത്തിൽ നിന്നു പാർശ്വവൽക്കരിക്കപ്പെട്ട *വർഗ്ഗം* എന്ന രീതിയിൽ തമസ്ക്കരിക്കുവാനും ശ്രമിക്കുന്നില്ല. ഗോത്രങ്ങളുടെ സ്വതസ്സിദ്ധമായ സ്വഭാവശീലങ്ങളും ജീവിതരീതികളും കഥാപാത്രങ്ങളിൽ വ്യാവർത്തിപ്പിക്കുവാനും നിലനിർത്താനും നോവലിസ്റ്റിനു സാധിച്ചിട്ടുണ്ട്. നോവലുകളുടെ പ്രമേയങ്ങളിലൂടെയും കഥാപാത്രങ്ങളിലൂടെയും പ്രത്യക്ഷപ്പെടുത്തുന്ന ഗോത്രരീതികളെ വിശകലനം ചെയ്യുന്നു.

## 4.6. വത്സലയുടെ നോവലുകളിലെ ആദിവാസി ഗോത്രരീതികളുടെ പ്രത്യക്ഷീകരണങ്ങൾ

### 4.6.1. സഹജ സ്വഭാവങ്ങൾ

പ്രകൃതിയുടെ സ്വച്ഛതയിൽ അധിവസിച്ചുവന്നവരായിരുന്നതു കൊണ്ടാകാം, ആദിവാസികൾ പൊതുവേ നിഷ്കളങ്കരാണ്. ലോകത്ത് എവിടേയും നടന്നിട്ടുള്ള അധിനിവേശങ്ങൾ ഈ വസ്തുതയെ സാധൂകരിക്കുന്നുണ്ട്. നിരന്തരമായ ചൂഷണങ്ങൾ നിഷ്കളങ്കതയ്ക്കൊപ്പം നിസ്സംഗതയും ഇവരിൽ വളർത്തിക്കൊണ്ടുവന്നു. വത്സലയുടെ നോവലുകളിൽ ആവിഷ്ക്കരിക്കപ്പെട്ടിട്ടുള്ള ആദിവാസി കഥാപാത്രങ്ങളെല്ലാം നിഷ്കളങ്കരും നിസ്സംഗരുമാണ്.

*"കാടിന്റെ നടുവിൽ കളിച്ചുവളരുന്ന, കിട്ടുന്നതു തിന്നുകയും, തളരുമ്പോൾ*

*വീണുറങ്ങുകയും മനസ്സുള്ളപ്പോൾ മാത്രം എഴുന്നേൽക്കുകയും ചെയ്യുന്ന വലിയ ശിശുക്കൾ".*[5]

എന്നുതന്നെയാണ് നോവലിസ്റ്റ് നോവലുകളിൽ ആദ്യന്തം ആദിവാസികളെ വീക്ഷിക്കുന്നത്. അമിതാദ്ധ്വാനത്തിനും പലവിധത്തിലുള്ള ചൂഷണങ്ങൾക്കും വിധേയമാക്കുന്നവരെ വെറുക്കുകയോ എതിർക്കുകയോ ചെയ്യാത്ത ആദിവാസികളുടെ ശീലങ്ങൾ ഈ ഭാവത്തിന്റെത്തന്നെ തുടർച്ചയാണ്.

> *"ബ്രഹ്മഗിരി നിരകൾക്കിടയിൽ നിന്നു ഇഴഞ്ഞുവരുന്ന കോടമഞ്ഞിനോടോ തൊലി വരട്ടുന്ന ശീതക്കാറ്റിനോടോ, പലപ്പോഴും മച്ചിയാണെന്നു തോന്നിക്കുന്ന കാടിനോടോ ആർക്കും പരാതിയില്ലാത്തതുപോലെ അധികവില ഈടാക്കുന്ന സെയ്തിനോടും അമിതാദ്ധ്വാനം ചെയ്യിക്കുന്ന മേലാളനോടും ആദിവാസി ശബ്ദമുയർത്തുന്നില്ല."*[6]
>
> *"ഇവിടെ മനുഷ്യർക്കു ശബ്ദമില്ല"*[7]

എന്നു 'കൂമൻകൊല്ലി'യിൽ സുനന്ദ ചിന്തിക്കുന്നതും അതുകൊണ്ടാണ്.

പ്രതിഷേധിക്കാൻ അറിയാത്ത ആദിവാസി, തുടർക്കഥകളാകുന്ന ദുരിതങ്ങൾ അലംഘനീയമായ വിധിയെന്ന പോലെ സ്വീകരിക്കുവാൻ പഠിക്കുന്നു. ക്രമേണ ദുരിതങ്ങൾ ആദിവാസിയെ ഏതു സന്ദർഭത്തിലും നിസ്സംഗനായിരിക്കുവാൻ ശീലിപ്പിക്കുകയും ചെയ്യുന്നു. ഇതു ആദിവാസി സമൂഹത്തിന്റെ സഹജസ്വഭാവമെന്ന പോലെ പരിണമിച്ചിരിക്കുന്നു എന്നു നോവലിസ്റ്റ് ഓർമ്മപ്പെടുത്തുന്നുണ്ട്.

> *"വെള്ളിക്കു അത്ഭുതം. ഉടുക്കാനും തിന്നാനും ഇല്ലാത്തതുകൊണ്ടിവിടെ ആരാണ് കരയുന്നത്? കരഞ്ഞതുകൊണ്ട് കഞ്ഞി കിട്ടുമോ? തുണി കിട്ടുമോ? ഇല്ലെന്നു കൊച്ചുകുഞ്ഞുങ്ങൾക്കുകൂടി അറിയാം. അമ്മമാരുടെ മുലയിൽ പാലില്ലാഞ്ഞാൽ ഏറെ നേരം കടിച്ചീമ്പുകയല്ലാതെ അവർ കരയാറില്ല".*[8]

എന്നു ഈ അവസ്ഥയെ 'കൂമൻകൊല്ലി'യിൽ വിവരിക്കുന്നുണ്ട്.

തങ്ങളുടെ ചൂഷണങ്ങളിൽ പ്രതിഷേധിക്കാത്ത അടിയാളരുടെ ഈ നിസ്സംഗതയെ മേലാ ളർ മുതലെടുക്കുന്നതിനോടൊപ്പം അടിയാളരുടെ ഈ ഭാവത്തെ അവരുടെ ബുദ്ധിഹീനത യായി പരിഹസിക്കുകയും ചെയ്യുന്നു.

> *"നിങ്ങള് പറയ്യേ വേണ്ട. ഏരിറക്കി ഉഴുതാൽ മതി. ഒന്നു നിന്നു നോക്കു കപോലും ചെയ്യാതെ അവൻ കുടിയിൽ ചെന്നു കുത്തിരുന്നോളും"*[9]

എന്ന വാക്കുകളിൽ നിറഞ്ഞുനിൽക്കുന്നതു അടിയാളരുടെ നിഷ്കളങ്കതയോടുള്ള തികഞ്ഞ പുച്ഛമാണ്.

> *"ഇവന്നു കിടപ്പാടം നഷ്ടപ്പെട്ടതിൽ ഒരു വികാരവുമില്ലേ? മഴക്കാലം കഴി യുമ്പോൾ, കളമുറ്റത്തെ തൊഴുത്തുകളിൽ നിന്നിറക്കി, തുറന്ന വയലുക ളിലെ പ്ടാവുകളിൽ അടയ്ക്കുന്ന കന്നുകാലികളുടെ വികാരഭേദം പോലും ഇല്ലേ?"*[10]

എന്നു അടിയാളരുടെ നിസ്സംഗതയിൽ ആകുലരാകുന്ന മേലാളർ നോവലിസ്റ്റിന്റെ ആശ ങ്കകളെ പ്രതിനിധാനം ചെയ്യുന്നു.

അടിയാളരുടെ നിസ്സംഗതയെ അവരുടെ ബുദ്ധിഹീനതയായി മേലാളർ കല്പിക്കുന്നു ണ്ടെങ്കിലും യാഥാർത്ഥ്യം അതല്ലെന്നു നോവലുകളിൽ വിശദമാക്കുന്നുണ്ട്. കൂടുതൽ കൂലി കൊടുക്കാൻ നിർബന്ധിതരായ ഘട്ടത്തിൽ അളവുപാത്രങ്ങളിൽ മേലാളർ കൃത്രിമം നട ത്തുന്നു. അതിനുശേഷം നിസ്സംഗനായാണെങ്കിലും മേലാളർ കൂലിയായി നൽകുന്ന ഒരു കുളകം നെല്ല് ഒരു കുളകമാകണമെങ്കിൽ ഒരു സേർകൂടി അധികം ചേർക്കണമെന്ന് 'നെല്ലി'ൽ ചുണ്ടെലി പറയുന്നുണ്ട്. ചൂഷണങ്ങളെ തിരിച്ചറിയാത്തതല്ല അവയ്ക്കെതിരെ പ്രതികരി ക്കാൻ അറിയാത്തതാണ് ആദിവാസികളുടെ പ്രശ്നം.

> *"ഒരടിയാനും പരാതി പറയാനറിഞ്ഞുകൂടാ. താൻ പൂട്ടാനുപയോഗിക്കുന്ന കാളകളേക്കാൾ മെച്ചപ്പെട്ടവനാണ് താൻ എന്ന ബോധം അവനില്ല"*[11]

എന്ന പരാമർശം വളരെ പ്രസക്തമാണ്.

## 4.6.2 ബന്ധങ്ങൾ

### 4.6.2.1. ഗോത്രബന്ധങ്ങൾ

പുറംലോകത്തിന്റെ പരിഷ്ക്കാരങ്ങളോട് തുലനപ്പെടുത്തി, അസംസ്കൃതർ എന്നു മാറ്റി നിർത്തുന്ന സമൂഹമാണെങ്കിലും മഹത്തായ ചില സംസ്ക്കാരസവിശേഷതകൾ ഉൾക്കൊള്ളുന്നവയാണ് ആദിവാസിയുടെ സാമൂഹ്യജീവിതം. പരമ്പരാഗത ജീവനോപാധികളിലും, ലഭിക്കുന്ന ഉൽപന്നങ്ങളുടെ വിതരണക്രമത്തിലും ആദിവാസി ഗോത്രങ്ങൾ പ്രദർശിപ്പിക്കുന്ന സാമൂഹ്യസ്വഭാവത്തെ മുൻനിർത്തിയാണ്

> *"പ്രാകൃതകമ്മ്യൂണിസത്തിന്റെ വിളനിലങ്ങളായിരുന്നു ആദിവാസി ഊരുകൾ"*[12]

എന്നൊരഭിപ്രായം ഉണ്ടായിരിക്കുന്നത്. പരമ്പരാഗത ജീവിതോപാധികളായ പുനംകൃഷിയും വേട്ടയാടലുമെല്ലാം മാറിയ സാഹചര്യത്തിൽ ആദിവാസി ഗോത്രത്തിനു ഉപേക്ഷിക്കേണ്ടിവന്നെങ്കിലും ഉൽപന്നങ്ങളുടെ വിതരണക്രമത്തിൽ ഗോത്രസ്വഭാവം നിലനിർത്തുന്ന സന്ദർഭങ്ങൾ 'നെല്ലി'ൽ വിവരിച്ചിട്ടുണ്ട്. അടുത്തുള്ളവർ പട്ടിണി കിടക്കുമ്പോൾ കുടിയിൽ നെല്ലിരിക്കുന്നതു പാപമായി കാണുന്ന ആദിവാസികൾ, മണ്ണിൽ നിന്ന്- അതാരുടെ മണ്ണാണെങ്കിലും കിട്ടുന്നതെന്തും പങ്കിട്ട് മാത്രം ഉപയോഗിക്കുന്നു. നെല്ലും, മത്തനിലയും, മുളകും, മീനും, തേനുമെല്ലാം ഈ രീതിയിൽ പങ്കിട്ട് മാത്രം ഉപയോഗിക്കുന്നതിന്റെ വിവരണങ്ങൾ 'നെല്ലി'ൽ കാണാം. ഇവിടെ ശ്രദ്ധിക്കേണ്ട വസ്തുത ഇപ്രകാരം പങ്കിടുന്ന വസ്തുക്കൾ പ്രകൃതിയിൽ നിന്നു ലഭിക്കുന്നവ മാത്രമാണെന്നുള്ളതാണ്. ആദിവാസികൾ പാരമ്പര്യമായി തുടർന്നുവരുന്ന ഈ പങ്കിടലിൽ പണം ഉൾപ്പെടുന്നില്ല. പണം, ആദിവാസികളുടെ ഗോത്രസ്വഭാവതനിമകൾ നിലനിർത്തുന്ന കൈമാറ്റ വസ്തുക്കളിൽ ഉൾപ്പെടുന്നില്ല. അധിനിവേശക്കാർ ആദിവാസികൾക്കു പരിചയപ്പെടുത്തിയ പണം എന്ന വിനിമയവസ്തുവിന്റെ ഉപയോഗത്തിൽ പുറംലോകത്തിന്റെ സ്വാർത്ഥതയും സ്വകാര്യതയും ആദിവാസിയും പിന്തുടരുന്നു. ഇങ്ങനെ രൂപയുടെ വിനിമയത്തിൽ പുറംലോകത്തിന്റേയും പ്രകൃതിവിഭവങ്ങളുടെ വിനിമയത്തിൽ ഗോത്രതനിമകളുടേയും സ്വഭാവം പിന്തുടരുന്ന ദൃശ്യമാണ് 'നെല്ലി'ൽ കാണാനാകുക.

ഗോത്രമൂപ്പന്റെ അനിഷേധ്യമായ നേതൃത്വത്തിനു കീഴിലുള്ള അച്ചടക്കമുള്ള ജനതയാണ് ലോകത്തെവിടേയുമുള്ള ആദിവാസികൾ. വ്യക്തിപ്രശ്നങ്ങളിലും കുടുംബപ്രശ്നങ്ങളിലും സമൂഹപ്രശ്നങ്ങളിലും മൂപ്പന്റെ ഇടപെടലുകളും തീരുമാനങ്ങളും നിർണ്ണായകമാകുന്നു. സുഘടിതമായ ഈ ഗോത്രഭരണ വ്യവസ്ഥകളിൽ വർത്തമാനകാലത്തിൽ വന്നുചേർന്ന ശൈഥില്യങ്ങളും 'നെല്ലി'ൽ കാണാം. മല്ലനും മാരയും തമ്മിലുള്ള വിവാഹം മുടക്കുവാനായി കുറുമാട്ടി ചില ദുർബലവാദങ്ങൾ കണ്ടെത്തുന്നുണ്ട്. ഗോത്രമൂപ്പനെ പണവും പുകയിലയും കൊടുത്ത് സ്വാധീനിച്ച് ഈ വാദങ്ങൾക്കു ഗോത്രത്തിനകത്ത് സാധുത നേടിയെടുക്കുന്നതിൽ കുറുമാട്ടി വിജയിക്കുന്നുണ്ട്. പരിഷ്കൃത ലോകവുമായുള്ള ഇടപഴകലും സ്വന്തം നിസ്സഹായവസ്ഥയും, ഗോത്രനേതൃത്വത്തിലും സ്വാർത്ഥതാൽപര്യങ്ങളും ഉപജാപങ്ങളും അധികാരദുർവിനിയോഗങ്ങളും സന്നിവേശിപ്പിച്ചിരിക്കുന്ന യാഥാർത്ഥ്യം നോവലിസ്റ്റ് ചൂണ്ടിക്കാട്ടുന്നു. അധികാരസ്ഥാനത്തിനുവേണ്ടി നടത്തുന്ന മത്സരങ്ങളും പണത്തിനോടുള്ള ആർത്തിയും 'നെല്ലി'ലെ ഗോത്രമൂപ്പനും ജോഗിയും ഇളതപൊട്ടനുമടങ്ങുന്ന ഗോത്രനേതൃത്വഘടകത്തിന്റെ വിവരണത്തിലുണ്ട്.

ഗോത്രഭരണനേതൃത്വത്തിൽ സംഭവിച്ചിരിക്കുന്ന ഈ ശൈഥില്യം സ്വാഭാവികമായും ഗോത്രാംഗങ്ങളുടെ പരസ്പര ബന്ധങ്ങളിലേയ്ക്കും സംക്രമിച്ചിരിക്കുന്നു. എന്തും പങ്കിട്ടു മാത്രം ശീലിച്ച അവർക്കിടയിൽ മത്സരവും അസൂയയും സ്വാർത്ഥതയും പ്രത്യക്ഷപ്പെടുന്നു. 'നെല്ലി'ൽ മല്ലൻ അസുഖബാധിതനായി കിടക്കുന്ന സന്ദർഭത്തിൽ ഗോത്രാംഗങ്ങളുടെ ഈ മനോഭാവം രൂക്ഷമായി പ്രകടമാകുന്നുണ്ട്. മല്ലന്റെ അസുഖം മാറുന്നതിനായി ഖദ്ദിഗ നടത്തുന്നു. മല്ലനും മാരയും ഗോത്രവിലക്കുകളാൽ മാറ്റിനിർത്തപ്പെട്ടവരാണെങ്കിലും ഖദ്ദിഗയ്ക്കു ഗോത്രാംഗങ്ങളെല്ലാം ഹാജരാകുന്നുണ്ട്. സന്നിഹിതരാകുന്ന ഗോത്രാംഗങ്ങൾക്കു മല്ലന്റെ അസുഖത്തേക്കാൾ പ്രധാനം ഖദ്ദിഗയുടെ അവസാനത്തിൽ പ്രസാദമായി വിളമ്പുന്ന ഭക്ഷണമാണ്.

> *"ചെമ്മക്കാരൻ ഇലപ്പൊതി സഭയിലേക്കു കൊണ്ടുവന്നു. കൊതിമൂത്ത കണ്ണുകൾ അതിനു ചുറ്റും പാറിനടന്നു. അവർ ആ പ്രസാദം ആർത്തിയോടെ നുണച്ചിറക്കി"...*[13]

മൃതപ്രായനായ മല്ലനും നിരാലംബയായ മാരയും ആരുടേയും ചിന്താവിഷയമല്ല. ഗോത്ര ബന്ധങ്ങളിൽ വന്നുചേർന്ന ഇത്തരം സ്വാർത്ഥതകളെക്കുറിച്ച് മാര നിശിതമായി ചിന്തിക്കുന്നുണ്ട്.

> *"വന്നപ്പോൾ നാടുനിറയെ സ്വന്തക്കാരായിരുന്നു, കുടുംബക്കാരായിരുന്നു. ബന്ധുക്കളും മിത്രങ്ങളുമായിരുന്നു. വിഷുവല്ലി കിട്ടിയ ദിവസം തന്നെ അവരെല്ലാം കുശലമന്വേഷിച്ചു കൂട്ടത്തോടെ വന്നു. ചോറു തിന്നു. നാട്ടു വിശേഷം പറഞ്ഞു. ചുറ്റും കണ്ണോടിച്ചു. അവ്വ നട്ടു നനച്ചിരുന്ന, തെളിഞ്ഞുകഴിഞ്ഞിരുന്ന മത്തൻ വള്ളികളിൽ കണ്ണുവച്ച് ഇറങ്ങിപ്പോയി. പിന്നീടവർ വന്നതു മത്തനിലകൾ നുള്ളിക്കൊണ്ടുപോവാനായിരുന്നു. മത്തൻ വള്ളികൾ പഴുത്തുചീഞ്ഞപ്പോൾ അവരെ കണ്ടില്ല".*[14]

ഏതു സമൂഹത്തിന്റേയും ആദർശസ്വപ്നമെന്നു വിശേഷിപ്പിക്കാവുന്ന സമത്വസുന്ദരവും, ജനകീയവുമായ സമൂഹസ്വഭാവം നിലനിർത്തിയിരുന്ന ഗോത്രാംഗങ്ങളുടെ ബന്ധങ്ങളിൽ ഇപ്രകാരം വിടവുകൾ സൃഷ്ടിക്കപ്പെട്ടതിന്റെ കാരണങ്ങളെക്കുറിച്ച് ചിന്തിക്കേണ്ടതുണ്ട്. സ്വാർത്ഥത, അത്യാഗ്രഹം എന്നീ പദങ്ങളുപയോഗിച്ച് ആ സമൂഹത്തെ അപരാധികളാക്കി മാറ്റി നിർത്തുന്നത് തീർത്തും ശരിയല്ല. മല്ലന്റെ ദുരന്തത്തിനും മാരയുടെ നിസ്സഹായതയ്ക്കും ഗോത്രാംഗങ്ങളുടെ നിസ്സഹകരണത്തിനും സാക്ഷിയാകുന്ന രാഘവൻ നായരുടെ അഭിപ്രായം ശ്രദ്ധേയമാണ്.

> *"തന്നത്താൻ നോക്കാൻ കഴിവില്ലാത്തവർക്കു എന്തു സ്നേഹബന്ധങ്ങൾ! ബന്ധുമിത്രാദികൾ!"*[15]

ഒരു ജനതയുടെ സാമൂഹ്യഘടനയെത്തന്നെ ഇപ്രകാരം മാറ്റിമറിച്ചതിൽ പുറംലോകവും അപരാധികളാണ്. അധിനിവേശങ്ങളും ചൂഷണങ്ങളും നിസ്സഹായമാക്കിയ ജീവിതസാഹചര്യങ്ങളാണ് ഗോത്രസ്വഭാവങ്ങളിലെ നന്മയെ ഇല്ലാതാക്കിയത്. മകൻ മരിച്ചുകിടക്കുമ്പോൾ ചാവുതുണിക്കായി അലയുന്ന അമ്മയും ഭർത്താവു മരിച്ചതിന്റെ പിറ്റേന്നു തന്നെ പ്രാണഭയത്താൽ ജോലിയ്ക്കു പോകേണ്ടിവരുന്ന ഭാര്യയും പുറംലോകത്തിന്റെ വിലോമപ്രവൃത്തികൾ സൃഷ്ടിച്ചെടുത്ത ഗോത്രമാതൃകകളാണ്.

ആദിവാസികളുടെ ഉത്സവങ്ങൾ അവരുടെ കൂട്ടായ്മയുടെ ആഘോഷങ്ങളാണ്. ദിവസങ്ങളോളം നീണ്ടുനിൽക്കുന്ന ഈ ആഘോഷങ്ങളിൽ കാഴ്ചക്കാരില്ല, പങ്കാളികൾ മാത്രമാണുള്ളത്. ഗോത്രവർഗ്ഗങ്ങളിൽ ഇത്തരം ആഘോഷങ്ങൾക്കുള്ള പ്രസക്തി 'നെല്ലി'ലും 'റോസ്മേരിയുടെ ആകാശങ്ങളി'ലുംവിവരിക്കുന്നുണ്ട്.

അണിഞ്ഞൊരുങ്ങി വരുന്ന യുവതികളും കുട്ടികളും, യുവതികളെ ആകർഷിക്കുവാൻ തുടികൊട്ടലിൽ മിടുക്കു കാണിക്കുന്ന യുവാക്കളും സജീവമാക്കുന്ന 'കാക്കപ്പുല'കൾ 'നെല്ലി'ൽ വിവരിക്കുന്നുണ്ട്. കേവലം ഒരു മന്റത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്നതല്ല ഇവ. പല പല മന്റങ്ങളായി തിരിക്കുന്ന മലകളെ ഭേദിച്ചുകൊണ്ട് 'കാക്കപ്പുല' അറിയിക്കുന്ന തുടിയൊച്ചകൾ ഉയരുമ്പോൾ എല്ലാ മന്റത്തിലേയും അംഗങ്ങൾ കാക്കപ്പുല നടക്കുന്നിടത്ത് ഒത്തുകൂടുന്നു. ഇപ്രകാരം വരുന്നവരെല്ലാം തങ്ങളുടെ വിഹിതങ്ങൾ നൽകി ഈ ആഘോഷങ്ങളെ പൂർണ്ണമായും ജനകീയമാക്കുന്നു.

'റോസ്മേരിയുടെ ആകാശങ്ങളി'ൽ ആദിവാസികൾ നടത്തുന്ന കാമപൂജ ആഘോഷത്തിൽ റോസ്മേരിയും ആലീസും അതിഥികളായി പങ്കെടുക്കുന്നുണ്ട്. മധുരവടകൾ നൽകി ആദിവാസികൾ അതിഥികളെ സ്വീകരിക്കുന്നു. ആരേയും ഉത്സാഹഭരിതരാക്കുന്ന വലിയ ചെണ്ടകളുടെ താളമാണ് ഈ ആഘോഷങ്ങളുടെ ജീവൻ. തന്റെ ഗോത്രത്തിൽ നിന്നും ഒരു പരിഷ്കൃതലോകത്തിലേയ്ക്കു മാറ്റി പ്രതിഷ്ഠിക്കപ്പെട്ട ഫാദർ യെൽസങ്കിക്കു ഈ താളം ജീവിതത്തിൽ നിന്നും ഒഴിയാതെ പിന്തുടരുന്ന തന്റെ തന്നെ ജീവിതസ്പന്ദനമാണ്. ഗോത്രസ്മൃതികളുടെ, വേരുകളുടെ പിൻവിളികളായാണ് ചെണ്ടമേളങ്ങൾ യൽസങ്കിയിൽ പ്രവർത്തിക്കുന്നത്.

ആദിവാസിയുടെ വർത്തമാനകാല യാഥാർത്ഥ്യങ്ങൾ ഈ ഉത്സവാഘോഷങ്ങളുടെ നിറം കെടുത്തുന്നതും നോവലുകളിൽ നിന്നു വായിച്ചെടുക്കാം. കാക്കപ്പുലകൾ ഉത്സവങ്ങളായിരുന്നതു ഭൂതകാലസ്മരണകളിൽ മാത്രമാണ്. നെല്ലും, ബാവലിയിൽ മീനും സമൃദ്ധമായിരുന്ന അക്കാലത്ത് ദിവസങ്ങളോളം നീണ്ടുനിൽക്കുന്ന സദ്യകളുമുണ്ടായിരുന്നു. ഇന്നു സെയ്തിന്റെ കടയിൽ നിന്നു വാങ്ങുന്ന ഉണക്കമത്തികളും കാട്ടിലെ ചക്കകളും കൊണ്ടാണ് സദ്യ ഒരുക്കുന്നത്.

ദാരുപീസാ ഗ്രാമത്തിലെ ഗോത്രവർഗ്ഗക്കാർക്കു കാമപൂജ നടത്തുവാൻ അവരുടെ കർമ്മ വൃക്ഷത്തിന്റെ ശാഖകൾ വേണം. കുടിയേറ്റക്കാർ നടത്തുന്ന വനനശീകരണത്താൽ കർമ്മ വൃക്ഷത്തിന്റെ ശാഖകൾക്കായി ഇന്നേറെ അലയേണ്ടിവരുന്നു എന്നു 'റോസ്മേരിയുടെ ആകാശങ്ങളിൽ' പറയുന്നുണ്ട്. ഇങ്ങനെ പരിസ്ഥിതി നാശങ്ങളും കുടിയേറ്റങ്ങളും ഗോത്ര വർഗ്ഗങ്ങളുടെ ഉത്സാഹത്തിമിർപ്പുകളിൽ മങ്ങലേല്പിച്ചിരിക്കുന്നു. വറുതിയുടെ നാളുക ളിൽ ആദിവാസികൾ സംഘം ചേർന്ന് നടത്തുന്ന കാടുകയറ്റവും മീൻപിടുത്തവും 'നെല്ലി'ൽ വിവരിക്കുന്നുണ്ട്. പ്രായമായവരുടെ ഓർമ്മകളിലൂടെ, ഇത്തരം സന്ദർഭങ്ങൾ ആദിവാസി കൾക്കു നൽകുന്ന സ്വകാര്യ സന്തോഷാനുഭവങ്ങളെ വായിച്ചെടുക്കാം. എന്നാൽ ഇന്നു മച്ചിയായ കാടുംപുഴയും ഇത്തരം അദ്ധ്വാന കൂട്ടായ്മകൾ നൽകുന്ന ഹർഷവും ആദിവാ സികൾക്ക് നഷ്ടപ്പെടുത്തിയിരിക്കുന്നു.

പുറംലോകത്തിനു ആദിവാസികളെന്നതു ഒരൊറ്റ ജനതയായി തോന്നുമെങ്കിലും ആചാ രങ്ങളിലും ജീവിതരീതികളിലും വ്യത്യസ്തത പുലർത്തുന്ന ഗോത്രങ്ങളാണ് ഇവർക്കിട യിലുള്ളത്. വ്യത്യസ്ത ഗോത്രങ്ങൾ തമ്മിൽ അയിത്തമാചരിക്കുന്ന പതിവും ഇവർക്കിട യിലുണ്ട്. 'ആഗ്നേയ'ത്തിൽ നങ്ങേമയുടെ ആശ്രിതയായ കുറിച്യത്തി കുങ്കിയുടെ മകൾ പ്രസവത്തെ തുടർന്നുള്ള രക്തസ്രാവത്താൽ ഗുരുതരാവസ്ഥയിലാകുന്നു. മകളെ ഉടനെ ത്തന്നെ ആശുപത്രിയിലേക്കു കൊണ്ടുപോകാനായി പൈസയും സഹായത്തിനു നങ്ങേമ യുടെ തന്നെ മറ്റൊരു ആശ്രിതനായ ചന്തനേയും നങ്ങേമ ഏർപ്പാടാക്കുന്നു. ഈ സന്ദർഭ ത്തിലും മൃതപ്രായയായ മകളെ അയിത്തക്കാരനായി കണക്കാക്കുന്ന ചന്തൻ തൊട്ടാൽ അശുദ്ധമാകില്ലേ എന്നോർത്തു സംശയിച്ചു നിൽക്കുകയാണ് കുങ്കി. നിത്യദാരിദ്ര്യത്തിലും ദുരിതത്തിലും, അനാഥരായി കഴിയുന്ന അവസ്ഥയിലും

*"അടിയാത്ത്യോളെ തൊട്ടുതിന്നു ചീവിക്കേണ്ടേ"*[16]

എന്നു ഊറ്റം പറയുന്ന കുറിച്ച്യത്തി തള്ളയെക്കുറിച്ച് 'നെല്ലി'ലും പരാമർശിക്കുന്നുണ്ട്.

### 4.6.2.2. കുടുംബ ബന്ധങ്ങൾ

പുറമെനിന്നു നോക്കുമ്പോൾ ശിഥിലങ്ങളെന്നു തോന്നാവുന്നവയാണ് ആദിവാസിയുടെ

കുടുംബബന്ധങ്ങൾ. പക്ഷേ സൂക്ഷ്മമായ അപഗ്രഥനങ്ങൾ ഈ കാഴ്ചപ്പാടുകളെ തിരുത്തുന്നു. ആദിവാസി ഗോത്രങ്ങൾ ദാമ്പത്യബന്ധങ്ങളിൽ വളരെ സ്വാതന്ത്ര്യം അനുവദിക്കുന്നുണ്ട്. ഈ സ്വാതന്ത്ര്യം പലപ്പോഴും ദാമ്പത്യബന്ധങ്ങളുടെ അസ്ഥിരതയ്ക്കു കാരണമാകുന്നു. സ്ത്രീയ്ക്കും പുരുഷനും ഒരുപോലെ, വിവാഹബന്ധങ്ങൾ ഒഴിയുന്നതിനും പുനർവിവാഹത്തിൽ ഏർപ്പെടുന്നതിനും സ്വാതന്ത്ര്യമുണ്ട്. പ്രായം, മക്കൾ എന്നീ ഘടകങ്ങളൊന്നും ഇതിനു വിഘാതമായി നിൽക്കുന്നില്ല. 'നെല്ലി'ൽ കാക്ക എന്ന പന്ത്രണ്ടുവയസ്സുള്ള മകളുള്ള കുറുമാട്ടി മല്ലനോട് വിവാഹാഭ്യർത്ഥന നടത്തുന്നുണ്ട്. കുറുമാട്ടിയുടെ മുൻഭർത്താവാകട്ടെ, വീണ്ടും തപ്പുകെട്ടി അവളെ ഭാര്യയാക്കാനുള്ള ആഗ്രഹവുമായി നടക്കുന്നു. മല്ലൻ മാരയെ വിവാഹം കഴിച്ചതിൽ തനിക്കുള്ള അനിഷ്ടം, മറ്റൊരു വൃദ്ധനെ ഭർത്താവാക്കിയാണ് മല്ലന്റെ അമ്മ പ്രകടിപ്പിക്കുന്നത്. സമൂഹത്തിലെ സദാചാരനിഷ്ഠകളിൽ തെറ്റാകുന്ന ഏതു ബന്ധത്തിനും തപ്പുകെട്ടി സാധുത ഉണ്ടാക്കിയെടുക്കുവാൻ ഗോത്രനിയമങ്ങൾ അനുവദിക്കുന്നുണ്ട്. ഇതുകൊണ്ടെല്ലാം ഭാര്യ, ഭർത്താവ് എന്നീ പദവികൾക്ക് സമൂഹം കല്പിച്ചിരിക്കുന്ന വിശ്വാസ പ്രമാണങ്ങൾ പലതും ആദിവാസി നിയമങ്ങളും ആചാരങ്ങളും തകിടം മറിക്കുകയോ വെല്ലുവിളിക്കുകയോ ചെയ്യുന്നതായി തോന്നാം. എന്നാൽ യഥാർത്ഥത്തിൽ ദാമ്പത്യബന്ധത്തിലുണ്ടായിരിക്കേണ്ട പരസ്പര വിശ്വാസത്തേയും സ്നേഹാദരങ്ങളേയും കുറിച്ച് ഗോത്രസംസ്ക്കാരവും ജാഗരൂകമാണ്. സ്ത്രീ സമത്വവും, സ്ത്രീസ്വാതന്ത്ര്യവും ഉദ്ഘോഷിക്കുന്ന സംസ്കൃത ലോകത്തിനു അചിന്ത്യമായ ചില ഗോത്രാചാരങ്ങൾ ഇതിനു തെളിവാണ്. വിധവയായ സ്ത്രീ തന്റെ ജീവിതത്തിൽ നിന്നും നിറങ്ങളേയും അലങ്കാരങ്ങളേയും മാറ്റിനിർത്തുക എന്നത് ഏതു സമൂഹത്തിന്റേയും ഒരു പതിവുരീതിയാണ്. ഇതേ സമൂഹം വിഭാര്യനായ പുരുഷൻ ആചരിക്കേണ്ട നിയമങ്ങളെക്കുറിച്ച് മൗനം പാലിക്കുന്നു. ആദിവാസി ഗോത്രത്തിൽ ഭാര്യ മരിച്ച പുരുഷൻ ഒരു വർഷം പുല ആചരിക്കുന്നു. ക്ഷൗരവും, നല്ല വസ്ത്രവും നല്ല ഭക്ഷണവും എല്ലാം ഉപേക്ഷിച്ചാണ് ഒരുവർഷം പുല ആചരിക്കുന്നത്. ഭാര്യ മരിച്ച് പുല ആചരിക്കുന്ന ചുണ്ടെലിയുടെ ദയനീയ ചിത്രം 'നെല്ലി'ൽ വിവരിക്കുന്നുണ്ട്. ഇതര സമൂഹങ്ങളിൽ നിന്നും വ്യത്യസ്തവും, സ്ത്രീപക്ഷമനോഭാവം ദീക്ഷിക്കുന്നതുമായ മറ്റൊരു ഗോത്ര ആചാരമാണ് വിവാ

ഹത്തിലെ പെൺപണസമ്പ്രദായം. വധുവിന്റെ കുടുംബത്തിന് ആചാരപ്രകാരമുള്ള പണവും വസ്തുക്കളും നൽകിയിട്ടാണ് വിവാഹം നടക്കുന്നത്. സ്ത്രീധനത്തിനു പുറമെ പെൺവീട്ടുകാർക്ക് വർഷങ്ങളോളം ബാധ്യത ഉണ്ടാക്കുന്നവയാണ് സാധാരണ സമൂഹങ്ങളിലെ വിവാഹസമ്പ്രദായങ്ങൾ. ഇതിനുനേരെ എതിർപക്ഷത്താണ് ആദിവാസി വിവാഹസമ്പ്രദായങ്ങൾ. പെൺവീട്ടുകാർക്ക് എപ്പോഴും വരവുതന്നെയാണെന്നു 'നെല്ലി'ൽ മല്ലൻ സൂചിപ്പിക്കുന്നുണ്ട്.

സ്ത്രീകളുടെ സുരക്ഷയിലും ഗോത്രപാരമ്പര്യങ്ങൾ അതീവശ്രദ്ധ നൽകുന്നുണ്ട്. കാക്കപ്പുലയുടെ ആചാരങ്ങൾ വിവരിക്കുന്നിടത്ത് ഈ വസ്തുത വ്യക്തമാകുന്നു. കഴിഞ്ഞ ഒരാണ്ടിൽ മരിച്ചവരുടെ എല്ലാം ആത്മാക്കളെ വിളിച്ചുവരുത്തി തൃപ്തിപ്പെടുത്തി മോക്ഷം നൽകുന്ന ചടങ്ങുകൾ കാക്കപ്പുലയിൽ നടക്കുന്നു. മൂപ്പൻ, മരിച്ചവരുടെ ആത്മാക്കളെ പേരുചൊല്ലി വിളിച്ചുവരുത്തി പരലോകത്തേക്കു യാത്രയാക്കുന്നു. അപ്പോഴും സ്ത്രീകളുടെ ആത്മാക്കളെ തനിയെ പറഞ്ഞയയ്ക്കുന്നില്ല. പരലോകത്തേയ്ക്കു യാത്രയാക്കുമ്പോഴും ഒരു സ്ത്രീയ്ക്കു ഒരു പുരുഷനെ കൂട്ടിനു നൽകുവാൻ ഗോത്ര മര്യാദകൾ ശ്രദ്ധിക്കുന്നു. പരലോകത്തിലുള്ള സ്ത്രീകളുടെ സുരക്ഷയെക്കുറിച്ച് പോലും ആകുലപ്പെടുന്ന ഒരു ജനത ഭൗതികലോകത്തിൽ അതിനെ ഗൗനിക്കുന്നില്ല എന്നു വിശ്വസിക്കുവാൻ പ്രയാസമാണ്. നോവലുകളിൽ ഗോത്രത്തിനകത്തും പുറത്തുമുള്ള സ്ത്രീയുടെ അരക്ഷിതാവസ്ഥയാണ് കൂടുതലും കാണാനാകുന്നത്. മുപ്പതുരൂപ പിഴയൊടുക്കിയാൽ പിഴപ്പിച്ച സ്ത്രീയേയും ജനിക്കുന്ന കുഞ്ഞിനേയും അനാഥരാക്കി പുരുഷനു തെറ്റിൽ നിന്നു മുക്തനാകാം. ഗോത്രത്തിനകത്തും പുറത്തുമുള്ള പുരുഷന്മാർക്കു അപഥസഞ്ചാരങ്ങൾക്കു സൗകര്യമൊരുക്കുന്ന ഈ സമ്പ്രദായത്തിന്റെ കെടുതികൾ അനുഭവിക്കുന്നതു സ്ത്രീകൾ മാത്രമാണ്. പ്രത്യക്ഷത്തിൽ സ്ത്രീവിരുദ്ധമെന്നു തോന്നിക്കുന്ന ഈ ഗോത്രനിയമങ്ങളെ പുനർവിചിന്തനം ചെയ്യുമ്പോൾ കണ്ടെത്തുന്ന ചില വസ്തുതകളുണ്ട്. ആദിവാസി നിയമങ്ങൾ പ്രാചീനങ്ങളാണ്. കാലഗതിയിൽ വരുന്ന മാറ്റത്തിനനുസരിച്ച് ഈ നിയമങ്ങളിൽ ഭേദഗതികൾ സംഭവിക്കുന്നില്ല. സ്ത്രീയെ ദുരുപയോഗപ്പെടുത്തുന്നതിൽ കല്പിച്ചിരിക്കുന്ന പിഴയ്ക്കു വർദ്ധിച്ച മൂല്യം ഒരുകാലത്ത് ഉണ്ടായിരുന്നിരിക്കണം. അപരാധികൾക്കു ഒരു താക്കീതെന്ന

പോലെ പിഴ പ്രവർത്തിച്ചിരുന്ന കാലഘട്ടത്തെ വിഭാവനം ചെയ്യാവുന്നതാണ്. കാലം വിനിമയമൂല്യത്തിൽ വരുത്തിയ വ്യതിയാനങ്ങൾ ആദിവാസി സമൂഹത്തിലേയ്ക്കു കടന്നുവന്നാൽക്കൂടി, നിയമങ്ങളിലേയ്ക്കു പ്രവേശിക്കുന്നില്ല. അങ്ങനെ കാലഹരണപ്പെട്ട തപ്പുതുകയുടെ തകർന്ന മൂല്യവ്യവസ്ഥിതിയാണ് യഥാർത്ഥത്തിൽ ആദിവാസി സ്ത്രീകളുടെ വർത്തമാന അരക്ഷിതാവസ്ഥയ്ക്കു കാരണം എന്നു പറയേണ്ടിയിരിക്കുന്നു.

### 4.6.2.3. തൊഴിൽ–ഉടമ–ബന്ധങ്ങൾ

തൊഴിലിനോടും ഉടമയോടും അങ്ങേയറ്റത്തോളം വിധേയത്വം വച്ചുപുലർത്തുന്നവരാണ് ആദിവാസികൾ. തൊഴിലിടങ്ങൾ നെൽവയലുകളാണെങ്കിൽ ഈ വിധേയത്വത്തിന്റെ വൈകാരികത വർദ്ധിക്കുന്നു. 'നെല്ലി'ൽ മല്ലൻ തമ്പുരാന്റെ നെൽവയലുകളോട് കാണിക്കുന്ന ശുഷ്കാന്തിക്കു തമ്പുരാൻ നൽകുന്ന വേതനവുമായി യാതൊരു താരതമ്യവുമില്ല. തന്റെ ഉദാസീനത കൊണ്ട് തമ്പുരാന്റെ നെൽവയലുകൾ പന്നി കയറി നശിച്ചപ്പോൾ മല്ലൻ തീക്ഷ്ണമായ ആത്മവ്യഥ അനുഭവിക്കുന്നുണ്ട്. അന്നു രാത്രിയിൽത്തന്നെ തമ്പുരാൻ മരിക്കുകയും ചെയ്യുന്നു. പിറ്റേന്നു തിരുവോളമ്മയെ കാണാൻ ആഗ്രഹമുണ്ടെങ്കിലും നേരെ നിൽക്കാൻ ധൈര്യമില്ലാതെ മല്ലൻ കുറ്റവാളിയെപ്പോലെ ഒഴിഞ്ഞുനിൽക്കുന്നു.

ആദിവാസികൾ ചെയ്യുന്ന തൊഴിലുകൾക്ക് സമയക്ലിപ്തതയോ വേതനകൃത്യതയോ ഇല്ല. ഇത്തരം അമിത അദ്ധ്വാനങ്ങൾ ആദിവാസിയെ വലുതായൊന്നും അലോസരപ്പെടുത്തുന്നില്ല. എന്നാൽ തങ്ങളുടെ ആത്മാർത്ഥതയ്ക്കു നേരെ നടത്തുന്ന വിപരീത പരാമർശങ്ങൾ അവരുടെ ആത്മാഭിമാനത്തിനേൽക്കുന്ന മുറിവുകൾ തന്നെയാണ്.

രാത്രി നെൽവയലുകൾക്കു കാവൽ കിടക്കുന്ന മല്ലൻ അന്നം കണ്ടിട്ട് നാലുനാളുകൾ കഴിഞ്ഞിരുന്നു. രാത്രിയിൽ തിരുവോളമ്മയുടെ വിളികേട്ട പാടെ മല്ലൻ ഭക്ഷണത്തിനു ഓടിയിറങ്ങിവരുന്നു. കണ്ണു തെറ്റിയാൽ പന്നികളുടെ ആക്രമണം ഉണ്ടാകുമെന്നു ഭയക്കുന്ന തമ്പുരാൻ ഈ അവസരത്തിൽ ചോറെന്നു നിനച്ചപ്പോഴേയ്ക്കും ഓടിവന്നുവല്ലേ എന്നു മല്ലനോട് കയർക്കുന്നുണ്ട്. തമ്പുരാന്റെ ഈ കുറ്റാരോപണത്തിൽ മല്ലനു തമ്പുരാനോട് ദേഷ്യമല്ല തോന്നുന്നത്.

*"ആ ഇരുട്ടിൽ മല്ലന്റെ മുഖം ലജ്ജ കൊണ്ട് ചുവന്നു. ഇരുണ്ടുവിളറി, അവനു ലജ്ജയും സങ്കടവും തോന്നി. നാലു ദിവസത്തെ വിശപ്പ്..."*[17]

ഒരുദിവസത്തെ മുഴുവൻ പണിയും കഴിച്ച്, മലങ്കാരിക്കു പഴം നേദിക്കാൻ വാരസ്യാരോട് നാലണ ചോദിക്കാൻ കാത്തുനിന്ന മാരയോട് വാരസ്യാർ വീണ്ടും കുറച്ച് അരി അവച്ചിട്ടു പോകുവാൻ പറയുന്നു. ആ പണിയും തീർത്ത് തന്റെ ആവശ്യം അറിയിക്കുന്നു അവളോട്

*"രണ്ട് നാഴി അരി അവച്ചുതന്നതിനു നിനക്കിപ്പോ കൂലി വേണം?"*

എന്നു വാരസ്യാർ കയർക്കുന്നു. ഇതു കേൾക്കുന്ന മാരയുടെ പ്രതികരണം ശ്രദ്ധാർഹ മാണ്.

*"അവളുടെ മുഖമൊന്നു വലിഞ്ഞുമുറുകി. നിനച്ചിരിക്കാതെ ഏറുകൊണ്ട മട്ടിൽ. അഭിമാനത്തിന് പറ്റിയ ഒരേറ്..."*[18]

ചെയ്യുന്ന പ്രവൃത്തികളെ തിരിച്ചുകിട്ടുന്ന വിഹിതത്തിനനുസരിച്ചു ക്രമപ്പെടുത്തുന്ന മേലാ ളന്റെ രീതികൾ ആദിവാസിക്കു തീർത്തും അന്യമാണ്.

ഈ നോവലുകളിൽ ആവിഷ്കൃതമാകുന്ന മേലാള-കീഴാള ബന്ധങ്ങളിൽ കാണുന്ന മറ്റൊരു വസ്തുത, അനുഭവങ്ങൾ കീഴാളനിൽ ഉണ്ടാക്കിത്തീർത്ത സന്ദേഹങ്ങളാണ്. മേലാ ളരുടെ അധികാര ദുർവിനിയോഗങ്ങൾ മാത്രം അനുഭവിച്ചറിഞ്ഞ അടിയാളർ, മേലാളരിൽ ചിലർ നടത്തുന്ന സോദ്ദേശ്യപ്രവൃത്തികളേയും സംശയത്തിന്റെ ദൃഷ്ടിയിലൂടെയാണ് നോക്കി ക്കാണുന്നത്.

ആർക്കും വേണ്ടാതിരുന്ന കാടുപിടിച്ച പുഴക്കുനി കൃഷിയിടമാക്കി മാറ്റിയെടുത്ത ചുണ്ടെ ലിയോട് അടുത്തവർഷം ആ ഇടം ഒഴിഞ്ഞുതരണമെന്നു രാഘവൻ നായർ വളരെ വിഷ മിച്ചു പറയുന്നുണ്ട്. ഇതുകേൾക്കുമ്പോൾ ചുണ്ടെലിക്കു അദ്ഭുതവും അവിശ്വാസവുമാണ് തോന്നുന്നത്. ഭൂമി ഒഴിഞ്ഞുകിട്ടണമെങ്കിൽ എന്തിനാണ് ഇത്രയും വിശദമായി കാര്യങ്ങൾ വിവരിക്കുന്നത്? മേലാളരുടെ പതിവുരീതികളിൽ നിന്നു രാഘവൻ നായർ വ്യത്യസ്തനാ കുന്നു. ചുണ്ടെലിയുടെ കണ്ണുകളിൽ ഈ സന്ദർഭത്തിലുണ്ടാകുന്ന അതേ അവിശ്വാസ മാണ് പിന്നീട്, ചുണ്ടെലിക്കുള്ള വല്ലി രാഘവൻ നായർ അയാളുടെ കുടിയിലേയ്ക്കു എത്തി

ച്ചപ്പോഴും കാണാനാകുന്നത്. അടിയാളരുടെ ഈ അവിശ്വാസത്തിന്റെ പകപ്പ് രാഘവൻ നായർ കൃത്യമായി മനസ്സിലാക്കുകയും അതിൽ ആകുലപ്പെടുകയും ചെയ്യുന്നുണ്ട്. വേലയോ വല്ലിയോ ഇല്ലാത്ത ദിവസങ്ങളിലൊന്നിൽ അടിയാളരുടെ പട്ടിണി കണ്ട് സഹിക്കാതെ ചാത്ത നെന്ന അടിയാനെ വിളിച്ചുകൊണ്ടുപോയി രാഘവൻ നായർ നെല്ല് കൊടുക്കുന്നു.

> *"മുറത്തിൽ നെല്ല് കണ്ട് അവൻ അമ്പരന്നു നിന്നു. അന്ന് അവന്റെ നോട്ട ത്തിൽ കണ്ട അവിശ്വാസ്യത ജീവിതത്തിലൊരിക്കലും മറക്കില്ല. ഇവർക്കു വേണ്ടി വല്ലതും ചെയ്യാമെന്നത് വ്യാമോഹം മാത്രം."*[19]

എന്നു രാഘവൻ നായർ ആ സന്ദർഭത്തെ വിവരിക്കുന്നുണ്ട്.

ചുരുക്കത്തിൽ ഈ നോവലുകളിൽ നിന്നു വായിച്ചെടുക്കാവുന്ന മേലാള-അടിയാള ബന്ധ ങ്ങളെ ഇങ്ങനെ സംക്ഷേപിക്കാം.

1) അടിയാളർ തങ്ങളുടെ മേലാളരോടും തൊഴിലിനോടും വിധേയത്വം പ്രകടിപ്പിക്കുന്നു.
2) ഈ വിധേയത്വം, ചെയ്യുന്ന പ്രവൃത്തിയോടോ മേലാളരോടോ ഉള്ള വൈകാരിക ബന്ധ ങ്ങളിൽ നിന്നു ഉടലെടുത്തതല്ല, മറിച്ച് മണ്ണിനോടും പ്രകൃതിയോടുമുള്ള ആദിവാ സിയുടെ ജന്മസിദ്ധമായ വൈകാരിക ചാർച്ചകളുടെ ഫലമാണ്.
3) മേലാളനോട് പ്രകടിപ്പിക്കുന്ന വിധേയത്വത്തോടൊപ്പം തന്നെ അതിനു നേരെ വിരു ദ്ധമായ, ഏതു പ്രവൃത്തിയോടുമുള്ള സന്ദേഹവും ആദിവാസികളിൽ അലിഞ്ഞു ചേർന്നിരിക്കുന്നു.
4) ചുരുക്കത്തിൽ മേലാളരോട്, തങ്ങളുടെ പ്രവൃത്തികളിലൂടെ വിധേയത്വവും മുഖഭാവ ങ്ങളിലൂടെ സന്ദേഹിതയും ആദിവാസികൾ പ്രകടിപ്പിക്കുന്നു എന്നു പറയാം.

പൊതുവെ മേലാളരുടെ ഏതുതരം പ്രവൃത്തികളിലും പ്രതികരിക്കാത്തവരായാണ് ആദി വാസികളെ വിവരിച്ചിരിക്കുന്നത്. 'കൂമൻകൊല്ലി'യിൽ ഒരിടത്ത് ഇവരുടെ പ്രതികരണം രേഖ പ്പെടുത്തുന്നുണ്ട്. അപ്പു വിത്തും കാളയുമെല്ലാം നൽകിക്കൊണ്ട് തന്റെ കൃഷിയിടങ്ങളെ അടിയാളർക്കു പങ്കുകൃഷിക്കു നൽകുന്നു. അതിനുശേഷം കാവൽ വല്ലികൂടി തങ്ങൾക്കു വേണമെന്നു പറഞ്ഞ് അവർ തന്നെ തടഞ്ഞുവച്ചു എന്ന് അപ്പു സംതൃപ്തിയോടെ പറയു

ന്നുണ്ട്. സോഷ്യലിസം സ്വപ്നം കാണുന്ന അപ്പുവിനു അടിയാളരുടെ ഇത്തരം പ്രതികരണങ്ങളിൽ തികഞ്ഞ സംതൃപ്തിയാണ്.

'റോസ്മേരിയുടെ ആകാശങ്ങ'ളിൽ ആദിവാസികളുടെ സംഘം ചേരലും പ്രവർത്തനങ്ങളും സൂചിപ്പിക്കുന്നുണ്ട്. പക്ഷേ ഈ സംഘടനാ പ്രവർത്തനങ്ങൾ ഏതെങ്കിലുമൊരു ജന്മിയ്ക്കോ മേലാളനോ എതിരായല്ല നടത്തുന്നത്. നിലവിലുള്ള ഭരണസംവിധാനത്തിനോടാണ് ഈ നോവലിലെ പ്രവർത്തനങ്ങൾ പ്രതിഷേധിക്കുന്നത്. ഝാർഖണ്ഡ് എന്ന പ്രത്യേക സംസ്ഥാന രൂപീകരണവും സ്വഗോത്രസംസ്ക്കാര സംരക്ഷണവും ഇതിൽ ഗോത്രവർഗ്ഗസമരങ്ങൾ ലക്ഷ്യമാക്കുന്നു. ഇവിടെ ശ്രദ്ധാർഹമാകുന്ന വസ്തുത, ഈ സമരങ്ങൾക്കായുള്ള അണിചേരലിൽ ഗോത്രവർഗ്ഗത്തിന്റെ പരമ്പരാഗത നേതൃത്വസംവിധാനമല്ല ഉള്ളതെന്നുള്ളതാണ്. ആദിവാസികൾ മേലാളരായി അകറ്റി നിർത്തുന്ന സമൂഹത്തിലെ, അംഗങ്ങൾ തന്നെയാണ് ഇത്തരം പ്രതിഷേധ പ്രവർത്തനങ്ങൾക്കായി ഈ ജനതയെ തയ്യാറാക്കുന്നത്.

തുടർന്ന് നോവലുകളിൽ ആഖ്യാനം ചെയ്തിരിക്കുന്ന ആദിവാസികൾക്കു നേരെയുള്ള ചൂഷണങ്ങളെ അപഗ്രഥിക്കുന്നു.

## 4.7. ആദിവാസികൾ നേരിടുന്ന ചൂഷണങ്ങൾ

ആദിവാസികളുടെ ശോഭനകാലം ഇന്ന് അവരുടെ ഭൂതകാലസ്മരണകളിൽ മാത്രം ഒതുങ്ങിനിൽക്കുന്നു. മേലാളരുടെ പലവിധത്തിലുള്ള ചൂഷണങ്ങൾ അവരുടെ വർത്തമാനകാലജീവിതത്തെ ദുരിതമയമാക്കുകയും അവരുടെ ഭാവികാല പ്രതീക്ഷകളെ തമസ്ക്കരിക്കുകയും ചെയ്തു. ആദിവാസികളുടേതു മാത്രമായ ഒരിടത്തിലേയ്ക്കു അതിഥികളായി വന്നവർ, ആ ഇടങ്ങളെ സ്വന്തമാക്കുകയും, അതിന്റെ യഥാർത്ഥ അവകാശികളെ അവിടെ അന്യരും നിസ്വരുമാക്കിത്തീർക്കുകയും ചെയ്ത ചരിത്രമാണ് എല്ലാ ആദിവാസിഗോത്രങ്ങളുടേയും ചരിത്രം. സ്വന്തം ഇടങ്ങളിൽ നിന്ന് ഇപ്രകാരം അന്യവൽക്കരിക്കപ്പെട്ടപ്പോൾ ഇവർക്കു നഷ്ടമായത് കേവലം ആവാസകേന്ദ്രങ്ങൾ മാത്രമല്ല മറിച്ച് അന്നുവരെ തുടർന്നു വന്ന ജീവിതക്രമങ്ങളും തനിമകളുമാണ്. ഈ നഷ്ടങ്ങൾ അവരെ അപരിഹാര്യമായ സാമ്പത്തിക പ്രശ്നങ്ങളിലേയ്ക്കും സ്വത്വപ്രതിസന്ധികളിലേയ്ക്കും നയിച്ചു.

ആദിവാസി സമൂഹം നേരിടുന്ന ഇത്തരം ചൂഷണങ്ങൾ തന്റെ നോവലുകളിൽ നോവലിസ്റ്റ് ചിത്രീകരിക്കുന്നുണ്ട്. ഈ ചൂഷണങ്ങളെ പ്രധാനമായും രണ്ടായി തിരിക്കാം.

1) സാമ്പത്തിക ചൂഷണങ്ങൾ

2) സാംസ്ക്കാരിക ചൂഷണങ്ങൾ.

### 4.7.1. സാമ്പത്തിക ചൂഷണങ്ങൾ

ആദിവാസികൾക്കു നേരെ നടക്കുന്ന സാമ്പത്തിക ചൂഷണങ്ങൾ പ്രധാനമായും തൊഴിലിടങ്ങളുടെ കയ്യടക്കലുകളിലൂടേയും വേതനവ്യവസ്ഥകളിലെ അക്ലിപ്തതകളിലൂടേയുമാണ് നടക്കുന്നത്. വിപണിയും കച്ചവടതന്ത്രങ്ങളുമാണ് ഇവരെ സാമ്പത്തികമായി ചൂഷണം ചെയ്യുന്ന മറ്റൊരു ഘടകം.

### 4.7.1.1 തൊഴിലിടങ്ങളുടെ കയ്യടക്കം

ആദിവാസികൾ സാമാന്യമായി വ്യാപരിച്ചിരുന്ന തൊഴിൽ മേഖലകൾ കൃഷിയും വനവിഭവശേഖരണവുമാണ്. പ്രകൃതിയുമായി ആദിവാസികൾ പുലർത്തിവന്നിരുന്ന ധാർമ്മികവും സന്തുലിതവുമായ ഇടപെടലുകൾ ഇവരുടെ തൊഴിലിടങ്ങളെ സ്ഥിരമായി ഉർവ്വരവും സമ്പന്നവുമാക്കി നിർത്തി. ഈ സമ്പന്നതയിൽ ആകൃഷ്ടരായ മേലാളന്മാർ ആദിവാസികളെ പ്രീണിപ്പിച്ചും ഭയപ്പെടുത്തിയും ഭൂമി സ്വന്തമാക്കുകയും വനവിഭവങ്ങൾ കൊള്ളയടിച്ച് വനങ്ങളെത്തന്നെ ഇല്ലാതാക്കുകയും ചെയ്തു. നോവലുകളിൽ പരാമർശിക്കുന്ന ഇത്തരം സന്ദർഭങ്ങളെ വിശദമായി പരിശോധിക്കുന്നു.

#### 4.7.1.1.1. കൃഷിയിടങ്ങൾ

ആദിവാസികളിൽ ഭൂരിഭാഗം ഗണങ്ങളും പണ്ടുമുതലേ കൃഷി ഉപജീവനമാർഗ്ഗമാക്കിയിരുന്നവരാണെന്നു ചരിത്രം സാക്ഷ്യപ്പെടുത്തുന്നുണ്ട്. സംഘമായി കൃഷി ചെയ്യുകയും സംഘമായി വിളവ് അനുഭവിക്കുകയും ചെയ്യുന്ന രീതിയായിരുന്നു ആദിവാസികളുടേത്. കുടിയേറ്റക്കാരുടെ വരവോടെ ആദിവാസിക്കു കൃഷിയിടങ്ങളിലെ ഉടമസ്ഥത നഷ്ടമാകുകയും അവർ ആ ഇടങ്ങളിലെത്തന്നെ വെറും കൂലിക്കാരായി തരംതാഴുകയും ചെയ്യുന്നു.

'കുമൻകൊല്ലി'യുടെ ആമുഖത്തിൽ ഇത്തരം കുടിയേറ്റങ്ങളുടെ ആരംഭചരിത്രം വിവരിച്ചിട്ടുണ്ട്. 'നെല്ലി'ൽ മറ്റൊരു വസ്തുത കൂടി സൂചിപ്പിക്കുന്നുണ്ട്. തിരുനെല്ലിയിലെത്തുന്ന സർവ്വരും കൃഷിക്കാരായി മാറുന്ന കാഴ്ച ഇതിൽ കാണാം. താഴ്വാരത്തു നിന്നു വന്ന ക്ഷുരകൻ ഗോപാലനും തട്ടാൻ ബാപ്പുവും കൊല്ലൻ കൃഷ്ണനും, മണ്ണാൻ രാമനും എല്ലാം 'നെല്ലി'ൽ കൃഷിക്കാരായി മാറുന്നുണ്ട്. ഇങ്ങനെ വന്നവരെല്ലാം കൃഷിക്കാരായി മണ്ണിൽ ഉടമസ്ഥാവകാശം സ്ഥിരീകരിച്ചപ്പോൾ യഥാർത്ഥ ഉടമകളും കൃഷിക്കാരുമായ ആദിവാസികൾ ഇവരുടെയെല്ലാം വെറും അടിമകളായി മാറുന്നു.

> *"തിരുനെല്ലി അടിയാന്റെ തറവാടാണ്, ഈ മണ്ണിൽ വിളയുന്നതെന്തും അടിയാനു അവകാശപ്പെട്ടതാണ്. ഈ നെൽവയലുകൾ മാത്രം എങ്ങനെയവർക്കു നഷ്ടപ്പെട്ടു"*[20]

എന്നു രാഘവൻ നായർ ആദിവാസികളുടെ അടിമത്തത്തിൽ അദ്ഭുതപ്പെടുന്നുണ്ട്.

മണ്ണിനോടും കാടിനോടുമുള്ള ആദിവാസിയുടെ ആദരവും സ്നേഹവും ആഗ്രഹവും നിസ്തുലമാണ്.

> *"കാട് കുറിച്യന്റെ വീടല്ലേ തമ്പ്രാ"*[21]

എന്നാണ് ഇവരുടെ ഭാഷ്യം. ആദിവാസിയുടെ ഈ വൈകാരിക ബന്ധത്തെ പലപ്പോഴും മേലാളർ മുതലെടുക്കുന്നുമുണ്ട്. നഷ്ടപ്പെട്ടുപോയ കൃഷിയിടങ്ങളെ വീണ്ടെടുക്കുക എന്നത് ഏതൊരു അടിയാന്റേയും സ്വപ്നമാണ്. ഇതറിയാവുന്ന മേലാളർ ഉപയോഗശൂന്യമായ ഇടങ്ങൾ മുറിച്ചെഴ്മയ്ക്കു അടിയാനു നൽകുന്നു. കൃഷിയിടത്തിന്റെ താൽക്കാലിക ഉടമസ്ഥനും കൃഷിക്കാരനും ആകുന്നതിന്റെ ഉത്സാഹത്തിൽ, ഊഷരമായ മണ്ണിനെ അത്യദ്ധ്വാനത്തിലൂടെ അടിയാൻ ഉർവ്വരമാക്കുന്നു, കൃഷിയിറക്കുന്നു. ഇപ്രകാരം മണ്ണ് ഉപയോഗയോഗ്യമായിക്കഴിഞ്ഞാൽ അടുത്ത വിളവിറക്കാൻ മേലാളൻ തന്നെ വരുന്നു. പരാതിയോ പ്രതിഷേധമോ ഇല്ലാതെ അടിയാൻ മണ്ണ് മേലാളനു വിട്ടുകൊടുക്കുന്നു. മേലാളന്റെ ഇത്തരം തന്ത്രങ്ങളെ അടിയാൻ മനസ്സിലാക്കാതിരിക്കുന്നില്ല. ആർക്കും വേണ്ടാതെ കിടന്നിരുന്ന പുഴക്കുനി മുറിച്ചെഴ്മയ്ക്കെടുത്ത ചുണ്ടെലിയോട് നിലം ഒഴിഞ്ഞുതരാൻ കാര്യസ്ഥൻ പറയുമ്പോൾ ചുണ്ടെലി ഇങ്ങനെ ചിന്തിക്കുന്നു.

*"പുഴുക്കുനി തെളിയിച്ചു കിട്ടാനുള്ള സൂത്രമായിരുന്നു ഇതൊക്കെ. അതിനാണ് തനിക്കു വിത്തും വല്ലിയും തന്നത്. അവരുടെ ഭൂമി നന്നെന്നു കണ്ടപ്പോൾ അവർ തിരിച്ചെടുക്കുന്നു. പോറ്റാൻ തരുന്ന പശു പ്രസവിച്ചാൽ അവർ തിരികെയെടുക്കുന്നതു പോലെ"*[22]

ഇത് കേവലം ഒരു കാര്യസ്ഥന്റേയും ഒരു അടിയാന്റെയും കഥയല്ല. മറിച്ച് ആദിവാസി വർഗ്ഗത്തിനുമേൽ സർവ്വസാധാരണയായി നടക്കുന്ന രീതിയാണ്. അടിയാനു കൃഷി ചെയ്യുവാനായി ഭൂമി രണ്ടുതരത്തിലാണ് നൽകുന്നത്. പുറമ്പോക്കായും മുറിച്ചെഴ്മയായും. പങ്കു കൃഷിരീതിയായ മുറിച്ചെഴ്മയ്ക്കാണ് അടിയാനു ഭൂമി നൽകുന്നതെങ്കിൽ വിത്തും വല്ലിയും കൂടി മേലാളൻ നൽകും. പുറമ്പോക്കു കൃഷിക്കു ഭൂമിയെടുക്കുമ്പോൾ എല്ലാം അടിയാൻ സ്വയം കണ്ടെത്തണം.

ഏതു രീതിയാണെങ്കിലും ലാഭം എപ്പോഴും മേലാളനു തന്നെയായിരിക്കും. പുറമ്പോക്കു കൃഷിയേറ്റെടുത്താൽ വിത്തിനും വല്ലിക്കും മറ്റുമായി അടിയാനു പണം പലിശയ്ക്കു വാങ്ങേണ്ടിവരുന്നു. വിളവിൽ ലാഭം എത്രയുണ്ടായാലും അത് പലിശ നൽകുവാനേ തികയുകയുള്ളൂ. മറിച്ച് മുറിച്ചെഴ്മയാണെങ്കിൽ കൊയ്തതിന്റെ പകുതി നിലമുടമയ്ക്കു നൽകണം. ഇതിലും ചൂഷണത്തിനു ഒട്ടേറെ പഴുതുകളുണ്ട്.

*"വിള നന്നായാൽ വിളയിൽ പാതിയും നിലവും അവർക്ക്. നന്നായില്ലെങ്കിൽ വിളയത്രയും അവർക്ക്, നിലം കൃഷി ചെയ്തവന്നും. അതിനടുത്ത കൊല്ലത്തേയ്ക്കെങ്കിലും അത് നന്നാവും നന്നാക്കണം."*[23]

ഇങ്ങനെ വിളകൾ കൊയ്തെടുത്ത്, അടിയാളരെക്കൊണ്ട് മേലാളർ വീണ്ടും വീണ്ടും കൃഷി ചെയ്യിച്ച് ഭൂമി നന്നാക്കിയെടുക്കുന്നു. ഇപ്രകാരം നന്നാക്കിയെടുക്കുന്ന ഓരോ ഭൂമിയും അവർ സ്വന്തമാക്കുകയും ചെയ്യുന്നു. ഈ രീതിയിൽ തങ്ങളെ കായികമായും മാനസികമായും ചൂഷണം ചെയ്യുകയാണെന്നു മനസ്സിലാക്കിയിട്ടും മേലാളരുടെ കൃഷിയിടങ്ങളിലേയ്ക്കു ആദിവാസികൾ ഇറങ്ങുന്നത്, മണ്ണിനോടുള്ള സ്നേഹം കൊണ്ടാണ്. 'കൂമൻകൊല്ലി'യിലെ കുങ്കൻ എന്ന കഥാപാത്രം ഇതു തെളിയിക്കുന്നുണ്ട്.

പള്ളിയറവയൽ കുങ്കന്റെ കാരണവന്മാരുടേതായിരുന്നു. താഴ്വാരത്തു നിന്നു വന്നവർ വയലുകൾ തട്ടിയെടുത്തപ്പോൾ കുങ്കൻ കാലിക്കാരനായി. പിന്നീട് നാടൻ പശുക്കൾക്കു പകരം സിന്ധി പശുക്കൾ വന്നപ്പോൾ മനംമടുത്ത് കുങ്കൻ കാട് കയറുന്നു. പള്ളിയറ ഭഗവതിയുടെ സഹായത്തോടെ നഷ്ടപ്പെട്ട മണ്ണ് തിരിച്ചെടുക്കാനാകും എന്ന കാൽപനിക സ്വപ്നമാണ് കുങ്കനെ ജീവിപ്പിക്കുന്നത്. പള്ളിയറവയലിന്റെ ഇപ്പോഴത്തെ ഉടമസ്ഥനായ ഭരതൻ അവിടെ കൃഷിയിറക്കുന്നില്ല. നഗരത്തിൽ നിന്നു വന്ന അഭ്യാസികൾക്കുള്ള താമസസ്ഥലമാക്കി ഭരതൻ ഈ കൃഷിയിടത്തെ മാറ്റിമറിയ്ക്കുന്നു. ദൂരെ കാടിന്റെ നിഗൂഢതയിലിരുന്ന് ഈ കാഴ്ച കാണുന്ന കുങ്കൻ കൃഷി ചെയ്യാനല്ലെങ്കിൽ എന്തിനു ഈ വയലുകൾ തന്നിൽ നിന്ന് തട്ടിപ്പറിച്ചെടുത്തു എന്നോർത്ത് നെടുവീർപ്പിടുന്നുണ്ട്. വയൽ നഷ്ടമായതിനേക്കാൾ അവയുടെ ഉപയോഗിത മാറ്റിമറിച്ചതിലാണ് കുങ്കനു ദുഃഖം. ഭൗതിക ലാഭങ്ങളേക്കാൾ കൃഷിയിടത്തിന്റേയും കാർഷിക വൃത്തിയുടേയും ധാർമ്മിക മൂല്യത്തിൽ ഊന്നുന്ന ആദിവാസിയുടെ മനസ്സാണ് കുങ്കനിലൂടെ പ്രത്യക്ഷീകരിക്കുന്നത്.

#### 4.7.1.1.2. കാർഷികേതര തൊഴിലിടങ്ങളുടെ നഷ്ടം

അധിനിവേശങ്ങൾ കൃഷിക്കാരനായ കുറിച്യനെ കാലിക്കാരനാക്കിയതുപോലെ ആദിവാസികളുടെ ഇതര തൊഴിലിടങ്ങളിൽ നിന്നും അവരെ നിഷ്ക്രമിപ്പിക്കുന്നുണ്ട്. കൃഷിപോലെ തന്നെ പ്രധാനമായിരുന്നു ആദിവാസിക്ക് വനവിഭവശേഖരണവും കാടുകൾ വെട്ടിത്തെളിയിച്ച് കൂപ്പുകളാക്കി മാറ്റിയെടുത്തപ്പോൾ വനത്തോടൊപ്പം വനവിഭവങ്ങളും, വനവിഭവശേഖരണമെന്ന ആദിവാസിയുടെ തൊഴിൽമേഖലയും ഉന്മൂലനം ചെയ്യപ്പെട്ടു. ചീനിക്കയും കറുപ്പക്കായയും തേനുമെല്ലാം ശേഖരിച്ചിരുന്ന വെള്ളി കുന്നിൻപുറത്ത് മുളയ്ക്കുന്ന പുല്ല് വാറ്റി പുൽത്തൈലമുണ്ടാക്കാൻ തുടങ്ങി. വനവിഭവശേഖരണത്തിൽ ആദിവാസി അനുഭവിച്ചിരുന്ന ആനന്ദമോ ആ തൊഴിൽ നൽകിയിരുന്ന ആദായമോ ഇത്തരം പുതിയ തൊഴിലുകൾ നൽകുന്നില്ല. വിപണിയിൽ തേനിനും ചീനിക്കയ്ക്കുമുള്ള മൂല്യം ഒരിക്കലും പുൽത്തൈലത്തിനു ലഭിക്കുകയില്ല. ഇവയുണ്ടാക്കുന്ന സാമ്പത്തിക പ്രതിസന്ധികളിൽ ആദിവാസി നിസ്സഹായനാകുന്നു.

*"കാടില്ലാതെ എങ്ങനെ ചീനിക്ക പെറുക്കും? കറുപ്പു മരങ്ങളെല്ലാം അവർ വെട്ടി നശിപ്പിച്ചില്ലേ"*[24]

എന്നു നിസ്സഹായതയോടെ നെടുവീർപ്പിടുവാൻ മാത്രമേ ആദിവാസിക്കു കഴിയൂ.

വനനശീകരണം വേട്ടയാടലിന്റെ എല്ലാ സാധ്യതകളേയും ഇല്ലാതാക്കിയപ്പോൾ അമ്പെയ്തു ശീലിച്ച പാരമ്പര്യമുള്ള കുറിച്യൻ രാമൻ വെറും അടിമപ്പണിക്കാരനാകുന്നത് 'നെല്ലി'ൽ പരാമർശിക്കുന്നുണ്ട്. 'കൂമൻകൊല്ലി'യിൽ കുറിച്യൻ ചന്തുവാകട്ടെ അലക്കിത്തേച്ച ഖദർവസ്ത്രങ്ങളും മിനുക്കിയ അമ്പും വില്ലുമായി സ്വാതന്ത്ര്യദിനാഘോഷങ്ങളിൽ പങ്കെടുത്ത്, തന്റെ കുലത്തൊഴിൽ പ്രദർശനവസ്തുവും ആഘോഷങ്ങളുടെ ഭാഗവുമാക്കുന്ന കാഴ്ചയാണ് കാണാനാകുന്നത്. ആദിവാസി സ്വത്വത്തെ പാടേ ഉപേക്ഷിച്ച്, മേലാളരുടെ ഇംഗിതങ്ങൾക്കനുസരിച്ച് കോമാളി വേഷം കെട്ടുന്ന ഈ കഥാപാത്രം, ഇതിവൃത്തഘടനയിൽ ഒരു ക്രൂരഫലിതമെന്ന പോലെ പ്രത്യക്ഷപ്പെടുന്നു.

### 4.7.1.2 വേതനവ്യവസ്ഥയിലെ അക്ലിപ്തത

അമിതാദ്ധ്വാനവും കുറഞ്ഞ വേതനനിരക്കും മേലാളർ കീഴാളരുടെ മേൽ കാലാകാലങ്ങളായി നടപ്പിലാക്കുന്ന നിയമസംഹിതയാണ്.

"നേരംപോയ നേരത്തും കൊല്ലാക്കൊല കൊല്ലണിയോ

അരമുറിക്കരിക്കും തന്നു കൊല്ലാക്കൊല കൊല്ലണിയോ..."[24]

എന്നിങ്ങനെയുള്ള നാടൻപാട്ടുകൾ മേലാളന്റെ[26] ക്രൂരതകളെക്കുറിച്ചുള്ള അടിയാളരുടെ പരിദേവനങ്ങളുടെ സാക്ഷ്യങ്ങളാണ്. സ്വാതന്ത്ര്യലബ്ധിക്കു ശേഷമുള്ള സോഷ്യലിസ്റ്റ് ഭരണസംവിധാനങ്ങളും ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളും തൊഴിലാളികളുടെ തൊഴിൽ സമയത്തിനും വേതനത്തിനും വ്യവസ്ഥയുണ്ടാക്കി. പൊതുധാരാ സമൂഹത്തിൽ നടപ്പാക്കപ്പെട്ട ഇത്തരം തൊഴിലാളി ക്ഷേമപ്രവർത്തനങ്ങളൊന്നും ആദിവാസി സമൂഹത്തിലേയ്ക്കു കടന്നുവന്നിട്ടില്ല. 'നെല്ലി'ലും 'കൂമൻകൊല്ലി'യിലും ഇവയെ വിശദമായി ആഖ്യാനം ചെയ്യുന്നു.

മേലാളർ കൃഷിപ്പണിയ്ക്കാണ് പ്രധാനമായും അടിയാളരെ ഉപയോഗപ്പെടുത്തുന്നത്. കൃഷി നടത്തുന്നതിനും കാവൽകിടക്കുന്നതിനും അടിയാളരെ നിയോഗിക്കുന്നു. കൃഷിപ്പണിക്കു പൊതുവെ വ്യവസ്ഥപ്പെടുത്തിയിരിക്കുന്ന വേതനം പുരുഷനു മൂന്നു മാനം നെല്ലും സ്ത്രീയ്ക്കു രണ്ടുമാനം നെല്ലുമാണ്. ഇന്നുള്ള തലമുറയുടെ മുതുമുത്തച്ഛന്മാരുടെ കാലത്ത് ആരംഭിച്ച വ്യവസ്ഥ മാറ്റമില്ലാതെ ഇന്നും തുടരുന്നു. അടിയാളരോട് അനുഭാവമുള്ള രാഘവൻ നായർ ഈ രീതിയിലെ അനീതിയെക്കുറിച്ച് ബോധവാനാണ്.

> *"നെല്ലിനു വണ്ടിക്ക് ഇരുനൂറ്റമ്പതുണ്ടായിരുന്നത് അഞ്ഞൂറായി. വല്ലി രണ്ടും മൂന്നും തന്നെ"* [26]

ഏതെങ്കിലും ഒരു കളത്തിലെ സ്ഥിരം പണിക്കാരനാണെങ്കിൽ അവകാശമായി അടിയാളനു കുണ്ടൽ ലഭിക്കും. അഞ്ചുപൊതി നെല്ലാണ് കുണ്ടലിന്റെ വകയിൽ ലഭിക്കുന്നത്. പക്ഷേ വർഷാവസാനത്തിൽ ഇതു മുഴുവനായി ഒരിക്കലും അടിയാളനു ലഭിക്കാറില്ല. വർഷത്തിൽ കൃഷിപ്പണിയില്ലാത്ത നാളുകൾ പകുതിയിലധികം വരും. ഈ ദിവസങ്ങളിൽ ഇവർ പറ്റുന്ന നെല്ല് തട്ടികിഴിക്കുമ്പോൾ വർഷാവസാനത്തിൽ ഒരിക്കലും കുണ്ടൽ നൽകേണ്ടിവരുന്നില്ല.

അടിയാളരെ കളത്തിലെ സ്ഥിരം പണിക്കാരാക്കി മാറ്റുന്നതും വളരെ തന്ത്രപൂർവ്വമാണ്. തിരുനെല്ലിയിലെ ആദിവാസികളെല്ലാവരും ഉത്സാഹപൂർവ്വം കാത്തിരിക്കുന്ന വള്ളിയൂർക്കാവിലെ ആറാട്ടിനാണ് ഈ 'അടിമക്കച്ചവടം' നടക്കുന്നത്.

> *"മേലാളൻ ഒരു കൊല്ലത്തേയ്ക്കു വിലയ്ക്കുവാങ്ങേണ്ട ആളുകളുടെ കണക്കുകൂട്ടുന്നു. വേണ്ടവരെ കണ്ണിട്ടുവയ്ക്കുന്നു. അരയിൽ തിരുകിയ നോട്ടു ചുരുളുകളുമായി ആറാട്ടുചന്തയിലൂടെ നാലുവട്ടം നടക്കുന്നു. അടിയാത്തിക്കു സമ്മാനിക്കാൻ കൊതിയോടെ വാങ്ങിയ ചേല, പണം തികയാഞ്ഞ് അടിയാൻ നിരാശയോടെ കച്ചവടക്കാരനു തിരിച്ചുകൊടുക്കുമ്പോൾ മേലാളൻ അവനു അടിമപ്പണം നൽകുന്നു".* [27]

മേലാളർ അടിയാളരെ വിലയ്ക്കെടുക്കുന്നതാണ് 'നെല്ലി'ൽ ഈ വിധത്തിൽ വിവരിച്ചിരിക്കുന്നത്.

ഇതോടെ മേലാളൻ, വിലയ്ക്കെടുത്ത അടിയാളനെ തന്റെ നിയന്ത്രണത്തിൽ കയറില്ലാതെ കെട്ടിയിടുകയാണ്.

സമയക്ലിപ്തതയില്ലാതെ മേലാളൻ പറയുന്ന ജോലികളെല്ലാം രാത്രിയാവോളം നിന്നു പണിതതിനുശേഷം പലപ്പോഴും മേലാളൻ പറയുന്നത് 'വല്ലി പിന്നെയെടുക്കാം, നെല്ലിരിപ്പില്ല' എന്നാകും. അന്നന്നു വല്ലിയായി ലഭിക്കുന്ന നെല്ല് അരിയാക്കി അന്നന്നത്തെ അന്നമാക്കുന്ന അടിയാളർ ഈ ദിവസങ്ങളിൽ കഠിനാദ്ധ്വാനത്തിനുശേഷം വിശപ്പും ക്ഷീണവും കൊണ്ട് ഉറങ്ങിപ്പോകുന്നു.

ഏതെങ്കിലും കളത്തിലെ സ്ഥിരം പണിക്കാരനെന്നുവച്ചാൽ അടിമ എന്നുതന്നെയാണ് അർത്ഥം. കളത്തിൽ പണിയുള്ള ദിവസങ്ങളിൽ മേലാളൻ കൂലി കൊടുക്കുന്നു. എന്നാൽ പണിയില്ലാത്ത ദിവസങ്ങളിലെ അവരുടെ പട്ടിണിയുടെ ഉത്തരവാദിത്വം മേലാളൻ ഏറ്റെടുക്കുകയില്ല. വിശപ്പു സഹിക്കാനാകാതെ പണിയില്ലാത്ത ദിവസങ്ങളിൽ പുറത്തു കൂപ്പുപണിക്കോ മറ്റോ പോകുവാൻ അടിയാളർ തയ്യാറായാലും അവരെ വിലയ്ക്കെടുത്ത മേലാളർ അതിന് അനുവദിക്കുകയില്ല.

> *"പറയുന്ന പണി ചെയ്തും പണിയില്ലാത്ത കാലങ്ങളിൽ വയലിൽ കണ്ണു നട്ടും ഞണ്ട് പിടിച്ചും ഇരിക്കേണ്ടവർ. പട്ടിണി കിടക്കേണ്ടവർ, പുതിയ സമ്പാദ്യങ്ങൾ തേടിപ്പോകുന്നത് മേലാളർക്ക് രസിച്ചില്ല"*[28]

ഭൂമിശാസ്ത്രമോ പശ്ചാത്തലമോ മാറിയതുകൊണ്ട് ആദിവാസികൾക്കു നേരെയുള്ള ഇത്തരം തൊഴിൽ ചൂഷണങ്ങൾ ഇല്ലാതാകുന്നില്ല. നിവൃത്തികേടുകൊണ്ട് കൂപ്പുപണികൾക്കു പോകുന്ന ഇവർക്കു മെച്ചപ്പെട്ട സാഹചര്യങ്ങളൊന്നും ലഭിക്കുന്നില്ല. 'മൂന്നു രൂപ, ചായ, സുഖം' എന്നോർത്തു കൂപ്പുപണിക്കു പോകുന്ന ഇവരിൽ കാടിന്നപ്പുറം എന്താണെന്നു കാണാമല്ലോ എന്ന ഉത്സാഹവുമുണ്ട്. അദ്ധ്വാനസാഹചര്യവും കാലാവസ്ഥയും എല്ലാം പ്രതികൂലമാണെന്നറിഞ്ഞിട്ടും ആദിവാസികളെ ഇത്തരം കൂപ്പുകളിലേയ്ക്കു ആകർഷിക്കുന്നത് അവരുടെ ജീവിതബാധ്യതകളാണ്.

അടിമക്കച്ചവടം നിയമം മൂലം നിരോധിച്ചിട്ട് വർഷങ്ങൾ കഴിഞ്ഞിട്ടും നടക്കുന്ന ഇത്തരം

രീതികളോട് പൊരുത്തപ്പെടുവാൻ രാഘവൻ നായരെപ്പോലെ മനുഷ്യത്വമുള്ളവർക്കു സാധിക്കുന്നില്ല. എങ്കിലും ഒരു പൊതുഘടനയിൽ ഉൾപ്പെട്ടുപോകുമ്പോഴുള്ള നിസ്സഹായതയിൽ ഇവരും ഇതിനു നിർബന്ധിക്കപ്പെടുന്നു.

> *"താനൊരാൾ മനുഷ്യനെ വിലയ്ക്കെടുക്കില്ല എന്ന സിദ്ധാന്തത്തിൽ ഉറച്ചുനിന്നതുകൊണ്ടായില്ല. തന്റെ സിദ്ധാന്തത്തെ മാത്രം പോറ്റിയാൽ പോരല്ലോ".* [29]

വ്യക്ത്യാദർശങ്ങളെ, ഫലപ്രദമായി പ്രാവർത്തികമാകുന്ന സാമൂഹ്യനിയമങ്ങളാക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്കാണ് രാഘവൻ നായർ വിരൽചൂണ്ടുന്നത്.

ആദിവാസികളിലും പുരുഷന്മാരേക്കാൾ സ്ത്രീകളാണ് അമിതാദ്ധ്വാനത്തിനു നിർബന്ധിതരാകുന്നത്. വയലിൽ പണി ചെയ്യുന്ന സ്ത്രീകൾക്കു രണ്ടുമാനം നെല്ല് കൂലിയായി ലഭിക്കുന്നുണ്ട്. വീട്ടുവേലയ്ക്കു നിർത്തിയിരിക്കുന്ന സ്ത്രീകൾക്കു ഒരു നേരത്തെ പഴകിപ്പുളിച്ച ഭക്ഷണമല്ലാതെ മറ്റ് കൂലിയൊന്നും നൽകുന്നില്ല. ഇരുട്ട് വീണാലും അവസാനിക്കാത്ത വേലകളുടെ അവസാനത്തിൽ ബാക്കിയാവുന്നത് പട്ടിണി തന്നെയാണ്.

ഭക്ഷണം കണ്ടിട്ടുതന്നെ ഏറെ നാളുകൾ കഴിഞ്ഞ സന്ദർഭത്തിൽ, മനയ്ക്കലെ വളപ്പിൽ പടരുന്ന മത്തനിലകളെ നോക്കി പേമ്പി കൊതിയോടെ നിൽക്കുന്ന രംഗം 'നെല്ലി'ൽ കാണാം.

> *"രണ്ടില ചോദിക്കാം. താനും നനച്ചതാണല്ലോ. നെല്ലിടിച്ചു കഴിഞ്ഞ് കല്ലരിയുമായി അന്തിക്കു കുടിലിലേക്കു തിരിയുമ്പോൾ ഏമ്പ്രേശാത്തി പറയും. കയ്പത്തടത്തിൽ നാലുകുടം വെള്ളം ഒഴിച്ചിട്ടുപോ എല്ലാ തടങ്ങളും ഒന്നും നനയണമെങ്കിൽ ഇരുട്ടുംവരെ പണിയണം.*
>
> *'ചോദിച്ചില്ല, തരില്ല- രണ്ടെണ്ണം മതി. വെറും രണ്ടില. വെള്ളത്തിലിട്ട് വാട്ടി നാവിൽ വയ്ക്കാൻ"* [30]

രണ്ടു മത്തനിലകൾക്കായി ഇത്രയേറെ കൊതിക്കുന്ന പേമ്പിയുടെ ചിത്രം ആ വർഗ്ഗം അനുഭവിക്കുന്ന തീവ്രദുരിതങ്ങളുടെ ഒരു യഥാർത്ഥ സാക്ഷ്യപത്രമാണ്.

രാത്രിയിൽ കാവൽ കിടക്കുന്നതിന് അടിയാളനു പ്രത്യേക വേതനങ്ങളൊന്നുമില്ല. രാത്രി വയലിനു കാവൽ കിടക്കുമ്പോൾ അടിയാളൻ ഉറങ്ങാതിരിക്കുക എന്നത് മേലാളന്റെ ആവശ്യമായതിനാൽ രാത്രിയിൽ ഭക്ഷണം നൽകുന്ന പതിവുണ്ട്. തിരുനെല്ലിയിലെ കൊടുംതണുപ്പിനെ പ്രതിരോധിച്ചു നിർത്തുവാൻ ഒരു ഔദാര്യം പോലെ, കാവൽ കിടക്കുന്നവന് രണ്ടു കരീക്കനും നൽകുന്നു. തണുപ്പകറ്റാൻ കമ്പിളി എന്ന ആർഭാടം കൊടുക്കുവാൻ മേലാളനും, അത് സ്വീകരിക്കുവാൻ അടിയാളനും മടിക്കുന്നു. കമ്പിളി തുടങ്ങിയ സൗകര്യങ്ങൾ അടിയാളനിലെ കാവലിന്റെ ജാഗ്രതയെ ചോർത്തിക്കളയുമെന്ന് മേലാളൻ ഭയപ്പെടുമ്പോൾ, കമ്പിളി നൽകുന്ന സുഖത്തിൽ അറിയാതെ ഉറങ്ങിപ്പോയി ജോലിയുടെ ഉത്തരവാദിത്വത്തിൽ വിടവുകളുണ്ടാക്കാൻ അടിയാളനും ഇഷ്ടപ്പെടുന്നില്ല.

ആദിവാസികൾക്കിടയിൽ നിലനിൽക്കുന്ന കാലഹരണപ്പെട്ട വേതനവ്യവസ്ഥകളെ പരിഷ്ക്കരിക്കാനുള്ള ശ്രമങ്ങളും ഈ നോവലുകളിൽ വിവരിക്കുന്നുണ്ട്. 'നെല്ലി'ൽ രാഘവൻ നായരും, അറുമുഖനും 'കൂമൻകൊല്ലി'യിൽ ബാലൻ നമ്പ്യാരും അപ്പുവും, 'ആഗ്നേയ'ത്തിൽ അപ്പുവും കൂട്ടുകാരും നടത്തുന്ന ഇത്തരം പരിഷ്ക്കരണ ശ്രമങ്ങൾ യാഥാസ്ഥിതികരായ മറ്റ് മേലാളന്മാരേയും സേവനവേതന വ്യവസ്ഥകൾ പുനഃക്രമീകരിക്കുവാൻ നിർബന്ധിതരാക്കുന്നു. പക്ഷേ തങ്ങളുടെ കുടിലബുദ്ധി ഉപയോഗിച്ച് ഇത്തരം അവസരങ്ങളും ഈ യാഥാസ്ഥിതിക മേലാളർ തന്ത്രപൂർവ്വം തരണം ചെയ്യുന്നുണ്ട്. അങ്ങനെ അടിയാളരുടെ തോൽവികൾ വീണ്ടും തുടർക്കഥയാകുന്നു.

പുരുഷനും സ്ത്രീയും മൂന്ന്-രണ്ട് എന്നായിരുന്ന വല്ലിക്കണക്ക് നാല്- മൂന്ന് എന്നാക്കി ഉയർത്താൻ നിർബന്ധിതരായപ്പോൾ ഈ മേലാളർ വ്യാജ അളവുപാത്രങ്ങൾ നിർമ്മിക്കുന്നു. മൂസ്സിന്റെ കാര്യസ്ഥൻ രാമൻ നായർ മുളനാഴിയുടെ വലുപ്പം പാറയിൽ ഉരച്ചു ചെറുതാക്കുന്നത് 'നെല്ലി'ൽ കാണാം. ചൂഷകരായ മേലാളരുടെ പ്രതീകമാണ് 'നെല്ലി'ലെ കിട്ടുവാര്യർ. ആദിവാസികളെ ആർത്ഥികമായും ശാരീരികമായും ചൂഷണം ചെയ്തു തിരുനെല്ലിയിലെ ഏറ്റവും വലിയ ജന്മിയാകാൻ ഇദ്ദേഹം ശ്രമിക്കുന്നു. അതുകൊണ്ട് കൂലി കൂട്ടിക്കൊടുക്കേണ്ട ഒരവസ്ഥ വരുമ്പോൾ കിട്ടുവാര്യർ തൃശ്ശിലേരിയിൽ നിന്നു പണിയരെ കൊണ്ടുവരുന്നു. കിട്ടുവാര്യരുടെ സ്ഥിരം പണിക്കാരെ ഭയപ്പെടുത്താൻ അത്രയും തന്നെ ധാരാളമായിരുന്നു.

അടുത്തദിവസം പണിയർ തിരിച്ചുപോയെങ്കിലും കൂലിക്കൂടുതലിനായി വിട്ടുനിന്ന അടിയാളന്മാർ, കിട്ടുവാര്യരുടെ ഏകപക്ഷീയമായ എല്ലാ നിബന്ധനകളും അനുസരിച്ച് ജോലിക്കിറങ്ങുന്നു. കഷ്ടിച്ചൊരു നേരത്തെ കഞ്ഞി കൊടുത്താലും പണിയെടുക്കുവാൻ തയ്യാറാകുന്ന നിസ്സഹായമായ ആ സമൂഹത്തിനുമേൽ തന്റെ ഏകപക്ഷീയമായ തീരുമാനങ്ങൾ അടിച്ചേല്പിക്കുവാൻ കിട്ടുവാര്യർക്കു യാതൊരു ബുദ്ധിമുട്ടുമില്ല.

ഏതവസ്ഥയിലും ലാഭം തങ്ങളുടെ പക്ഷത്താക്കുന്നതിൽ മേലാളൻ വിജയിക്കുന്നു. വിപണിയിൽ നെല്ലിന്റെ വിലനിലവാരത്തിനു സംഭവിക്കുന്ന ഏറ്റക്കുറച്ചിലുകളനുസരിച്ച് അടിയാനു നൽകുന്ന കൂലിയുടെ രീതി ഇവർ വ്യത്യാസപ്പെടുത്തുന്നു. നെല്ലിനു വില കൂടുമ്പോൾ കൂലി പൈസയായും അതല്ലെങ്കിൽ നെല്ലായും അടിയാളരുടെ വേതനം മാറിമറിയുന്നു. നെല്ലിനു ലെവി ഏർപ്പെടുത്തിയപ്പോൾ ബ്ലാക്കിൽ നെല്ലിന്റെ വില വർദ്ധിച്ചു. അതുകൊണ്ട് ആ വർഷം അടിയാളർക്കുള്ള കൂലി പൈസയായി കൊടുക്കാമെന്നു കിട്ടുവാര്യർ രാഘവൻ നായരോട് പറയുന്നുണ്ട്.

തോലാവെള്ളനെന്ന അടിയാനെ കിട്ടുവാര്യർ കള്ളനാക്കി ചിത്രീകരിക്കുന്ന ഒരു സന്ദർഭം 'നെല്ലി'ലുണ്ട്. ലെവി നടന്നുകൊണ്ടിരിക്കുമ്പോൾ ആരോ ഒരു ചാക്ക് നെല്ല് ബ്ലാക്കിൽ വിൽക്കുവാൻ തോലാവെള്ളനെ ഏല്പിക്കുന്നു. തോലാവെള്ളൻ ഈ നെല്ല് വിൽക്കുന്നത് കാണുന്ന കിട്ടുവാര്യർ അത് തന്റെ അറയിൽ നിന്നു മോഷണം പോയതാണെന്നു ആരോപിച്ച് പോലീസിനെ വരുത്തുന്നു. തോലാവെള്ളന്റെ ദയനീയത കണ്ട് പോലീസ് ഒരു നടപടിയും എടുക്കാതെ തിരിച്ചുപോകുന്നു. പക്ഷേ ആത്മാഭിമാനത്തിനേറ്റ ഈ വലിയ ക്ഷതത്തിൽ മനംനൊന്ത് തോലാവെള്ളൻ ആ നാടുതന്നെ ഉപേക്ഷിച്ചുപോകുന്നു. തോലാവെള്ളനെ കിട്ടുവാര്യർ ഇപ്രകാരം അപരാധിയാക്കിയതിന്റെ കാരണം രാഘവൻ നായരുടെ സഹായത്തോടെ തോലാവെള്ളൻ ഒരു കൃഷിക്കാരനാകാൻ ശ്രമിച്ചു എന്നതു മാത്രമാണ്. കിട്ടുവാര്യരെപ്പോലെയുള്ള മേലാളർ അടിയാളർ എന്നും അടിയാളരായി മാത്രം തുടരുവാൻ താൽപര്യപ്പെടുന്നു.

### 4.7.1.3. വ്യാപാരങ്ങളിലെ സാമ്പത്തിക ചൂഷണങ്ങൾ

വനവിഭവങ്ങളെ മാത്രം ആശ്രയിച്ച് ഉപജീവനം കഴിച്ചിരുന്ന ആദിവാസി ജീവിതചരിത്ര

ത്തിന് ഇന്ന് പ്രസക്തിയില്ല. തങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾക്കായി ആദിവാസികൾക്കും ഇന്നു വിപണിയെ ആശ്രയിക്കേണ്ടിവരുന്നു. ഇവരുടെ അറിവില്ലായ്മയും ആവശ്യകതയും മനസ്സിലാക്കി ഇവരുമായി നടത്തുന്ന വ്യാപാരബന്ധങ്ങളിലെല്ലാം പുറംലോകത്തിന്റെ വിപണി മായം കലർത്തുന്നു. 'നെല്ലി'ലും 'കൂമൻകൊല്ലി'യിലും സെയ്ത് എന്ന വ്യക്തിയിലൂടെയാണ് ആദിവാസികൾ കൊടുക്കൽ വാങ്ങലുകൾ നടത്തുന്നത്. അതുകൊണ്ടുതന്നെ സെയ്തിനെ ഒരു വ്യക്തിയ്ക്കപ്പുറം പുറംലോകത്തിന്റെ വിപണിയുടെ പ്രതീകമായി കണക്കാക്കണം. സെയ്ത് ഇവരുമായി നടത്തുന്ന കച്ചവടങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

> *"ഒരു ടിൻ തേൻ, ഒരു ചുമട് ചീനിക്ക ഒരുറുപ്പികയ്ക്കൊരു കുപ്പി, ചിലപ്പോൾ എട്ടണയ്ക്ക്, തിടുങ്ങിയ വേളകളിൽ ഒരു ഗ്ലാസ്സ് ചായയ്ക്കും ഒരു കഷണം പുകയിലയ്ക്കും കിട്ടുന്ന തേൻ സെയ്ത് ശേഖരിക്കുന്നു"*[31]

ഇങ്ങനെ നിസ്സാരമായി സെയ്ത് ശേഖരിക്കുന്ന ഈ വനവിഭവങ്ങൾ സെയ്തിന്റെ സാമ്പത്തികനിലവാരം വളരെയധികം മെച്ചപ്പെടുത്തുന്നു.

കൂലിയായി കിട്ടുന്ന നെല്ല് ഉപയോഗിച്ചാണ് ആദിവാസികൾ സെയ്തുമായി വ്യാപാരം നടത്തുന്നത്. ഒരു മാനം നെല്ല് കൊടുത്താൽ സെയ്ത് നൽകുന്നത് ഒരു ചായ, നാല്മത്തി, രണ്ട് മുളക്, ഒരു പിടി ഉപ്പ് എന്നിവയാണ്. ഇത്രയും കഴിഞ്ഞാൽ കൂലിയിൽ ബാക്കിയാകുന്ന, ഒരു നാഴി തികയാത്ത പച്ച നെല്ല് കൊണ്ട് ഒരു കുടുംബം പുലരണം.

വിശേഷാവസരങ്ങളിൽ ആവശ്യമാകുന്ന വസ്തുക്കൾക്കും അടിയാളർ സെയ്തിനെ തന്നെയാണ് ആശ്രയിക്കുന്നത്. അവരുടെ വഴിപാടുകൾക്കും നേർച്ചകൾക്കും വേണ്ട വസ്തുക്കളുടെ വിലയും ഇപ്രകാരം തന്നെയാണ്.

> *"ഒരു സേർ നെല്ല് കൊടുത്താൽ ഒരു ചെറിയ തേങ്ങ കിട്ടും. ഒരു മാനം കൂടി കൊടുത്താൽ നാലഞ്ചു പഴവും".*[32]

ഒരു കട്ട അലക്കുസോപ്പിന് - അതും പതയില്ലാത്ത പച്ചനിറമുള്ള സോപ്പിന് - സെയ്ത് ഈടാക്കുന്ന വില ഒരു മാനം വല്ലിയാണ്. അടിയാളനു ആകെ കിട്ടുന്ന കൂലി മൂന്നുമാനമാ

ണെന്നു ചിന്തിക്കുമ്പോഴാണ് സെയ്ത് എന്ന കച്ചവടക്കാരൻ നടത്തുന്ന ചൂഷണത്തിന്റെ ആഴം മനസ്സിലാക്കാനാകുന്നത്.

ആവശ്യങ്ങൾക്കും അവസരങ്ങൾക്കുമനുസരിച്ച് തന്റെ വ്യാപാരതന്ത്രങ്ങളിൽ സെയ്ത് പുതിയ പല പദ്ധതികളും ആവിഷ്ക്കരിക്കുന്നുണ്ട്. വിലയോ ഗുണമോ പരിശോധിക്കപ്പെടാതെ എന്തും ചെലവാകുന്ന വള്ളിയൂർക്കാവിലെ ആറാട്ടിനു വലിയ തയ്യാറെടുപ്പുകളുമായാണ് സെയ്ത് എത്തുന്നത്. തിരുനെല്ലിയിലെ പുഴക്കരയിൽ വെറുതെ കിടന്ന മണ്ണിൽ മുളച്ചുണ്ടായ തണ്ണീർമത്തൻ ഇരുപതിലധികം കഷണങ്ങളാക്കി അന്നേദിവസം സെയ്ത് അടിയാളർക്കു തന്നെ വിറ്റ് ലാഭമുണ്ടാക്കുന്നു.

അടിയാളർക്കു കൂലിയായി പൈസ കൊടുക്കുന്ന അവസരങ്ങളിൽ, സെയ്ത് അവർക്ക് അരി വിൽക്കുന്നു. ഈ വിൽപനയുടെ രീതി ഇങ്ങനെയാണ്.

> *"രണ്ട് രൂപയ്ക്കു അര ഇടങ്ങഴി അരി. അരിച്ചാക്കിനു മീതെ നിന്ന് അവൻ വെള്ളം നിറച്ചിരുന്ന കൂജ മാറ്റിവെച്ചു. വെള്ളം വറ്റിക്കഴിഞ്ഞിരുന്നു. ചീർത്ത് വെന്തവറ്റോളം വലിപ്പം വന്ന അരി. അളക്കുമ്പോൾ നാഴിയിൽ പിടിക്കും. കുട്ടയിലേയ്ക്കു ചെരിയുമ്പോൾ അരിയിലെ കല്ലുകൾ കലപില കൂട്ടി".* [35]

നെല്ലിന്റെ നാടായ തിരുനെല്ലി, സ്വന്തം തറവാടായ ആദിവാസികളാണ് ഈ തരത്തിൽ കബളിപ്പിക്കപ്പെടുന്നത്. അരി തുടങ്ങിയ അത്യാവശ്യ വസ്തുക്കളുടെ പേരിൽ സെയ്ത് നടത്തുന്ന ഇത്തരം ചൂഷണങ്ങളിൽ നിന്നു അൽപമെങ്കിലും ആദിവാസികളെ രക്ഷപ്പെടുത്തുവാനായി, 'നെല്ലി'ൽ തിരുനെല്ലിയിലേയ്ക്കു ഒരു റേഷൻകട കൊണ്ടുവരുവാൻ അറുമുഖൻ ശ്രമിക്കുന്നുണ്ട്. കൂടുതൽ സ്വാധീനമുള്ളവർ ഈ പ്രവർത്തനങ്ങൾക്കു തുരങ്കം വയ്ക്കുകയും ചെയ്യുന്നു. റേഷൻ വാങ്ങാനാണെങ്കിലും പൈസ ആവശ്യമായതുകൊണ്ട് അത് കയ്യിലില്ലാത്ത ആദിവാസികൾ തങ്ങളുടെ റേഷൻ കാർഡുകൾ സ്ഥിരമായി പണയം വയ്ക്കുകയോ വിൽക്കുകയോ ചെയ്യുന്നു.

### 4.7.2. സാംസ്ക്കാരിക ചൂഷണങ്ങൾ

ആർത്ഥിക ചൂഷണങ്ങൾ ഒരു ജനതയുടെ ജീവിതനിലവാരങ്ങളേയും രീതികളേയുമാണ്

ബാധിക്കുന്നതെങ്കിൽ സാംസ്കാരിക ചൂഷണങ്ങൾ ജനതയുടെ ജീവിതപരിസരങ്ങളെ മാറ്റിമറിക്കുകയും നിലനിൽപ് സന്ദിഗ്ദ്ധമാക്കുകയും ചെയ്യുന്നു. സാംസ്കാരിക ചൂഷണങ്ങൾ പ്രധാനമായും മതവിശ്വാസങ്ങളിലൂടെയാണ് പ്രവർത്തിക്കുന്നത്.

മതത്തിന് അഭിപ്രായം എന്നർത്ഥമുണ്ട്. ഒരു പ്രത്യേക മതവിഭാഗം എന്നതുകൊണ്ട് ഒരു സമൂഹമാണ് സൂചിതമാകുന്നതെങ്കിലും, ഇത്തരമൊരു സമൂഹത്തിൽ അംഗമായിരിക്കുമ്പോൾത്തന്നെ സാധ്യമാകുന്ന വ്യക്തിസ്വാതന്ത്ര്യത്തെ മതത്തിന്റെ ഈ അർത്ഥം സാധൂകരിക്കുന്നുണ്ട്. അപ്പോൾ മതം, അതിനനുബന്ധമായി വരുന്ന ഭക്തി, ഈശ്വരാരാധന ഇവയെല്ലാം തീർത്തും വൈയക്തികമായി തിരിച്ചറിയേണ്ട വസ്തുതകളാകുന്നു. ഈശ്വരാരാധനാരീതികൾ ഓരോ മതത്തിനും വ്യത്യസ്തമാകുമ്പോഴും അവയിൽ വൈയക്തികതയ്ക്കു പ്രസക്തിയുണ്ട്.

ആദിവാസികളുടെ ഈശ്വരസങ്കല്പവും ആരാധനാരീതികളും ഇതര സമൂഹങ്ങളിൽ നിന്നു തീർത്തും വ്യത്യസ്തമാണ്. തങ്ങളുടെ ആരാധനാമൂർത്തികളുടെ ശാപാനുഗ്രഹങ്ങൾ പ്രകൃതിയുടെ ചലനങ്ങളിലൂടെയാണ് ഇവർ അറിയുന്നത്. പെട്ടെന്നു പൊങ്ങിവീശുന്ന ചുഴലി മലങ്കാരിയുടെ ഓർമ്മപ്പെടുത്തലാണ്. മൂർത്തരൂപങ്ങളേക്കാൾ അമൂർത്തസങ്കല്പങ്ങളെയാണ് ഇവർ ആരാധിക്കുന്നത്. മലങ്കാരി എന്ന ദേവത 'നെല്ലി'ൽ പലയിടത്തും പരാമർശിക്കപ്പെടുന്നുണ്ടെങ്കിലും ഈ ദേവതയുടെ മൂർത്തരൂപത്തെക്കുറിച്ചുള്ള വിവരണം നോവലിലൊരിടത്തുമില്ല. കാടുകയറ്റത്തേയും ഇറക്കത്തേയും, അവർക്കായി കിഴങ്ങുകൾ ഒളിപ്പിച്ചുവയ്ക്കുന്ന, തേൻ കൂടുകൾ ഒരുക്കുന്ന മലങ്കാരിയുടെ പുടവത്തുമ്പ് പിടിക്കലും വിട്ടുപോരലുമായി വിവരിക്കുന്നതുകൊണ്ട് മലങ്കാരി, വനം തന്നെയാകണം. കർക്കശമായ ആരാധനാരീതികളെക്കുറിച്ചോ പൊതുപ്രാർത്ഥനാദിനങ്ങളെക്കുറിച്ചോ ഉള്ള പരാമർശങ്ങളൊന്നുമില്ല. ഇപ്രകാരം സ്വച്ഛവും സ്വതന്ത്രവുമായ ആരാധനാ രീതികളുമായി കഴിയുന്ന ഈ ഗോത്രവർഗ്ഗക്കാരിൽ, സെമിറ്റിക്ക് മതം തങ്ങളുടെ കർശനനിയമാവലികളുമായി കടന്നാക്രമണം നടത്തുന്നത് 'കൂമൻകൊല്ലി'യിലും 'റോസ്മേരിയുടെ ആകാശങ്ങളിലും' കാണാം.

പ്രത്യേക സംഭവവികാസങ്ങളേതുമില്ലാതെ ജീവിതം തീർത്തും യാന്ത്രികമായി തുടർന്നു

കൊണ്ടിരിക്കുന്ന അവസ്ഥയിലാണ് 'കൂമൻകൊല്ലി'യിൽ ഡാനിയേലച്ചൻ എത്തുന്നത്. സംഭാഷണങ്ങളിലും പെരുമാറ്റത്തിലും അധിക മാന്യത പ്രദർശിപ്പിക്കുന്ന ഇദ്ദേഹത്തിന്റെ ഇടപെടലുകൾ സ്വാഭാവികമായും അടിയാളരെ ആകർഷിക്കുന്നു.

> *"അരുത്! അഴുക്കായ കൈ ഉടുപ്പിൽ തൂക്കരുത്, മകളേ, മകളേ എന്ന ശബ്ദം കേട്ട് ബന്ദി തിരിഞ്ഞുനിന്നു".* [34]

നല്ല വസ്ത്രം ധരിച്ചുനടക്കുന്നവർ തങ്ങളെ ശകാരിക്കുന്നതുമാത്രം കേട്ട് ശീലിച്ച ബന്ദിക്ക് ആദ്യകാഴ്ചയിൽത്തന്നെ ഇത്രയും മധുരമായി തന്നോട് സംസാരിക്കുന്ന വെളുത്ത മനുഷ്യൻ ഒരദ്ഭുതം തന്നെയായിരുന്നു. ശുഭമായ ഈ തുടക്കത്തിൽ നിന്നു ഡാനിയേലച്ചൻ തന്റെ പ്രവർത്തനം ആരംഭിക്കുന്നു.

> *"നിങ്ങളുടെ കഷ്ടപ്പാട് തീർക്കാനാ ഞങ്ങൾ വന്നിരിക്കുന്നത്. നിങ്ങളുടെ കരച്ചിൽ കർത്താവ് കേട്ടിരിക്കുന്നു".* [35]

എന്നിങ്ങനെ ഡാനിയേലച്ചൻ പരിചയപ്പെടുത്തുന്ന, അന്നമായും വസ്ത്രമായും അവതരിക്കാൻ പോകുന്ന പുതിയ രക്ഷകനെ ബന്ദിയടങ്ങുന്ന ആദിവാസി ഗോത്രം ഉദ്വേഗപൂർവ്വം കാത്തിരുന്നു. തങ്ങളെ ശപിക്കുക മാത്രം ചെയ്യുന്ന മേലാളരിൽ നിന്നു വ്യത്യസ്തമായി തങ്ങൾക്കായി കരയുകയും കണ്ഠമിടറി പ്രസംഗിക്കുകയും ചെയ്യുന്ന ഡാനിയേലച്ചനും അച്ചന്റെ മരക്കുരിശും അവർക്കു പ്രിയപ്പെട്ടതായി. പ്രസംഗം കൊണ്ട് മാത്രം അധികകാലം അവരെ ആകർഷിച്ചുനിർത്താനാകില്ലെന്നു മനസ്സിലാക്കുന്ന ഫാദർ ഡാനിയേൽ ഞായറാഴ്ചകളിൽ അവർക്കായി ഉപ്പുമാവും പാലും ഒരുക്കി. ഇതോടെ ഞായറാഴ്ചയും അല്ലാത്തവയും എന്നു ദിവസങ്ങളെ തമ്മിൽ വേർതിരിച്ചറിയാൻ ആദിവാസികൾ പഠിച്ചു എന്നു നോവലിസ്റ്റ് രേഖപ്പെടുത്തുന്നു. ജീവിതത്തിലൊന്നിനേയും കണക്കുകളിൽ തളച്ചിടാത്ത ആദിവാസികളുടെ ഈ തിരിച്ചറിയൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

മതപരിവർത്തനത്തിനുള്ള പ്രേരണയും പ്രീണനവുമാണ് 'കൂമൻകൊല്ലി'യിൽ നടക്കുന്നതെങ്കിൽ, ഒരിക്കൽ നൽകിയ സൗജന്യങ്ങളുടെ ബലത്തിൽ ഒരുതരം നിർബന്ധിത പ്രവൃത്തിയായാണ് 'റോസ്മേരിയുടെ ആകാശങ്ങ'ളിൽ മതപരിവർത്തനപ്രവർത്തനങ്ങൾ നടക്കുന്നത്.

ആദിവാസിയുടെ അനാഥത്വവും ദാരിദ്ര്യവും നിസ്സഹായതയും മതാധികാരികൾ തങ്ങൾക്കനുകൂലമായ രീതിയിൽ ചൂഷണം ചെയ്യുന്നു എന്നു നോവലിസ്റ്റ് അസന്ദിഗ്ദ്ധ മായി രേഖപ്പെടുത്തുന്നുണ്ട്. ആദിവാസിയായ യെൽസങ്കിയെ ഫാദർ യെൽസങ്കിയാക്കിയ തിന്റെ ഉദ്ദേശ്യം നോവലിൽ ഇങ്ങനെ അടയാളപ്പെടുത്തുന്നു.

> *"ബദാം കൃഷി ചെയ്തും ജട്ടിങ്കി ആട്ടി എണ്ണയെടുത്തും, കർമ്മനൃത്തം ചെയ്തു ആഹ്ലാദിച്ചും കഴിയേണ്ട ഒരു ആൺകുട്ടിയെ കൃത്രിമമായ ഒരു വിദ്യാഭ്യാസത്തിനു അടിമപ്പെടുത്തി, തിയോളജി പഠിപ്പിച്ച് ഒരു പുരോ ഹിതനാക്കി. ആദിവാസികളായ ഗ്രാമീണരുടെ ഇടയിൽ മതം പ്രചരിപ്പി ക്കാൻ ഒരു ഉപകരണം ഉണ്ടാക്കിയെടുക്കുകയായിരുന്നു ഫാദർ ജോൺ".*[36]

ദാരിദ്ര്യത്തിൽ ഭക്ഷണവും, വിദ്യാഭ്യാസത്തിലൂടെ ജീവിതത്തിൽ ദിശാബോധവും നൽകിയ ഫാദർ ജോണിനോട് വിധേയത്വം പ്രകടിപ്പിക്കുവാനായി പുരോഹിതപ്പട്ടം സ്വീക രിക്കുവാൻ യൽസങ്കി നിർബന്ധിതനാകുകയാണ്. മേലാളനോട് കാണിക്കുന്ന വിധേയത്വ മാണ് ഏതു ആദിവാസിയുടേയും എക്കാലത്തേയും ശാപം. മനസ്സിനിണങ്ങാത്ത ആ കർമ്മ മേഖല തെരഞ്ഞെടുക്കാൻ നിർബന്ധിതനാകുമ്പോൾ മറ്റേത് ആദിവാസിയും ഏതു സന്ദർഭ ത്തിലുമെന്നപോലെ പ്രതിഷേധപ്രതികരണങ്ങൾ അറിയിക്കാതെ യൽസങ്കിയും ഫാദർ ജോണിനെ അനുസരിക്കുന്നു.

ആദിവാസികളോട് മതാധികാരികൾ പ്രദർശിപ്പിക്കുന്ന മനുഷ്യത്വം തീർത്തും സ്വാർത്ഥ പ്രേരിതവും കപടവുമാണെന്ന് മറ്റു ചില സന്ദർഭങ്ങളിലൂടെയും നോവലിസ്റ്റ് സ്ഥാപിക്കു ന്നുണ്ട്. ഫാദർ ഡാനിയേലിന്റെ രൂപത്തിലും പെരുമാറ്റരീതികളിലും കൂമൻകൊല്ലിയിൽ ഏറ്റവും കൂടുതൽ ആകൃഷ്ടയാകുന്നത് ബന്ദിയാണ്. ഇന്നുവരെ മറ്റാരും ഗൗനിക്കാതി രുന്ന അവളുടെ ഉടുപ്പിലും നടപ്പിലും വരുത്തേണ്ട പരിഷ്ക്കാരങ്ങളെക്കുറിച്ച് ഫാദർ വാചാ ലനാകുന്നുണ്ട്. പ്രായത്തിന്റെ സഹജമായ വൈകാരിക സമ്മർദ്ദത്താൽ ബന്ദി, ഡാനിയേ ലിന്റെ നിർദ്ദേശങ്ങളെ ശ്രദ്ധാപൂർവ്വം അനുസരിക്കുകയും ചെയ്യുന്നു. പുല്ലുമലയിലെ ഏകാ ന്തതയിൽ ബന്ദിയോടൊത്ത് വികാരജീവിയായ വെറും മനുഷ്യൻ മാത്രമായിരുന്നു സംസാ രിക്കുമ്പോൾ തന്റെ പുരോഹിതപട്ട സ്വീകരണത്തിന്റെ പശ്ചാത്തലം ഫാദർ ഡാനിയേൽ

വിശദീകരിക്കുന്നു. വലിയൊരു കുടുംബത്തിന്റെ പ്രാരാബ്ധങ്ങൾ, സഹോദരിമാർക്കു കൊടുത്തുതീർക്കേണ്ട സ്ത്രീധനത്തുകകൾ... ഭാരിച്ച ഇത്തരം ബാധ്യതകളിൽ നിന്നും, ഉത്തരവാദിത്വങ്ങളിൽ നിന്നും ഒഴിഞ്ഞുമാറാനുള്ള ലളിതമായ ഒരു മാർഗ്ഗമായിരുന്നു ഡാനിയേലിനു പുരോഹിതവൃത്തി. പെങ്ങൾക്കു സ്ത്രീധനം കൊടുക്കാൻ കഴിയാത്തതുകൊണ്ടാണോ അച്ചനായത് എന്ന ബന്ദിയുടെ നിഷ്കളങ്കചോദ്യം ഡാനിയേലിന്റെ നിരുത്തരവാദിത്വത്തിനു നേരെയുള്ള ശക്തമായ ഒരായുധമായി നോവലിസ്റ്റ് ഉപയോഗിച്ചിരിക്കുന്നു.

ഇപ്രകാരം ജീവിതപ്രതിസന്ധികളിൽ നിന്നുള്ള ഒളിച്ചോട്ടമായി പുരോഹിതവൃത്തി സ്വീകരിച്ചതുകൊണ്ട്, ആ കർമ്മത്തിനോട് ഡാനിയേലിന് ഒരിക്കലും നീതി പുലർത്താൻ കഴിയുന്നില്ല. ഈ നിർബന്ധിത ഘടനയ്ക്കകത്തു നിന്നുകൊണ്ടുതന്നെ അവയുടെ വ്യർത്ഥതയെക്കുറിച്ച് ഡാനിയേൽ ചിന്തിക്കുന്നു. ധ്യാനവും പ്രാർത്ഥനയും സമയ-നിയമ-ബന്ധിതമായി പഠിപ്പിക്കുന്നതിലെ അനൗചിത്യം ഡാനിയേൽ അറിയുന്നുണ്ട്.

> *"അവരുടെ (സെമിനാരിയിലെ ചെറുപ്പക്കാർ) മുന്നിൽ ധ്യാനത്തിൽ ഇരിക്കുമ്പോൾ അവർ തലേന്നാൾ കണ്ട സിനിമയെപ്പറ്റിയാവും ആലോചിക്കുന്നതെന്നു എനിക്കു തോന്നും. ഒരു നഗ്നചിത്രത്തെ എന്ന പോലെയാണവർ മുറ്റം തൂക്കുന്ന മറിയയെ നോക്കുന്നതെന്നു തോന്നും".* [37]

വികാരവിചാരങ്ങളുടെ നൈസ്സർഗികതയിൽ അടിച്ചേല്പിക്കുന്ന നിയന്ത്രണങ്ങൾ അവയുടെ അപഥസഞ്ചാരങ്ങൾക്കു മാർഗ്ഗമൊരുക്കുന്നു എന്നുകൂടി ഈ വാക്കുകൾ സാക്ഷ്യപ്പെടുത്തുന്നു.

നോവലിൽ ഫാദർ ഡാനിയേലിന്റെ വരവിനെ ബന്ദി, ഒരു കറുത്ത വണ്ടിനോട് ഉപമിക്കുന്നുണ്ട്. ഈ ഉപമയെ സാർത്ഥകമാക്കുന്ന രീതിയിൽ ബന്ദി എന്ന പുഷ്പത്തെ നുകർന്ന്, മറ്റു ചില ഉത്തരവാദിത്വങ്ങളുടെ മറവിൽ ഡാനിയേൽ പുല്ലുമല ഉപേക്ഷിച്ച് പോകുന്നു. പുല്ലുമലയിലേയ്ക്ക് വന്നെത്തിയ നാളുകളിൽ പ്രസംഗിച്ചതുപോലെ പാവങ്ങളായ ആദിവാസികളുടെ വിശപ്പോ, ദുരിതങ്ങളോ, ബന്ദിയുടെ ജീവൻ പോലുമോ ഡാനിയേലിനു പ്രശ്നമാകുന്നില്ല.

ഫാ. ഡാനിയേലിനോടൊപ്പം പുല്ലുമലയിലെത്തുന്ന കന്യാസ്ത്രീകളും തുടക്കത്തിൽ ഒട്ടേറെ ജീവകാരുണ്യപ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. അടിയാളക്കുട്ടികൾക്ക് പുഴുങ്ങിയ ഗോതമ്പും പാലും നൽകുന്നു; അക്ഷരം പഠിപ്പിക്കുന്നു; പെൺകുട്ടികളെ തുന്നൽ പഠിപ്പിക്കുന്നു; വൃത്തിയില്ലാത്ത കുട്ടികളെ ലാളിച്ച് സ്നേഹവിശ്വാസങ്ങൾ നേടിയെടുക്കുന്നു... കന്യാസ്ത്രീകൾ നടത്തുന്ന ഇത്തരം ത്യാഗപ്രവർത്തനങ്ങളെ താനണിഞ്ഞിരിക്കുന്ന പുരോഹിതവസ്ത്രത്തെക്കുറിച്ച് അബോധവാനായ അവസരത്തിൽ ഫാദർ ഡാനിയേൽ ഇങ്ങനെയാണ് വിശദീകരിക്കുന്നത്.

> *"നിന്നെ തയ്യൽ പഠിപ്പിക്കാനല്ല അവരിവിടെ വരുന്നത്. അവർക്ക് സമാധാനം വേണം. ഒന്നു വെളിയിൽ നടന്നു കാറ്റു കൊള്ളണം. ശ്വാസം മുട്ടി ചത്തുപോകാൻ ആർക്കാണാഗ്രഹം?"*[38]

വൈകാരിക തീക്ഷ്ണതയിൽ പറഞ്ഞുപോകുന്ന തീർത്തും ഏകപക്ഷീയമായ ഒരഭിപ്രായം മാത്രമായി ഈ വാക്കുകളെ പരിമിതപ്പെടുത്താനാകില്ല. വ്യക്തിസ്വാതന്ത്ര്യങ്ങളെ നിയന്ത്രിക്കുന്ന കർക്കശനിയമാവലികൾ ഇപ്പോൾ നിലനിൽക്കുന്നത്, ഇത്തരം സ്ഥാപനവൽക്കരിക്കപ്പെട്ട മതസാഹചര്യങ്ങളിലാണെന്നു ഈ വാക്കുകൾ ഓർമ്മപ്പെടുത്തുന്നു.

ഈ നിലപാടുകൾക്കു വിരുദ്ധമായി ആതുരസേവനത്തിനു മതത്തിന്റേയോ പുരോഹിതവസ്ത്രത്തിന്റേയോ ഇടനിലകൾ ആവശ്യമില്ല എന്നു തെളിയിക്കുന്ന കഥാപാത്രമാണ് 'റോസ്മേരിയുടെ ആകാശങ്ങ'ളിലെ ആലീസ്. ആലീസിന്റെ കർമ്മമണ്ഡലം ആദിവാസിഗ്രാമങ്ങളാണ്. സ്വത്വനഷ്ടം ഉണ്ടാക്കുന്ന മതപരിവർത്തനമാർഗ്ഗങ്ങളിലൂടെ ആദിവാസികളെ പുനരുദ്ധരിക്കുന്ന രീതിയോട് ആലീസ് യോജിക്കുന്നില്ല. ആദിവാസികൾക്കു വേണ്ടത് പുതിയൊരു വിശ്വാസമല്ല, എന്നു തിരിച്ചറിയുന്ന ആലീസ് കന്യാസ്ത്രീ പട്ടം സ്വീകരിക്കണമെങ്കിൽ ഗ്രാമീണരുടെ ജീവിതത്തിൽ മുഴുകുവാൻ അനുവദിക്കണമെന്ന് വ്യവസ്ഥ വയ്ക്കുന്നു. ആദിവാസിഗ്രാമീണരുടെ സ്വത്വവും സംസ്ക്കാരവും തിരിച്ചറിയാനാകാത്ത, ആലീസിന്റെ ഉദ്ദേശ്യശുദ്ധി മനസ്സിലാക്കാനാകാത്ത, മതാധികാരികൾക്കു ആലീസിന്റെ വ്യവസ്ഥ അനുവദിക്കുവാനാകുന്നില്ല. അതുകൊണ്ട് ആലീസ് സിസ്റ്റർ ആലീസായി പരിണമിക്കുന്നുമില്ല.

പ്രതികൂലകാലാവസ്ഥയും ഇടപഴകുന്ന ആദിവാസികളുടെ തീരാത്ത ദാരിദ്ര്യവും വിശപ്പും രോഗപീഡകളും തങ്ങളുടെ ലക്ഷ്യപ്രാപ്തിക്കു വിഘാതങ്ങളാകുന്ന ഘടകങ്ങളാണെന്നു മനസ്സിലാക്കുന്ന 'കൂമൻകൊല്ലി'യിലെ കന്യാസ്ത്രീകൾ കുറേനാൾ കഴിഞ്ഞുവരാമെന്നു പറഞ്ഞ് ആ താഴ്‌വര ഉപേക്ഷിച്ചുപോകുന്നു. വരാന്തയുടെ സുരക്ഷിതത്വത്തിലിരുന്ന്

> *"എന്തോരം തണുപ്പ്, ഈ തണുപ്പേലെറങ്ങി നടന്നാ ഇവർക്കു ന്യൂമോണിയ പിടിക്കത്തില്ലേ"*[39]

എന്നു ആദിവാസികളെ നോക്കി ചോദിക്കുന്ന ഈ കന്യാസ്ത്രീകൾ ഈ വർഗ്ഗത്തോടു പ്രദർശിപ്പിച്ചിരുന്ന സ്നേഹകാരുണ്യങ്ങളിൽ, ഉദ്ദേശ്യശുദ്ധിയുടെ സുതാര്യത ദർശിക്കാനാകില്ല. ഈ ദൃശ്യത്തിനു വിപരീതമായി, കൊടുംതണുപ്പിൽ ആദിവാസികളെ സംഘടിപ്പിച്ച് തന്റെ അനാരോഗ്യത്തെ കർമ്മധീരതകൊണ്ട് വെല്ലുന്ന ആലീസ്, ജീവകാരുണ്യപ്രവർത്തനങ്ങൾ നടത്തുന്നതിൽ സംന്യാസവേഷത്തിനുള്ള അപ്രസക്തിയെ പ്രത്യക്ഷീകരിക്കുന്നു.

നിരാകർഷകങ്ങളായ വെറും കല്ലിനേയും മണ്ണിനേയും മരത്തേയും ആരാധിച്ചു ശീലിച്ച ആദിവാസിക്ക് വർണ്ണവൈവിധ്യമുള്ള ഉടയാടകളും വെളുത്ത് മിനുത്ത ശരീരഘടനയുമുള്ള ആരാധനാമൂർത്തികളോട് കൗതുകം തോന്നുന്നതു സ്വാഭാവികമാണ്. ഇവർ തങ്ങളുടെ ദൈവങ്ങൾക്കു മുടങ്ങാതെ വേണ്ടതെല്ലാം നൽകുകയും തെറ്റുകൾക്കു അപ്പോഴപ്പോൾ പ്രായശ്ചിത്തം ചെയ്യുകയും ചെയ്യുന്നുണ്ട്. എന്നിട്ടും ദുരിതങ്ങൾ മാത്രം ബാക്കിയാകുന്നു.

ഈ സന്ദർഭത്തിലാണ് 'കറുത്തിരുണ്ട കൂമൻകൊല്ലിയുടെ ഇരുട്ട് മായ്ച്ചുകളയാൻ വന്ന ദൈവം' എന്നു പുതിയ ദൈവത്തെ ആ ദൈവത്തിന്റെ ഇടനിലക്കാർ പരിചയപ്പെടുത്തുന്നത്. കൂമൻകൊല്ലി താഴ്‌വരയിൽ പ്രകടമാകുന്ന മതാധികാരങ്ങളുടെ ഇത്തരം മൃദുസമീപനരീതികളോട് അതേരീതിയിൽത്തന്നെയാണ് ആദിവാസിജനതയും പ്രതികരിക്കുന്നത്. ഡാനിയേലിനോടും കൂട്ടരോടും തോന്നുന്ന കൗതുകഭാവത്തിൽ നിന്ന് ആദിവാസികളുടെ ബന്ധങ്ങൾ ഏറെയൊന്നും വികസിക്കാത്തതുകൊണ്ട് അവരുടെ തിരോധാനത്തിൽ നഷ്ടബോധവും തോന്നുന്നില്ല. മതാധികാരികളും തങ്ങളുടെ ലക്ഷ്യത്തിനായുള്ള പശ്ചാത്തലം

ഒരുക്കി, ശ്രമങ്ങൾ തുടങ്ങിവയ്ക്കുക മാത്രമേ ചെയ്യുന്നുള്ളൂ.

എന്നാൽ മതപരിവർത്തനം നടന്നുകഴിഞ്ഞ ഒരു ആദിവാസി ഗ്രാമത്തിന്റെ ചിത്രം പ്രമേയമാക്കിയ 'റോസ്മേരിയുടെ ആകാശങ്ങളി'ലെ കാഴ്ചകൾ നൽകുന്ന പാഠങ്ങൾ വ്യത്യസ്തമാണ്. കന്യാസ്ത്രീകൾ നൽകിയ കുരിശ്, താൻ നൽകിയ ഗുരുവായൂരപ്പന്റെ ലോക്കറ്റിനോടൊപ്പം കോർത്തിട്ടതിനു ബന്ദിയോട് ഗംഗ കയർക്കുമ്പോൾ അവ രണ്ടും ഉപേക്ഷിച്ച്, തന്റെ പഴയ നാണയമാല മാത്രം അണിയുന്ന 'കൂമൻകൊല്ലി'യിലെ ബന്ദിയുടെ ചിത്രം ഈ പാഠങ്ങളിലേയ്ക്കു പ്രവേശിക്കാനുള്ള ദിശാസൂചകമാണ്.

സ്വീകരിച്ചുകഴിഞ്ഞ പുതിയ വിശ്വാസത്തിന്റെ ദാർഢ്യത്തിലും, ഉപേക്ഷിച്ചുകളഞ്ഞ വിശ്വാസങ്ങളുടെ വേരുകളെ പിഴുതുകളയാനാകാതെ വ്യാകുലപ്പെടുന്ന ഒരു ജനതയുടെ ചിത്രമാണ് 'റോസ്മേരിയുടെ ആകാശങ്ങളി'ൽ കാണാനാകുക. നഗ്നമേനിയിൽ വെന്തീങ്ങയും കുരിശും അണിഞ്ഞ് തന്നേക്കാൾ ഭാരമേറിയ കൂറ്റൻ ചെണ്ടകൾ അരയിൽക്കെട്ടി ഗോത്രനൃത്തമാടുന്ന യുവാക്കൾ, ഞായറാഴ്ച്ച പള്ളിയിലെ നിർബന്ധിത പ്രാർത്ഥനാവേളയിൽ ഗോത്രസ്മരണകളുണർത്തിയ കാതരമായ പ്രാർത്ഥനാഗാനം കേട്ട് അറിയാതെ 'ഹേ ഭഗവൻ' എന്നു ഉച്ചരിച്ചുപോകുന്ന വൃദ്ധൻ, ഉയർന്നു കേട്ട ആ ആത്മഗതത്തിൽ പേടിച്ചുവിറയ്ക്കുന്ന പള്ളിയിൽ കൂടിയിരുന്ന ഇതര ഗ്രാമീണർ, കുരിശുമാലയണിഞ്ഞ് രാമനെന്നു വിളിക്കപ്പെടുന്ന പള്ളിയിലെ കുശിനിക്കാരൻ, വെങ്കലത്തിന്റെ കഠോരികൾക്കും ഓട്ടു തളികകൾക്കുമൊപ്പം ഫോർക്കും സ്പൂണും നിരത്തുന്ന ഫാദർ യെൽസങ്കിയുടെ വിരുന്ന്,- ഈ ചിത്രങ്ങളെല്ലാം തിരസ്ക്കരണത്തിനും സ്വീകരണത്തിനും മദ്ധ്യേ നിൽക്കേണ്ടിവരുന്നതിന്റെ ആത്മസംഘർഷങ്ങൾ അനുഭവിക്കുന്ന ഒരു ജനതയെ പ്രതിനിധീകരിക്കുന്നു.

'കൂമൻകൊല്ലി'യിൽ അൾത്താരയിലെ പുതിയ ദൈവരൂപത്തെ കൗതുകപൂർവ്വം നോക്കി നിൽക്കുന്ന ബന്ദിയെയാണ് കാണുന്നതെങ്കിൽ, ഇനി തിരിച്ചുചെല്ലാനാകാത്ത വിധം തന്നിൽനിന്നു അകന്നുകഴിഞ്ഞിരുന്ന തന്റെ പഴയ ഈശ്വരന്റെ സന്നിധിയിലേയ്ക്ക്, ഒരു കളവു ചെയ്യുന്ന ജാഗ്രതയോടെ പോയി മറവിൽ ആരാധിച്ച് ആത്മസംതൃപ്തിയടയുന്ന ഫാദർ യെൽസങ്കിയുടെ ചിത്രമാണ് 'റോസ്മേരിയുടെ ആകാശങ്ങളി'ലുള്ളത്. പുറത്ത് തന്റെ ഗോത്രക്കാർ കർമ്മനൃത്തം ചെയ്യുമ്പോൾ പുരോഹിതവസ്ത്രം അഴിച്ചുവച്ച് ആരുമറിയാതെ

അവരുടെ കൂടെ ചേർന്ന് കർമ്മനൃത്തം ചെയ്യുകയും ഗ്രാമത്തിൽ പോയി മീൻ പിടിക്കുകയും ഗ്രാമീണരൊത്ത് ത്സര കുടിക്കുകയും ചെയ്യുന്ന ഫാദർ യെൽസങ്കിയെ സദാ കുറ്റബോധം വേട്ടയാടുന്നുണ്ട്. പാരമ്പര്യത്തിന്റെ ആവേശം നിയന്ത്രിക്കാനാകാത്ത യെൽസങ്കി ഗോത്രവർഗ്ഗപ്രവർത്തനങ്ങളിൽ പങ്കാളിയാകുന്നു. ഇപ്പോൾ വിശ്വസിക്കുന്ന മതത്തിന്റെ കർശനനിയമാവലികൾ ഈ പ്രവർത്തനങ്ങളെ നിയന്ത്രിക്കുകയും വിലക്കുകയും ചെയ്യും എന്നറിയാവുന്ന യെൽസങ്കി

> *"യോഗം ചേരുന്നുവെന്ന് വച്ച് നാം ക്രിസ്തുമതത്തിനെതിരായൊന്നും ചെയ്യുന്നില്ലല്ലോ. യേശു പാവപ്പെട്ടവരുടെ ആയിരുന്നു. അവരുടെ ആവലാതികളും ദുഃഖങ്ങളും അറിയാൻ എന്റെ ഇടവകഹൗസിൽ ഇരുന്നുകൊണ്ട് പറ്റില്ല"*[40]

എന്ന് തന്റെ പ്രവൃത്തികളെ ന്യായീകരിക്കാൻ ശ്രമിക്കുന്നു.

യെൽസങ്കിയുടെ വിട്ടുമാറാത്ത അസ്വസ്ഥതകൾക്കുള്ള പരിഹാരം, അയാൾ നിരന്തരമായി അന്വേഷിച്ചുകൊണ്ടിരിക്കുന്ന പ്രഹേളികകൾക്കുള്ള ഉത്തരം യെൽസങ്കിക്കു സ്വയം അറിയുന്നതാണ്. പക്ഷേ അവ ബോധപൂർവ്വം വിസ്മരിക്കുവാൻ ശ്രമിക്കുകയും വിസ്മരിച്ചെന്നു മറ്റുള്ളവരെ ബോധ്യപ്പെടുത്താൻ ശ്രമിക്കുകയും ചെയ്യുന്നു. ഇതേ വസ്തുതകളെ റോസ്മേരി അയാളെ ഓർമ്മപ്പെടുത്തുന്നു.

> *"ഫോർക്കും സ്പൂണും ഉപയോഗിച്ച് ആഹാരം കഴിച്ചതുകൊണ്ടോ ബ്രഡ്ഡും ജാമും പ്രാതലിനു സ്വീകരിച്ചതുകൊണ്ടോ നിങ്ങൾക്കു മൈനിയിലെ ഒരു മനുഷ്യനല്ലാതാകാൻ പറ്റില്ല. നിങ്ങളുടെ ദൈവത്തിന്റെ രൂപം എന്തോ ആകട്ടെ നിങ്ങളുടെ സിരകളിലെ രക്തത്തിന്റെ താളം എങ്ങനെ മാറ്റിയെടുക്കാൻ പറ്റും?"*[41]

റോസ്മേരിയുടെ ഈ വാക്കുകൾ പ്രസാദപൂർണ്ണമായ ജീവിതം ആഗ്രഹിക്കുന്ന മനുഷ്യനെ ഇരുട്ടിന്റെ ആഴങ്ങളിൽ നിന്നു പൊക്കിയെടുത്തു എന്നാണ് നോവലിസ്റ്റ് വിവരിക്കുന്നത്. നോവലിന്റെ അവസാനത്തിൽ ഫാദർ യെൽസങ്കി തനിക്കു യോജിക്കാത്ത പുരോ

ഹിതത്വത്തിൽനിന്നു പിന്മടങ്ങുന്നു.

പട്ടണത്തിലേയ്ക്കുള്ള യാത്രാമദ്ധ്യേ സാൽവനത്തിലെ വലിയ വൃക്ഷത്തിനു ചുവട്ടിൽ ചായം തേച്ചു നിൽക്കുന്ന തന്റെ പഴയ ദൈവത്തിനു മുൻപിൽ മൂടിക്കിടക്കുന്ന കരിയില കൾക്കുമേൽ മുഖമമർത്തി പ്രണമിച്ചെഴുന്നേൽക്കുന്ന ഫാദർ യെൽസങ്കിയുടെ ചിത്രം, നിസ്സ ഹായമായ പരിതസ്ഥിതികളിൽ അടിസ്ഥാന സൗകര്യങ്ങൾ നൽകി ഏതു വ്യക്തിയേയും അയാളുടെ സാമൂഹ്യസാംസ്ക്കാരിക തനിമകളേയും വിലയ്ക്കെടുക്കാം എന്നു വ്യാമോ ഹിക്കുന്ന സ്ഥാപിത താൽപര്യങ്ങളെ നിശിതമായി വിമർശിക്കുകയും പരിഹസിക്കുകയും ചെയ്യുന്നു.

കൂമൻകൊല്ലിയിലും മൈനീഗ്രാമത്തിലും പ്രകടമാകുന്ന മതാധികാര പ്രവർത്തനങ്ങൾക്ക് സർഗ്ഗാത്മകതലത്തെ അതിവർത്തിക്കുന്ന പ്രസക്തിയുണ്ട്. ക്രൈസ്തവസഭയുടെ ഇത്തരം രീതികളെക്കുറിച്ചുള്ള സച്ചിദാനന്ദന്റെ നിരീക്ഷണങ്ങൾ ശ്രദ്ധേയമാണ്.

> *"ഈ അധികാരകേന്ദ്രത്തിന്റെ ചരിത്രം എക്കാലവും നാടുവാഴിത്തവും മുതലാളിത്തവും സാമ്രാജ്യത്വവും പോലുള്ള ഇതര അധികാര വ്യവ സ്ഥകളാൽ അതിനിർണ്ണയിക്കപ്പെട്ടു പോന്നിട്ടുണ്ട്".* [42]

മാത്രമല്ല ദാരിദ്ര്യത്തിന്റെ യഥാർത്ഥ കാരണങ്ങൾ അധിനിവേശിതജനതയിൽ നിന്നു മറ ച്ചുവെച്ചുകൊണ്ട് ഈ അധികാരഘടന ചൂഷകവ്യവസ്ഥയെ സുരക്ഷിതമായി നിലനിർത്താൻ സഹായിച്ചു എന്നും ഇദ്ദേഹം സൂചിപ്പിക്കുന്നുണ്ട്. ജട്ടിങ്കിയും ബദാമും കൃഷി ചെയ്യുന്ന ദരിദ്രരായ ഗ്രാമീണരെക്കൊണ്ട് തന്നെ, അവരുടെ ഗ്രാമത്തിൽ പള്ളി പണിയിക്കുകയും കാലക്രമത്തിൽ അത് പരിഷ്ക്കരിച്ച് സുന്ദരമാക്കേണ്ടത് പുത്തൻ വിശ്വാസികളായ ഗ്രാമീ ണരോരുത്തരുടേയും കടമയാണെന്നു വിശ്വസിപ്പിക്കുകയും ചെയ്യുന്ന മതാധികാര സ്വഭാവം നോവലിൽ സൂചിപ്പിക്കുന്നുണ്ട്. തന്റെ ദരിദ്രമായ ചുറ്റുപാടുകളിൽ ഇരുന്നുകൊണ്ട് കേരള ത്തിലെ ധനാഢ്യരുടെ ഇടവകകളിലെ പുരോഹിതരുടെ, ആർഭാടപൂർണ്ണമായ ജീവിതത്തെ ക്കുറിച്ച് നഷ്ടബോധത്തോടെ ഓർക്കുന്ന ഫാദർ യൽസങ്കി ആ മതഘടനയുടെ ഫ്യൂഡൽഭാ വത്തെയാണ് പ്രത്യക്ഷീകരിക്കുന്നത്.

ഇതുവരെ സൂചിപ്പിച്ചത് പുറംലോകം ഗോത്രസമൂഹങ്ങൾക്കുമേൽ നടത്തുന്ന സാമ്പത്തിക സാംസ്ക്കാരിക ചൂഷണങ്ങളാണ്. ഇവ കൂടാതെ മാറിയ ജീവിതസാഹചര്യങ്ങളിൽ അപ്രസക്തമാകുന്ന ചില ആചാരമര്യാദകൾ ആദിവാസികളുടെ വർത്തമാനജീവിതത്തിൽ കൂടുതൽ ദുരിതങ്ങൾ വരുത്തിവയ്ക്കുന്നതും ദൃശ്യമാണ്. ഇങ്ങനെ ബാഹ്യലോകത്തിനു പുറമെ, ഗോത്രത്തിന്റെ ആന്തരിക ഘടന തന്നെ നടത്തുന്ന ചൂഷണങ്ങളെ ഇനി പരിശോധിക്കുന്നു.

## 4.8. ഗോത്രഘടന നടത്തുന്ന ചൂഷണങ്ങൾ

പേയുകളും മലങ്കാരിയുടെ കോപവും ഒട്ടേറെ വിലക്കുകളും ഗോത്രവർഗ്ഗങ്ങളിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്നു. ജീവിതത്തിൽ നേരിടേണ്ടിവരുന്ന ദുരിതങ്ങളെല്ലാം മലങ്കാരിയുടെ കോപശാപങ്ങളായി വായിച്ചെടുക്കുന്ന ആദിവാസി ജനത അവ തീർക്കുന്നതിനായി നിരന്തരം നിരർത്ഥകങ്ങളായ ചടങ്ങുകളിൽ ഏർപ്പെടുന്നു. ഗോത്രവ്യവസ്ഥയ്ക്ക് പുറത്തുനിൽക്കുന്ന വ്യക്തിക്കു നിരർത്ഥകമെന്നു തോന്നുന്ന ഇത്തരം ചടങ്ങുകളും ആചാരങ്ങളുമാണ് ഒരു സമൂഹത്തിന്റെ തനിമ നിർണ്ണയിക്കുന്നത് എന്നത് വാസ്തവമാണ്. പക്ഷേ ഇവ ആദിവാസിയുടെ ജീവിതസാഹചര്യങ്ങളെ ദുർഘടപ്പെടുത്തുകയും, അപായപ്പെടുത്തുകയും, സ്വയം ചൂഷിതരാകാനുള്ള അവസരങ്ങൾ നൽകുകയും ചെയ്യുന്ന സന്ദർഭങ്ങൾ സൃഷ്ടിക്കുന്ന സാഹചര്യത്തിൽ, ഒരു പുനരാലോചന ആവശ്യമായി വരുന്നു. 'നെല്ലി'ൽ ഇത്തരം സന്ദർഭങ്ങൾ പരാമർശിക്കുന്നുണ്ട്.

ഏത് അസുഖവും മലങ്കാരിയുടെ കോപം മൂലം ഉണ്ടാകുന്നതാണെന്നു വിശ്വസിക്കുന്ന അടിയാളർ മൂപ്പനെക്കൊണ്ട് ഖദ്ദിഗയാടിച്ചാണ് ചികിത്സ നടത്തുന്നത്. കൂപ്പിൽ നിന്നു കടുത്ത ജ്വരവുമായി തിരിച്ചുവരുന്ന മല്ലനു വേണ്ടിയും ഖദ്ദിഗ നടത്തുന്നുണ്ട്. ഖദ്ദിഗയുടെ നിരർത്ഥകതയും ഖദ്ദിഗ നടത്തുന്നവരുടെ സ്വാർത്ഥതാൽപര്യങ്ങളും ഇങ്ങനെ വിവരിക്കപ്പെടുന്നു.

> *"ഈയിടെ ഒരു പേയും കോഴിയെ ആവശ്യപ്പെടാറേ ഇല്ല. തിരുനെല്ലിയിലെ കോഴികൾ അവസാനിച്ചിരിക്കുന്നു. കിട്ടാനില്ലാത്തതിനു കൊതി*

*ച്ചിട്ടു കാര്യമെന്ത്? ഇപ്പോൾ മാരയുടെ പക്കൽ വളർന്നുവരുന്ന ഒരു നല്ല പൂവൻ ഉള്ള കാര്യം എല്ലാവരും ഓർത്തു".* [43]

ചുറ്റുപാടുകൾ നിരീക്ഷിച്ചുകൊണ്ടാണ് രോഗിയെ ബാധിച്ചിരിക്കുന്ന പേയുകൾക്ക് പരിഹാരവിധികൾ മൂപ്പൻവഴി നിർദ്ദേശിക്കുന്നത്. ഈ സംഭവങ്ങളുടെ പരിണതഫലം മൂപ്പനും കൂട്ടർക്കും ലഭിക്കുന്ന ഒരു നേരത്തെ ഭക്ഷണവും, മല്ലന്റെ ജീവഹാനിയുമാണ്.

അടിയാളരുടെ ഇത്തരം അന്ധവിശ്വാസങ്ങളെ തങ്ങളുടെ സ്വാർത്ഥ താൽപര്യങ്ങൾക്കായി മേലാളനും ദുരുപയോഗപ്പെടുത്തുന്നുണ്ട്. തിരുനെല്ലിയിലെ രാജാവായി വാണിരുന്ന കിട്ടു വാര്യർ രാഘവൻ നായരിൽ ഒരു പ്രതിദ്വന്ദിയെ കാണുന്നു. രാഘവൻ നായരോടുള്ള പക പോക്കുന്നതിനായി കിട്ടുവാര്യർ മല്ലനേയും ഗോത്രാചാരങ്ങളേയും കരുവാക്കുന്നു. ഗോത്രം അംഗീകരിക്കാത്ത ബന്ധമാണ് മല്ലന്റെയും മാരയുടെയും വിവാഹബന്ധം. ഈ വിഷയത്തിനു പ്രാധാന്യം നൽകി മല്ലന്റെ അമ്മയെ സ്വാധീനിച്ച് മല്ലനെ മാരയിൽ നിന്നും രാഘവൻ നായരുടെ സ്വാധീനത്തിൽ നിന്നും കിട്ടുവാര്യർ അകറ്റുന്നു. മല്ലൻ മരിക്കുകയും ചെയ്യുന്നു.

മറ്റൊരു സന്ദർഭത്തിലും കിട്ടുവാര്യർ അടിയാളരുടെ അന്ധവിശ്വാസങ്ങൾ ദുരുപയോഗപ്പെടുത്തുന്നുണ്ട്. കുമ്പാരക്കുനിയിലെ അടിയാളരെ മുഴുവൻ ഒരൊറ്റ രാത്രികൊണ്ട് ഒഴിപ്പിച്ചെടുക്കുവാൻ കിട്ടുവാര്യർക്ക് സാധിക്കുന്നു. അടിയാളരുടെ വൈദ്യനായ തോലാവെള്ളന്റെ കൃഷിഭൂമിയുടെ നടുവിൽ കാലൻകോഴി കൂവി എന്ന വാർത്തയ്ക്കു കിട്ടുവാര്യർ വലിയ പ്രധാന്യം നൽകുന്നു. താൻ തന്നെ പേടിച്ചപോലെ ഖദ്ദിഗ നടത്തുന്നതിനാവശ്യമായ സാധനസാമഗ്രികളും നൽകുന്നു. ഇതോടെ അന്ധവിശ്വാസികളായ അവരുടെ ഭയത്തിന് ആക്കം വർദ്ധിക്കുന്നു. ആ രാത്രി തന്നെ എല്ലാവരും അവിടം വിട്ടുപോകുന്നു.

അടിയാളർ സ്വന്തം കുന്നുവിട്ടുപോകുന്നത് മലങ്കാരി പൊറുക്കാത്ത തെറ്റാണെന്ന വിശ്വാസത്തെയാണ് കുറുമാട്ടി മാരയ്ക്കെതിരായുള്ള ആയുധമായി ഉപയോഗിക്കുന്നത്. കുന്നുപേക്ഷിച്ച് കൂപ്പു പണിയ്ക്ക് പോയതുകൊണ്ടാണ് മല്ലന് അസുഖം വന്നത്. ഇതിനു മല്ലനെ പ്രേരിപ്പിച്ച് നിർബന്ധിച്ചത് മാരയാണെന്ന് ചിത്രീകരിച്ച്, മാരയെ സമൂഹത്തിനു മുന്നിൽ

അപരാധിനിയാക്കി മാറ്റുന്നതിൽ കുറുമാട്ടി വിജയിക്കുന്നുണ്ട്.

വിശന്നുവലഞ്ഞുവന്ന മല്ലനു മുമ്പിൽ ഇറച്ചി വിളമ്പുകയും അതു ഭക്ഷിച്ചതിനുശേഷം മൂരി ഇറച്ചിയായിരുന്നുവെന്നും സാരമില്ല തപ്പുകെട്ടിക്കള എന്നും പറഞ്ഞ് ചിരിക്കുന്ന സെയ്തും ഒരു തരത്തിൽ ഇവരുടെ ആചാരങ്ങളിലൂടെയാണ് ചൂഷണം നടത്തുന്നത്.

തപ്പുകളും പിഴകളും കാക്കപ്പുലകളും ചേർന്നാണ് ആദിവാസികൾക്കു ഇത്രയും ബാദ്ധ്യതകൾ ഉണ്ടാക്കുന്നതെന്ന് നോവലിലെ പല സന്ദർഭങ്ങളിൽ നിന്നും വായിച്ചെടുക്കാം. ഏതു തെറ്റും തപ്പുകെട്ടലിലൂടെ ശരിയാകുമെന്ന ഗോത്രനീതി ഗോത്രാംഗങ്ങളുടെ സുരക്ഷിതത്വത്തെ ചില സന്ദർഭങ്ങളിൽ ബാധിക്കുമ്പോൾ ഗോത്രനിയമങ്ങളുടെ നിരർത്ഥകങ്ങളായ ചില നിർബന്ധബുദ്ധികൾ മല്ലനു സംഭവിച്ചതുപോലെയുള്ള ദുരിതങ്ങൾക്കു വഴിവയ്ക്കുകയും ചെയ്യുന്നു. ഇത്തരം നിരർത്ഥകങ്ങളായ ഗോത്ര ആചാരങ്ങളെക്കുറിച്ച് ഒരു പുനർചിന്ത ആവശ്യമാണെന്ന് സി.കെ.ജാനുവിന്റെ വാക്കുകൾ ഓർമ്മപ്പെടുത്തുന്നു.

> *"ഗദ്ദികപോലത്തെ ആചാരസമ്പ്രദായങ്ങളൊക്കെ നമ്മള് ജീവിക്കുന്ന ചുറ്റുപാടിൽ മാത്രം നിലനിൽക്കേണ്ടതോ ഇല്ലാണ്ടാവണതോ ആണ്."*[44]

ഇതുവരെ സൂചിപ്പിച്ച, ആദിവാസികൾക്കുനേരെ നടത്തുന്ന ചൂഷണങ്ങളിൽ കീഴാളർ നേരിട്ട് പ്രതികരിക്കുകയോ പ്രതിഷേധിക്കുകയോ ചെയ്യുന്നില്ല. പക്ഷേ ഇവരുടെ നിസ്സഹായത തിരിച്ചറിയുകയും ഇവർക്കുവേണ്ടി ക്ഷേമപദ്ധതികളാവിഷ്ക്കരിക്കുകയും, ഇവർക്കെതിരെ നടത്തുന്ന ചൂഷണങ്ങളെ എതിർക്കുകയും ചെയ്യുന്ന വ്യക്തികളുടെ സാന്നിധ്യം ഈ നോവലുകളിലുണ്ട്. 'നെല്ലി'ലെ രാഘവൻ നായർ, അറുമുഖൻ, 'കൂമൻകൊല്ലി'യിലെ ബാലൻ നമ്പ്യാർ, 'ആഗ്നേയ'ത്തിലെ അപ്പു, പൗലോസ്, 'റോസ്മേരിയുടെ ആകാശങ്ങളി'ലെ ആലീസ്, റോസ്മേരി എന്നിവർ അടിയാളരോട് ആഭിമുഖ്യം പുലർത്തുന്ന മേലാളരാണ്. ഇവർ നടത്തുന്ന ക്ഷേമപ്രവർത്തനങ്ങൾക്ക് പിന്നിലുള്ള ഉദ്ദേശ്യശുദ്ധിയെ മാനിക്കുമ്പോഴും ഈ പ്രവർത്തനങ്ങളുടെ പ്രായോഗികതയെക്കുറിച്ച് നോവലിസ്റ്റ് ചിന്തിക്കുന്നുണ്ട്.

തുടർന്ന് നോവലുകളിൽ വിവരിക്കുന്ന അടിയാളരോട് ആഭിമുഖ്യം പുലർത്തുന്ന പ്രവർത്തനങ്ങളെ പരിശോധിക്കുന്നു.

## 4.9. ക്ഷേമപ്രവർത്തനങ്ങൾ

വർത്തമാനകാലത്തിലെ മൂല്യവ്യവസ്ഥകളിൽ നിന്നു ബഹുദൂരം അകന്നു നിൽക്കുന്ന അടിയാളരുടെ വേതനവ്യവസ്ഥകളിലെ അപര്യാപ്തതകൾ തിരിച്ചറിയുന്ന രാഘവൻ നായർ 'നെല്ലി'ൽ ഇവ പരിഷ്ക്കരിക്കുന്നുണ്ട്. മറ്റാരുടേയും പ്രേരണ കൂടാതെ സ്വയം ആവിഷ്ക്കരിച്ച് നടപ്പാക്കിയ രാഘവൻ നായരുടെ പരിഷ്ക്കാരങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം.

1. വയൽപ്പണിക്കു പുരുഷനു മൂന്നുമാനവും സ്ത്രീയ്ക്കു രണ്ടുമാനവുമായിരുന്ന കൂലി നാലും മൂന്നും മാനമാക്കി ഉയർത്തി.
2. അന്നുവരെ നിലവിലില്ലാതിരുന്ന കാവൽവല്ലി ഏർപ്പെടുത്തി.
3. കാവൽ കിടക്കുമ്പോൾ രാത്രിയും വയലിൽ പണി ചെയ്യുമ്പോൾ ഉച്ചയ്ക്കും പണിയെടുക്കുന്നവർക്ക് ഭക്ഷണം നൽകുവാൻ ആരംഭിച്ചു.
4. വീട്ടുപണി ചെയ്യുന്ന സ്ത്രീകൾക്കും വല്ലി നൽകുവാൻ ആരംഭിച്ചു.

ഇത്തരം പ്രവർത്തനങ്ങളിലൂടെ യാഥാസ്ഥിതിക മേലാളന്മാരുടെ വെറുപ്പും അടിയാളരുടെ സ്നേഹവിശ്വാസങ്ങളും രാഘവൻ നായർ നേടിയെടുക്കുന്നുണ്ട്.

'ആഗ്നേയ'ത്തിലും 'കൂമൻകൊല്ലി'യിലും അടിയാളർക്കും വേണ്ടി നടത്തുന്ന പ്രവർത്തനങ്ങൾക്ക് സാമൂഹ്യരാഷ്ട്രീയ മാനം കൈവരുന്നുണ്ട്. 'നെല്ലി'ലെ ക്ഷേമപ്രവർത്തനങ്ങൾ രാഘവൻ നായർ എന്ന വ്യക്തിയുടെ ഉദാരതയുടെ പ്രതിഫലനങ്ങളാണെങ്കിൽ, 'കൂമൻകൊല്ലി'യിലേയും 'ആഗ്നേയ'ത്തിലേയും പ്രവർത്തനങ്ങൾ സംഘടനാശക്തികൊണ്ട് ഗൗരവമാർന്നവയാണ്.

കൂമൻകൊല്ലിയിലെ ആദിവാസിപ്രശ്നങ്ങൾ പരിഹരിക്കുവാൻ പാർട്ടി നിയോഗിക്കുന്ന വ്യക്തിയാണ് ബാലൻ നമ്പ്യാർ. ഇദ്ദേഹത്തിനു കൂമൻകൊല്ലിയിൽ പ്രാവർത്തികമാക്കാൻ കഴിഞ്ഞ ക്ഷേമപ്രവർത്തനങ്ങൾ ഇവയാണ്.

1) മേലാളന്മാരുടെ വ്യാജ അളവുപാത്രങ്ങളുടെ ഉപയോഗം ഇല്ലാതാക്കി.

2) അടിയാളന്മാരെ സ്വന്തം അവകാശങ്ങളെക്കുറിച്ച് ബോധവാന്മാരാക്കി.

3) രാഷ്ട്രീയ ലക്ഷ്യം വച്ചാണെങ്കിലും ആദിവാസികൾക്കിടയൽ സംഘടനാബോധം വളർത്തിയെടുത്തു.

4) ആദിവാസികളുടെ മെച്ചപ്പെട്ട ജീവിതപരിസരങ്ങൾക്കായി പട്ടയമേള, മെഡിക്കൽ മേള എന്നിവ സംഘടിപ്പിച്ചു.

ഇത്രയും സൂചിപ്പിച്ചതുകൊണ്ട് നമ്പ്യാരുടെ പ്രവർത്തനങ്ങളെല്ലാം ഫലപ്രാപ്തിയിലെത്തി എന്നു അർത്ഥമില്ല. വിശപ്പിന്റെ പാരമ്യത്തിൽ, ചർച്ചകളിലൂടേയും സ്റ്റഡി ക്ലാസുകളിലൂടേയും യോഗങ്ങളിലൂടേയും നമ്പ്യാർ പറഞ്ഞ് പഠിപ്പിച്ച് സർവ്വസമ്മതമാക്കിയതിലും കുറഞ്ഞ വേതനത്തിൽ യാതൊരു പ്രതിഷേധവുമില്ലാതെ പണിയെടുക്കുവാൻ അടിയാളർ തയ്യാറാകുന്നു. മാത്രമല്ല വ്യവസ്ഥാപിത മതങ്ങളുടെ സ്വാർത്ഥതാൽപര്യങ്ങൾക്കു വഴങ്ങിക്കൊടുക്കുകയും ചെയ്യുന്നു. പരിഹരിക്കപ്പെടാതെ അവശേഷിക്കുന്ന ആദിവാസികളുടെ ദാരിദ്ര്യമാണ് യഥാർത്ഥത്തിൽ ഇതിനെല്ലാം കാരണം. ഇതിനു ശാശ്വതപരിഹാരം കണ്ടെത്തുവാൻ നമ്പ്യാർക്കു കഴിയുന്നുമില്ല. ഈ തരത്തിൽ ആദിവാസി വർഗ്ഗത്തിനും സൈദ്ധാന്തികാദർശങ്ങൾക്കും ഇടയിലുണ്ടാകുന്ന വിടവുകളോട് ചേർത്ത് വായിക്കേണ്ടതാണ് ആദിവാസി നേതാവ് സി.കെ. ജാനുവിന്റെ വാക്കുകൾ.

> *"കൃഷിയിടം, മെച്ചമായ ജീവിതസാഹചര്യം – ഇതൊന്നും പാർട്ടിയുടെ തലത്തിൽ കാര്യങ്ങളായി ഉണ്ടായിരുന്നില്ല. നമ്മളെ ഏതെങ്കിലും പ്രശ്നം പറഞ്ഞാൽ മേൽക്കമ്മിറ്റിയുമായി ആലോചിക്കണം എന്നു പറഞ്ഞ് ഒഴിവാക്കുന്ന ഒരു രീതിയുണ്ടായിരുന്നു".*[45]

കൂമൻകൊല്ലി പോലുള്ള ഇടങ്ങളിൽ വ്യാപിപ്പിക്കുന്ന രാഷ്ട്രീയ പ്രവർത്തനങ്ങളിൽ, അടിയാളരുടെ വോട്ടവകാശമാണ് ലക്ഷ്യമാകുന്നത് എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. ആദിവാസിയുടെ പ്രശ്നങ്ങൾക്കു പരിഹാരം കാണുക എന്നതിനേക്കാൾ തങ്ങളുടെ രാഷ്ട്രീയ തത്ത്വചിന്തകളുടെ പ്രചരണവും പ്രകടനവും പരീക്ഷണവുമാണ് ഇത്തരം ഇടങ്ങളിൽ നടക്കുന്നത്. അതുകൊണ്ടാണ് ഇതരസമൂഹങ്ങളിൽനിന്നു വിഭിന്നമായ ജീവിതസാഹചര്യങ്ങളും ജീവിതപ്രശ്നങ്ങളുമുള്ള ആദിവാസികളുടെ പ്രതിസന്ധികൾക്ക് നമ്പ്യാരെപ്പോ

ലുള്ളവർക്കു പരിഹാരം കാണാനാകാത്തത്. ആദിവാസി പ്രശ്നങ്ങളെ സാമാന്യതത്ത്വങ്ങളുപയോഗിച്ച് നിർദ്ധാരണം ചെയ്യാൻ ശ്രമിക്കുന്നതു വിഡ്ഢിത്തമാണ്. ആദിവാസികളുടെ അപരിഹാര്യമായ പ്രശ്നങ്ങളിൽ മനംമടുത്ത് നമ്പ്യാർ ആ താഴ്വര വിട്ടുപോകുന്നു. എങ്കിലും നമ്പ്യാരുടെ പ്രവർത്തനങ്ങളെ തീരെ ലഘൂകരിക്കാനും സാധിക്കുകയില്ല.

> *"നാലഞ്ചു കൊല്ലം കൊണ്ട് അടിയാളരുടെ സ്വഭാവം ചീത്തയാക്കിയത് ബാലൻ നമ്പ്യാരല്ലാതെ മറ്റാരാണ്?ഏതു പണിയും വയ്യ എന്നു പറയാനറിഞ്ഞുകൂടാത്ത അവരിപ്പോൾ ചോദിച്ചാൽ സമാധാനം പറയാതെ ഒഴിഞ്ഞുമാറുന്നു"*[46]

എന്നു സുനന്ദയെക്കൊണ്ട് ചിന്തിപ്പിക്കുന്ന രീതിയിൽ കൂമൻകൊല്ലിയിലെ അടിയാളർ വളരുന്നുണ്ട്. മേലാളരുടെ ആജ്ഞകൾക്ക് വയ്യ എന്ന് ശബ്ദം കൊണ്ട് പ്രതിഷേധിക്കുന്നില്ലെങ്കിലും മൗനം കൊണ്ട് തങ്ങളുടെ അപ്രതിപത്തി പ്രകടിപ്പിക്കുന്ന തലത്തിലെങ്കിലും ഇവരെ എത്തിച്ചത് ബാലൻ നമ്പ്യാരാണ്.

'ആഗ്നേയ'ത്തിൽ അടിയാളർക്കുവേണ്ടിയുള്ള പ്രക്ഷോഭങ്ങളിൽ അടിയാളർ പ്രത്യക്ഷപ്പെടുന്നില്ല. സമൂഹത്തിലെ തിന്മകൾക്കെതിരായ പ്രവർത്തനങ്ങൾക്കു അതിദ്രുത ഫലപ്രാപ്തി കാംക്ഷിക്കുന്ന യുവാക്കളുടെ ഒരുതരം കാല്പനിക ഭ്രമങ്ങളാണ് വിപ്ലവപ്രസ്ഥാനങ്ങൾ. സമൂഹത്തിൽ നിലനിൽക്കുന്ന മൂല്യവ്യവസ്ഥകളോട് പൊരുത്തപ്പെടാത്ത മാർഗ്ഗങ്ങൾ അവലംബിക്കുന്നതുകൊണ്ട് ഇവ എപ്പോഴും പരാജയപ്പെടുകയും ചെയ്യുന്നു. 'ആഗ്നേയത്തി'ൽ യോഗങ്ങളും പ്രമേയങ്ങളുമായി തുടങ്ങുന്ന അപ്പുവിന്റേയും കൂട്ടരുടേയും പ്രവർത്തനങ്ങൾ ക്രമേണ വിധ്വംസകങ്ങളായിത്തീരുന്നു. ഫലപ്രാപ്തിയിലെത്താതെ അവസാനിക്കുകയും ചെയ്യുന്നു. പക്ഷേ ഇത്തരം പ്രവർത്തനങ്ങൾ ഭയമേതുമില്ലാതെ ചൂഷണങ്ങൾ നടത്തിയിരുന്ന മേലാളർക്കിടയിൽ ഒരു ആഘാത ചികിത്സയുടെ ഫലം ചെയ്യുന്നുണ്ട്. 'കൂമൻകൊല്ലി'യിൽ തങ്ങളെ അനുസരിക്കാതിരിക്കാൻ തുടങ്ങിയ അടിയാളരെക്കുറിച്ചുള്ള സുനന്ദയുടെ വാക്കുകൾ ഇത് സാക്ഷ്യപ്പെടുത്തുന്നു.

*"ഒരു പൗലോസ് ചത്തതുകൊണ്ട് കാര്യമായില്ല. കളകൾ വേറെയും വള രുന്നുണ്ടിവിടെ".* [47]

ഇങ്ങനെ നോക്കുമ്പോൾ 'നെല്ലി'ൽ കേവലം ഒരു വ്യക്തിയുടെ ഹൃദയവിശാലതയാകുന്ന ക്ഷേമപ്രവർത്തനങ്ങൾ 'ആഗ്നേയ'ത്തിൽ സ്ഫോടനാത്മകവും 'കൂമൻകൊല്ലി'യിൽ തത്ത്വാധിഷ്ഠിതവുമായ പ്രത്യയസിദ്ധാന്തമായി വികാസം പ്രാപിക്കുന്നു എന്നു പറയാം.

## 4.10. സാക്ഷരത

ചൂഷണങ്ങളെക്കുറിച്ച് അവബോധമുണ്ടാക്കുന്നതിൽ സാക്ഷരതയ്ക്കു ഏറെ പ്രസക്തിയുണ്ട്. പലപ്പോഴും ഇവയ്ക്കെതിരായുള്ള പ്രതിഷേധ പ്രതികരണങ്ങളുടെ ചാലകശക്തിയായി വർത്തിക്കുവാനും സാക്ഷരതയ്ക്കു കഴിയുന്നുണ്ട്. അറിവിന്റെ അഭാവമാണ് ഗോത്രവർഗ്ഗക്കാർക്കു നേരെ നടക്കുന്ന ചൂഷണങ്ങളുടെ പ്രധാന ഹേതു മുൻതലമുറകളിൽ നിന്നു വ്യത്യസ്തമായി, തങ്ങളുടെ അവകാശ അധികാരങ്ങളെക്കുറിച്ച് അവബോധമുള്ള വരും തലമുറകളെ സൃഷ്ടിക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ടാണ് ആദിവാസി ഗ്രാമങ്ങളിൽ തീവ്ര സാക്ഷരതാ പ്രവർത്തനങ്ങൾ നടത്തുന്നത്.

'നെല്ലി'ൽ അറുമുഖൻ എന്ന അധ്യാപകൻ കുട്ടികളെ തന്റെ മുമ്പിലേയ്ക്കു കൊണ്ടുവരാൻ തീവ്രമായി പരിശ്രമിക്കുന്നുണ്ട്. സ്ക്കൂൾ തുറക്കുമ്പോൾ സ്ലേറ്റും പുസ്തകവും ഓരോ ജോഡി കുപ്പായവും തീരെ ഗതിയില്ലാത്ത കുട്ടികൾക്ക് ഗ്രാന്റും ഉച്ചഭക്ഷണവും എല്ലാം അറുമുഖൻ സംഘടിപ്പിച്ചു നൽകുന്നുണ്ട്. എന്നിട്ടും കുട്ടികൾ എത്താതിരിക്കുന്നത് കണ്ട് തന്റെ സ്വന്തം ചെലവിൽ പാലും ഉപ്പുമാവും വരെ നൽകി കുട്ടികളെ സ്ക്കൂളിലേയ്ക്ക് ആകർഷിക്കാൻ ശ്രമിക്കുന്നു.

'കൂമൻകൊല്ലി'യിലെ അനന്തൻ മാസ്റ്ററും 'ആഗ്നേയ'ത്തിലെ അപ്പുവും ആദിവാസികളുടെ വിദ്യാഭ്യാസത്തിനായി പരിശ്രമിക്കുന്നുണ്ട്. ഒരദ്ധ്യാപകനു പകരം അഞ്ച് അദ്ധ്യാപകരെ നിയമിക്കുവാനും സ്ക്കൂൾ കെട്ടിടം ഓടിട്ട് സുരക്ഷിതമാക്കുവാനും സ്ക്കൂളിലേയ്ക്കു ഇൻസ്പെക്ടറെ കൊണ്ടുവരുവാനും പ്രയത്നിക്കുന്ന അപ്പു അധ്യാപകരുടെ ഭക്ഷണവും താമസസൗകര്യങ്ങളുമെല്ലാം സ്വന്തം ഉത്തരവാദിത്വങ്ങളായി ഏറ്റെടുക്കുന്നു. ഇത്രയേറെ

ശ്രമങ്ങൾ നടത്തിയിട്ടും ആദിവാസി ഗ്രാമങ്ങളിലെ സാക്ഷരതാ പ്രവർത്തനങ്ങൾ പരാജയ മടയുന്നു. ഇതിന്റെ കാരണങ്ങളായി നോവലുകളിൽ നിന്നു വായിച്ചെടുക്കാവുന്ന പാഠ ങ്ങൾ ഇവയാണ്.

1) പാഠ്യപദ്ധതിയുടെ വൈകല്യം.

2) വിപരീത സാഹചര്യങ്ങളുടെ സമ്മർദ്ദം.

വനാന്തരങ്ങളുടെ വിശാലതയും നിഗൂഢതയും സ്വച്ഛതയും ജീവിത പശ്ചാത്തലമാക്കി യവരെ ക്ലാസ്സുമുറിയുടെ സങ്കുചിതത്വത്തിൽ ഏറെനേരം തളച്ചിടാനാകുകയില്ല. അതുപോലെ ഒരു പൊതുധാരാ സമൂഹജീവിതത്തിനു ഉപയുക്തമാകുന്ന വിധത്തിൽ രൂപപ്പെടുത്തിയി രിക്കുന്ന പാഠ്യപദ്ധതികളുടെ അദ്ധ്യയനം ആദിവാസിയെ സംബന്ധിച്ച് അപ്രാപ്യമോ ദുഷ്ക്ക രമോ ആകുന്നു. രണ്ടുമൂന്നുവർഷം സ്ക്കൂളിൽ പോയിരുന്നിട്ടും രണ്ടിനപ്പുറമുള്ള സംഖ്യ കകൾ തനിക്കു വഴങ്ങില്ലെന്നു പറയുന്ന മല്ലൻ ഇതാണ് സമർത്ഥിക്കുന്നത്. എന്നാൽ വന ജീവിതപശ്ചാത്തലത്തിനു ചേർന്ന മറ്റേതു പ്രവൃത്തികളിലും മല്ലൻ അഗ്രഗണ്യനുമാണ്.

> *"കൂടുതൽ മെച്ചപ്പെട്ടതൊന്നും പുഴക്കരയിലെ കെട്ടിടത്തിനകത്തെ ബെഞ്ചിൽ ചെന്നിരുന്നാൽ കിട്ടുമെന്ന വ്യാമോഹം കുട്ടികൾക്കില്ല. മാഞ്ചുവട്ടിലും കാട്ടിലും അലഞ്ഞുനടക്കുന്ന മനസ്സുകളെ ആ നാലുചുവരുകൾക്കകത്തേക്ക് ആകർഷിക്കുന്ന ഒന്നുമില്ല".*[48]

എന്ന് കുട്ടികൾക്കു സാമ്പ്രദായിക വിദ്യാഭ്യാസത്തോടു തോന്നുന്ന മടുപ്പിനെ നോവ ലിസ്റ്റ് വ്യക്തമാക്കുന്നുണ്ട്. പ്രതികൂലമായ ജീവിത സാഹചര്യങ്ങളും ചൂഷകരായ മേലാള ന്മാരും ഈ അവസ്ഥ രൂക്ഷമാക്കുന്നു. കാട്ടിൽ അലഞ്ഞുനടക്കുന്ന കുട്ടികൾക്ക് സ്ക്കൂളിൽ വരാൻ നല്ല വസ്ത്രമോ ഭക്ഷണമോ ഇല്ല. ഇവയ്ക്കു പരിഹാരം കണ്ടെത്തിയാലും മുതിർന്ന കുട്ടികളെ സ്ക്കൂളിൽ പറഞ്ഞയയ്ക്കാൻ മാതാപിതാക്കൾ ഇഷ്ടപ്പെടുന്നില്ല. കാരണം പണി ക്കുപോകുമ്പോൾ ചെറിയ കുട്ടികളെ നോക്കുവാനും കാലികളെ മേയ്ക്കുവാനും മുതിർന്ന കുട്ടികൾ കുടിലിലുണ്ടായേ തീരൂ. ആദിവാസികൾ നിരക്ഷരരായിത്തന്നെ ഇരിക്കുന്നതിൽ മേലാളന്മാർക്കുള്ള താൽപര്യത്തിനു വേറെ ചില കാരണങ്ങളുണ്ട്.

*"സ്ക്കൂളിൽ പഠിച്ച കുട്ടികൾ വയൽപ്പണി ചെയ്യാൻ കൂട്ടാക്കില്ല. പഠിച്ചാൽ തങ്ങളുടെ നേരെ തിരിയും എന്നാണ് മേലാളന്മാരുടെ വിചാരം".* [49]

അതുകൊണ്ട് കാലിമേച്ചും വയൽപ്പണി ചെയ്തും കഴിയുന്ന ഒരു അടിമവർഗ്ഗത്തെ നില നിർത്തുന്നതിനു അവരിൽ നിന്നും അറിവിനെ അകറ്റി നിർത്തേണ്ടത് മേലാളരുടെ ഒരു ആവശ്യവുമായിരുന്നു.

ആദിവാസി ഊരുകളിൽ നടത്തിയ വിശദമായ സർവ്വേകൾ ആദിവാസി വിദ്യാലയങ്ങളിലെ കുട്ടികളുടെ കൊഴിഞ്ഞുപോകലിന്റെ കാരണങ്ങളെ കണ്ടെത്തുന്നുണ്ട്. ഇവയ്ക്കു പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തി സാക്ഷരതയെ പ്രോത്സാഹിപ്പിക്കേണ്ടത് ആദിവാസികൾക്കായി ഏർപ്പെടുത്തിയിരിക്കുന്ന ക്ഷേമപദ്ധതികളുടെ വിജയത്തിനും അത്യന്താപേക്ഷിതമാണ്.

## 4.11. പൊതുധാരയും തനത് ധാരയും

ആദിവാസി വർഗ്ഗങ്ങളുടെ ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ച് ചിന്തിക്കുമ്പോൾ അവരെ പൊതുധാരയിലേയ്ക്കു കൊണ്ടുവരികയാണോ, അവരുടെ തനിമകൾ നിലനിർത്തുകയാണോ വേണ്ടതെന്നു തർക്കമുണ്ടാകുന്നു. ഈ വിഷയത്തിൽ, ആദിവാസികളെ ജീവിതത്തിന്റെ പൊതുധാരയിലേയ്ക്കു കൊണ്ടുവരികയാണോ നിങ്ങളുടെ ലക്ഷ്യമെന്ന ചോദ്യത്തിനു പ്രശസ്തസാഹിത്യകാരി മഹാശ്വേതാദേവി പറഞ്ഞ ഉത്തരം വളരെ പ്രസക്തമാണ്.

*"കടലിനെ എങ്ങനെയാണ് തോടിലേയ്ക്കു കൊണ്ടുവരിക?"* [50]

ആദിവാസികളുടെ തനത് സംസ്ക്കാരങ്ങൾ നിലനിർത്തേണ്ടതിന്റെ പ്രാധാന്യം ഈ വാക്കുകളിൽ നിന്നു മനസ്സിലാക്കാം. സമൂഹത്തിലെ മറ്റേത് പൗരനേയും പോലെ ചിന്തിക്കാനും പ്രവർത്തിക്കാനും ജീവിക്കാനും ആദിവാസിക്കും അർഹതയും അവകാശവുമുണ്ട്. എങ്കിലും ആദിവാസിയുടെ സഞ്ചിതസംസ്ക്കാരത്തെ നഷ്ടപ്പെടുത്തിക്കൊണ്ടുള്ള ആധുനികവത്ക്കരണവും പരിഷ്ക്കരണവും പലപ്പോഴും പ്രതികൂലമായാണ് പ്രവർത്തിക്കുന്നത്. 'നെല്ലി'ൽ ആദിവാസിയുടെ പ്രശ്നങ്ങൾക്കാണ്, പരിഹാരങ്ങൾക്കല്ല പ്രാധാന്യം നൽകിയിരിക്കുന്നത്. 'കൂമൻകൊല്ലി'യിൽ നമ്പ്യാരുടെ നേതൃത്വത്തിൽ നടക്കുന്ന പരിഷ്ക്കരണ

ശ്രമങ്ങളെ അപഗ്രഥിക്കേണ്ടതുണ്ട്. ബാലൻ നമ്പ്യാർ തന്റെ പ്രവർത്തനങ്ങൾക്കു ഫല പ്രാപ്തി കണ്ടെത്താതെ കൂമൻകൊല്ലിയിൽ നിന്നു മടങ്ങുന്നു. ബാലൻ നമ്പ്യാരുടെ പ്രവർത്തന പരാജയങ്ങൾക്കു സമാന്തരമായി വായിച്ചെടുക്കേണ്ട പാഠങ്ങളാണ് അപ്പുവിന്റേയും സത്യനാരായണന്റേയും പങ്കുകൃഷിരീതിയടക്കമുള്ള പ്രവർത്തനങ്ങൾ. തൊഴിലാളി പ്രസ്ഥാനങ്ങളിൽ പ്രവർത്തിച്ചുള്ള പഴക്കവും പരിചയവുമാണ് ബാലൻ നമ്പ്യാർ ആദിവാസി പ്രവർത്തനങ്ങളിലും പ്രയോഗിക്കുന്നത്. എന്നാൽ പൊതുധാരാസമൂഹത്തിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്കും ആദിവാസിജനതയ്ക്കും തമ്മിൽ താരതമ്യങ്ങളില്ല. അതുകൊണ്ട് വെറും തൊഴിലാളികളിൽ നിന്നു വിഭിന്നരായി, കാടിനേയും മണ്ണിനേയും അറിയുന്ന അവയുടെ യഥാർത്ഥ അവകാശികളെന്ന രീതിയിൽ ഈ വർഗ്ഗത്തെ വിലയിരുത്തി നടത്തുന്ന പരിശ്രമങ്ങളാണ് വേണ്ടതെന്ന് അപ്പുവിന്റേയും സത്യനാരായണന്റേയും വിജയങ്ങളെ മുൻനിർത്തി നോവലിസ്റ്റ് സ്ഥാപിക്കുന്നു.

പരിഷ്ക്കരണങ്ങളിൽ ആദിവാസി സ്വത്വം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത 'റോസ്മേരിയുടെ ആകാശങ്ങളി'ൽ കുറേക്കൂടി വ്യക്തമാക്കുന്നുണ്ട്. പരിഷ്കൃതവിദ്യാഭ്യാസം ലഭിച്ച ഫാദർ യൽസങ്കി എന്ന ആദിവാസിയിൽ അനനുയോജ്യമായ ഭൂമികകളിലേയ്ക്കു പറിച്ചു നടപ്പെട്ട സസ്യത്തിന്റെ ക്ഷീണാവസ്ഥ ഇതിൽ ആരോപിക്കുന്നു. പൊതുധാരാ സമൂഹത്തിന്റേതായ ജീവിതസൗകര്യങ്ങൾ ഫാദർ യൽസങ്കിയെ ഒരു രീതിയിലും തൃപ്തിപ്പെടുത്തുന്നില്ല. അദ്ദേഹം ധരിച്ചിരിക്കുന്ന പുരോഹിതവസ്ത്രത്തിൽ ഒരു കോമാളിയെ ഓർമ്മിപ്പിക്കുന്നു തുടങ്ങിയ പ്രസ്താവങ്ങളിലൂടെ നാഗരികത ആദിവാസിക്ക് ഇണങ്ങാത്ത വേഷമാണെന്നു നോവലിസ്റ്റ് സ്ഥാപിക്കുന്നു. ഈ നോവലിൽ തന്നെ ഗ്രാമത്തിൽ നിന്നു കന്യാസ്ത്രീയായി വിദേശങ്ങളിലേയ്ക്കു പോയ സിസ്റ്റർ ജോസഫൈന്റെ പിതൃഭവന സന്ദർശനം വിവരിക്കുന്നുണ്ട്. ഗ്രാമ്യവിഭവങ്ങളായ പുന്നെല്ലരിച്ചോറും, മധുരവടയും, അപ്പവും സ്പൂണുംഫോർക്കുമുപയോഗിച്ച് ഭക്ഷിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ അവർ ഗ്രാമത്തിലെ വിശേഷങ്ങൾ പള്ളിയിലെ കുശിനിക്കാരനോട് ചോദിക്കുന്നു. കൂട്ടത്തിൽ, കർമ്മനൃത്തത്തിൽ പങ്കെടുക്കരുതെന്നും കാമപൂജയും കർമ്മനൃത്തവും അവിശ്വാസികളാണ് ചെയ്യുകയെന്നും സിസ്റ്റർ ഓർമ്മപ്പെടുത്തുന്നുണ്ട്. ഗ്രാമീണ ജനതയേയും ഗോത്രവർഗ്ഗങ്ങളേയും പരി

ഷ്ക്കരിക്കാനെന്ന പേരിൽ അവർക്കു നൽകുന്ന പരിഷ്കൃത വിദ്യാഭ്യാസം, സ്വന്തം സാംസ്ക്കാരിക പൈതൃകങ്ങളേയും വിശ്വാസങ്ങളേയും പുച്ഛിക്കാൻ പഠിപ്പിക്കുന്ന വളരെ ആശങ്കാകുലമായ സ്ഥിതിവിശേഷമാണ് നോവലിസ്റ്റ് ഈ ആഖ്യാനത്തിലൂടെ ഓർമ്മപ്പെടുത്തുന്നത്. സ്വന്തം സംസ്കൃതിയോടുള്ള ഈ പുച്ഛം അധിനിവേശസംസ്ക്കാരത്തോടുള്ള വിധേയത്വവും അടിമത്തവുമാണ് പ്രഖ്യാപനം ചെയ്യുന്നത്.

ആദിവാസി പരിഷ്ക്കരണങ്ങളെക്കുറിച്ചുള്ള തന്റെ പക്ഷം ഈ നോവലിലെത്തന്നെ മറ്റു ചില കഥാപാത്രങ്ങളിലൂടെ നോവലിസ്റ്റ് വിവരിക്കുന്നുണ്ട്. ഝാർഖണ്ഡ് എന്ന പ്രത്യേക സംസ്ഥാന രൂപീകരണവും അതിലൂടെ ഭരണതലത്തിൽ വരെ നേടിയെടുക്കാവുന്ന പ്രാതിനിധ്യവും സ്വാതന്ത്ര്യവും ഈ നോവലിൽ ചർച്ച ചെയ്യപ്പെടുന്നു. ഇതിനെല്ലാം ആദിവാസികൾക്കു നേതൃത്വം നൽകുന്ന ആലീസ് ആദിവാസികളുടെ സ്വത്വസംരക്ഷണത്തിൽ ശ്രദ്ധാലുവാണ്.

> *"അയാളെപ്പോഴും അസ്വസ്ഥനാണ്. കരയ്ക്കു പിടിച്ചിട്ട മീനിനെപ്പോലെ പിടഞ്ഞുകൊണ്ടിരിക്കും".* [51]

എന്നിങ്ങനെ പുതിയ ജീവിതവും വിശ്വാസവും യൽസങ്കിയിൽ ഉണ്ടാക്കുന്ന മാനസികസംഘർഷങ്ങളെ വിവരിക്കുന്നതുകൊണ്ട് ആദിവാസിയുടെ പരമ്പരാഗത ജീവിതപരിസരങ്ങളിൽ യാതൊരു പരിഷ്ക്കരണവും വേണ്ടതില്ല എന്നതല്ല നോവലിസ്റ്റിന്റെ നിലപാട്. ആദിവാസി സമൂഹത്തിൽ നടത്തുന്ന ശുദ്ധികർമ്മങ്ങളെ ഇവർ കാല്പനികമായി എതിർക്കുന്നില്ല. ഈ ശുദ്ധികർമ്മങ്ങളിലും ദീക്ഷിക്കേണ്ടതായ, ആ വർഗ്ഗത്തിന്റെ സംസ്കൃതിയോട് പുലർത്തേണ്ട ധാർമ്മികതയെക്കുറിച്ച് ഓർമ്മിപ്പിക്കുകയാണ് ചെയ്യുന്നത്.

ആദിവാസി ഗോത്രസംരക്ഷണ പഠനങ്ങൾ നടത്തിയവരിൽ പ്രത്യേകം പരാമർശിക്കേണ്ട വ്യക്തിയാണ് ഡോ. വെരിയർ എൽവിൻ. ഇദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ മുൻനിർത്തി ജവഹർലാൽ നെഹ്റു ആദ്യം ആന്ത്രോപോളജിക്കൽ കൺസൾട്ടന്റ്, പിന്നീട് അഡ്വൈസർ ഫോർ ട്രൈബൽ അഫയർ എന്നീ പദവികൾ നൽകിയിട്ടുണ്ട്. 1963ൽ ഡോ. വെരിയർ എൽവിൻ പ്രസിദ്ധീകരിച്ച 'ട്രൈബൽ വേൾഡ് ഓഫ് വെരിയർ എൽവിൻ' (Tribal World of Verier Elvin) എന്ന ആത്മകഥയിൽ ആദിവാസി പരിഷ്ക്കരണങ്ങളെക്കുറിച്ച് പറയുന്നത് ശ്രദ്ധേയമാണ്.

*"പ്രധാനപ്പെട്ട പ്രശ്നം അവരുടെ ജീവിതത്തിനോടുള്ള നന്മകൾ നശിപ്പിക്കാതെ നമ്മുടെ ജീവിതത്തിലുള്ള നന്മകൾ എങ്ങനെ ആദിവാസികൾക്ക് എത്തിച്ചുകൊടുക്കാനാകും എന്നതാണ്. അവരെ അഭിവൃദ്ധിപ്പെടുത്താനുള്ള പദ്ധതിയും, സംസ്ക്കാരം നശിപ്പിക്കാതിരിക്കാനുള്ള പദ്ധതിയും യോജിച്ചുകൊണ്ടുപോകുക എന്നത് എളുപ്പമല്ല. എന്നാലും ഇത് സാധ്യമാണെന്നു ഞാൻ വിശ്വസിക്കുന്നു".*[52]

ആദിവാസികൾക്കുവേണ്ടി നടത്തുന്ന ക്ഷേമപ്രവർത്തനങ്ങൾക്കു പിറകിലുള്ള ഉദ്ദേശ്യലക്ഷ്യങ്ങളും ശ്രദ്ധിക്കേണ്ടതുണ്ട്. യൽസങ്കിക്കു തിയോളജിയും സംഗീതവുമെല്ലാം അടക്കമുള്ള വിദ്യാഭ്യാസമാണ് ഫാദർ ജോൺ നൽകുന്നത്. ഉച്ചാരണവൈകല്യത്തോടെയാണെങ്കിലും ഇംഗ്ലീഷ് സംസാരിക്കുവാൻ യൽസങ്കിക്കു കഴിയുന്നുണ്ട്. യൽസങ്കി നേടിയ ഈ അറിവുകൾ ആർക്ക് എങ്ങനെ പ്രയോജനപ്പെടുന്നു എന്നു ചിന്തിക്കുമ്പോഴാണ് യൽസങ്കിയെ സാക്ഷരനാക്കിയതിന്റെ പിന്നിലെ ഉദ്ദേശ്യശുദ്ധിയെ സംശയിക്കേണ്ടിവരുന്നത്. യൽസങ്കിയെ ഫാദർ യൽസങ്കിയാക്കിത്തീർക്കാനുള്ള അറിവുകൾ മാത്രമാണ് അയാൾക്കു നൽകിയിരുന്നത്. അവരവരുടെ സാഹചര്യത്തിനു അനുയോജ്യമായതും ഭാവിജീവിതത്തിൽ പ്രായോഗികമാക്കാനാകുന്നതുമായ വിദ്യാഭ്യാസത്തിനു മാത്രമേ പ്രസക്തിയുള്ളൂ.

വിദ്യാഭ്യാസപ്രവർത്തനങ്ങളിൽ മാത്രമല്ല ഏതു പരിഷ്ക്കരണ പദ്ധതികളെ സംബന്ധിച്ചും ഈ കാര്യം പ്രസക്തമാണ്. സാഹചര്യങ്ങളോട് ഇണങ്ങുന്നതും ജീവിതത്തിൽ പ്രായോഗികമാകേണ്ടവയുമാണ് പരിഷ്ക്കരണപദ്ധതികൾ. ആധുനികരീതിയിൽ ഗവൺമെന്റ് കെട്ടിക്കൊടുത്ത വീടുകളെ കലവറകളാക്കിക്കൊണ്ട് അവയ്ക്കു മുന്നിൽ തങ്ങളുടെ പതിവ് രീതിയ്ക്കനുസരിച്ച് ഒന്നോടൊന്നു ചേർന്നുനിൽക്കുന്ന പാടികൾ പണിതീർത്ത് അവയിൽ താമസമാക്കുന്ന 'നെല്ലി'ലെ ആദിവാസികളുടെ ദൃശ്യം ഈ വസ്തുതയ്ക്ക് ഊന്നൽ നൽകുന്നു.

ചുരുക്കത്തിൽ ആദിവാസിപരിഷ്ക്കരണ പദ്ധതികളെക്കുറിച്ചുള്ള നോവലിസ്റ്റിന്റെ കാഴ്ചപ്പാടുകളെ ഇങ്ങനെ സംഗ്രഹിക്കാം.

1) ആദിവാസികളിൽ നടത്തുന്ന ചൂഷണങ്ങളുടെ, ആദിവാസികൾ അനുഭവിക്കുന്ന പരാധീനതകളുടെ, യഥാർത്ഥകാരണങ്ങളെ കണ്ടെത്തണം.

2) സമൂഹത്തിലെ മറ്റേതു പൗരനുമുള്ള അധികാരഅവകാശങ്ങൾ ആദിവാസിയും സ്ഥാപിച്ചെടുക്കണം.

3) ആദിവാസി ക്ഷേമപ്രവർത്തനങ്ങളിൽ സഹാനുഭൂതിയേക്കാൾ ആവശ്യം തിരിച്ചറിവുകളാണ്.

4) സാക്ഷരതയും അനുബന്ധ ക്ഷേമപ്രവർത്തനങ്ങളും ആവശ്യമാണെന്നിരിക്കലും അവ ഗോത്രവർഗ്ഗ സംസ്ക്കാരത്തോടും ജീവിതസാഹചര്യങ്ങളോടും പൊരുത്തപ്പെട്ടു പോകുന്നവയായിരിക്കണം.

5) ക്ഷേമപ്രവർത്തനങ്ങളുടെ ലക്ഷ്യം സുതാര്യമായിരിക്കണം.

## 4.12. ഭാഷയും ശൈലിയും പ്രത്യക്ഷപ്പെടുത്തുന്ന പക്ഷങ്ങൾ

ആദിവാസികഥാപാത്രങ്ങളെ ആവിഷ്ക്കരിച്ചതുകൊണ്ടു മാത്രം നോവലിസ്റ്റിന്റെ അടിയാളരോടുള്ള അനുഭാവം തീർച്ചപ്പെടുത്താനാകില്ല. കൃതികളിൽ ഉപയോഗിച്ചിരിക്കുന്ന ഭാഷയും ശൈലിയും എഴുത്തുകാരന്റെ പക്ഷത്തെ നിർണ്ണയിക്കുന്നതിനുള്ള ഉപകരണങ്ങളായി മാറുന്നു. എഴുത്തുകാരൻ പ്രത്യക്ഷത്തിൽ അടിയാളവിഭാഗത്തിനോടു കൂറ് പ്രഖ്യാപിക്കുമ്പോഴും പരോക്ഷമായി മേലാള പക്ഷങ്ങളോട് ആഭിമുഖ്യം പുലർത്തുന്നുണ്ടെങ്കിൽ, ഭാഷാശൈലികൾ ഇവയെ പുറത്തുകൊണ്ടുവരുന്നു. മറ്റൊരുതരത്തിൽ പറഞ്ഞാൽ ഉപയോഗിക്കുന്ന ഭാഷാശൈലികളിൽനിന്ന് എഴുത്തുകാരന്റെ അടിയാള പക്ഷങ്ങൾ വെറും അനുഭാവമോ സഹാനുഭൂതിയോ മാത്രമാണെന്നോ അതല്ല അടിയാളരുടെ സ്വത്വനിർധാരണങ്ങൾ നടത്തുന്നുണ്ടോ എന്നും മനസ്സിലാക്കുവാൻ സാധിക്കുന്നു. വത്സലയുടെ നോവലുകളെ ഈ രീതിയിൽ പാരായണം ചെയ്യാവുന്നതാണ്.

'നെല്ല്' എന്ന നോവലിൽ നായകകഥാപാത്രങ്ങളായ മല്ലനേയും മാരയേയും, അവർ മേലാളരോട് കൂറുപ്രകടിപ്പിക്കുന്നതുകൊണ്ട് ആദർശശാലികളാക്കി മാറ്റിയിരിക്കുകയാണെന്നും,[53] ഈ നോവൽ കൂടുതലായും മേലാളന്റെ വ്യഥകളിലാണ് [54] ഊന്നുന്നത് എന്നുള്ളതുകൊണ്ട് കീഴാളപക്ഷനോവലായി കാണാനാകില്ലെന്നുമുള്ള വിമർശനങ്ങൾ ഉണ്ടായിട്ടുണ്ട്. ഈ ആരോപണങ്ങൾ അടിസ്ഥാനരഹിതങ്ങളാണെന്നു പറയേണ്ടിയിരിക്കുന്നു മല്ലന്റേയും മാര

യുടെയും കഥാപാത്രചിത്രീകരണങ്ങളിൽ നോവലിസ്റ്റ് തികഞ്ഞ യുക്തിഭദ്രതയും മിതത്വവും ദീക്ഷിച്ചിട്ടുണ്ട്. മല്ലന്റെ കർമ്മോത്സുകതയും മാരയുടെ വൃത്തിയും വെടിപ്പുമാണ് ഇതരആദിവാസി കഥാപാത്രങ്ങളിൽ നിന്ന് അവരെ വ്യത്യസ്തരാക്കി നിർത്തുന്നത്. ഈ വിശേഷഗുണപ്രസ്താവങ്ങൾ കഥാപാത്രഘടനകളിൽ അനൗചിത്യം ഉണ്ടാക്കുന്നില്ല. നോവലിൽ മല്ലൻ യുവത്വത്തിന്റെ പ്രതീകമായാണ് അവതരിപ്പിക്കപ്പെടുന്നത്. ആദിവാസികളെ അവരനുഭവിച്ച തിക്താനുഭവങ്ങളാണ് അലസരും നിസ്സംഗരുമാക്കിത്തീർക്കുന്നത്. ഈ വസ്തുത വിവിധ ഉദാഹരണങ്ങളിലൂടെ സമർത്ഥിക്കുന്നുണ്ട്. ഈ വിധത്തിൽ അലസരും നിസ്സംഗരുമായി ചിത്രീകരിക്കുന്ന ഇതര കഥാപാത്രങ്ങൾ മധ്യവയസ്ക്കരോ വൃദ്ധരോ ആണ്. അവർ അനുഭവിച്ചുതീർത്ത അത്രയും തിക്താനുഭവങ്ങൾ മല്ലൻ നേരിട്ടിരിക്കില്ല. അതുകൊണ്ടുതന്നെ അവർക്കുള്ളത്ര നിസ്സംഗതയും നിരാശയും ജീവിതത്തോട് മല്ലനുണ്ടാകേണ്ടതില്ല. അതിനാൽ ആരോഗ്യവും സൗന്ദര്യവും പ്രണയവും പ്രതീക്ഷയും പുഷ്ക്കലമാക്കുന്ന മല്ലനിൽ ഉത്സാഹഹർഷങ്ങൾ ആരോപിക്കുന്നതിൽ യുക്തിഭംഗമില്ല. മാരയുടെ വിഷയത്തിലാണെങ്കിൽ മാരയും കുടുംബവും തിരുനെല്ലിയിലെത്തിയിട്ട് അധികകാലമായില്ല എന്ന് നോവലിന്റെ തുടക്കത്തിൽ തന്നെ പ്രസ്താവമുണ്ട്. തൃശ്ശിലേരിയിൽ കുറേക്കൂടി പരിഷ്കൃതരുമായുള്ള സഹവാസം മാരയ്ക്കുണ്ടായിരുന്നു എന്നു കരുതാം. തിരുനെല്ലിയേക്കാൾ എന്തുകൊണ്ടും ഭേദപ്പെട്ടതായിരുന്നു തൃശ്ശിലേരിയിലെ ജീവിതമെന്നു ഇവർ ഓർക്കുന്നുണ്ട്. അതുകൊണ്ടുതന്നെ തിരുനെല്ലി മലകൾക്കപ്പുറത്തെ ജീവിതം എന്താണെന്നറിയാത്ത മറ്റ് അടിയാത്തികളേക്കാൾ കുറേക്കൂടി വൃത്തിയും വെടിപ്പുമുള്ളവളായി മാര വ്യത്യാസപ്പെട്ടു നിൽക്കുന്നു. ചുരുക്കത്തിൽ ഈ രണ്ടു കഥാപാത്രസൃഷ്ടികളിലും നോവലിസ്റ്റ് ആദർശവൽക്കരണ ശ്രമങ്ങൾ നടത്തി എന്നു പറയുവാനാകില്ല.

ആദിവാസികളെക്കുറിച്ച് 'മുടിഞ്ഞ വക', 'ഐശ്വര്യം കെട്ട വർഗ്ഗം', 'എത്ര മുഖശ്രീ ഉണ്ടായിട്ടെന്താ, വൃത്തികെട്ട ഒരു വർഗ്ഗം', 'പഴുതുകിട്ടിയാൽ തലയിൽ ചവിട്ടിക്കേറാൻ മടിക്കാത്ത വർഗ്ഗം', എന്നിങ്ങനെയുള്ള പരാമർശങ്ങൾ 'നെല്ലി'ലുണ്ട്. അറിവുകേടിന്റേയും അടങ്ങാത്ത ആർത്തിയുടേയും പ്രതീകങ്ങളായാണ് മേലാളർ അടിയാളരെ കാണുന്നത്. ഇവയെല്ലാം കീഴാളവിരുദ്ധ മനോഭാവത്തെക്കുറിച്ചുള്ള സൂചനകളാണ് നൽകുന്നതെന്നു പ്രത്യക്ഷവാ

യനയിൽ തോന്നുമെങ്കിലും, ഈ പരാമർശങ്ങൾ ആർ നടത്തുന്നുവെന്നുള്ളത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. തന്റെ നോവലുകളിൽ പ്രത്യക്ഷപ്പെടുന്ന മേലാളരെ നോവലിസ്റ്റ് കൃത്യമായ രണ്ടു വിഭാഗമാക്കി തിരിക്കുന്നുണ്ട്- അടിയാളരോട് ആഭിമുഖ്യം പുലർത്തുന്നവരും, അടിയാളരെ മനുഷ്യരായിപ്പോലും കാണാൻ കൂട്ടാക്കാത്തവരും. ഇതിൽ രണ്ടാമത്തെ വിഭാഗത്തിലുൾപ്പെടുന്നവരുടെ പരാമർശങ്ങളാണ് മുകളിലുദ്ധരിച്ചവയെല്ലാം. ഇവയെ നോവലിസ്റ്റിന്റെ കാഴ്ചപ്പാടുകളായി പാരായണം ചെയ്യുമ്പോഴാണ് ഈ നോവലുകളിൽ കീഴാളവിരുദ്ധ നിലപാടുകളെ ആരോപിക്കേണ്ടിവരുന്നത്.

നോവലിസ്റ്റിനു അടിയാളവർഗ്ഗത്തോടുള്ള കാഴ്ചപ്പാടുകളെ വിശദീകരിക്കുന്ന ചില പരാമർശങ്ങൾ ക്രോഡീകരിക്കുന്നു.

> *"ഇവിടെ ചെറുത്തു നിൽക്കാൻ കെല്പുള്ളവർ താൻ വരുംവഴിക്ക് കണ്ട കാട്ടുനിവാസികളാണ്. അവരില്ലാതെ ഇവർ ജീവിക്കില്ല. ഈ മണ്ണ് കനിയില്ല. കാട് അനുസരിക്കില്ല. വന്യമൃഗങ്ങൾ ഭയപ്പെട്ടോടുകയില്ല".*[55]

എന്നു കാടിനോടും മണ്ണിനോടുമുള്ള ആദിവാസിയുടെ വൈകാരികബന്ധത്തേയും അതിലവർക്കുള്ള അനിഷേധ്യമായ അവകാശത്തേയും നോവലിസ്റ്റ് സ്ഥിരീകരിക്കുന്നു.

> *"ഇവരുടെ കൈകൾക്കു കരുത്തില്ലാഞ്ഞോ വിശപ്പിനു കാഠിന്യമില്ലാഞ്ഞോ അല്ല. മേലാളനെന്നു പറയപ്പെടുന്ന തന്നോടുള്ള ഭയബഹുമാനങ്ങൾ കൊണ്ടും അല്ല. കാലത്തിന്റെ ഇരുണ്ട ഇടനാഴികളിൽ ഇപ്പോഴും ചങ്ങല കിലുങ്ങുന്നു. അറ്റു കഴിഞ്ഞിട്ടും പൊഴിഞ്ഞുപോവാത്ത ചങ്ങലയുടെ അവസാനത്തെ കണ്ണികൾ".*[56]

എന്ന് അടിയാളർ തന്നോടു പ്രകടിപ്പിക്കുന്ന വിധേയത്വത്തെ വിശദീകരിക്കുമ്പോൾ അടിയാള പൈതൃകത്തിന്റെ സംസ്ക്കാരികൗന്നത്യത്തെയാണ് നോവലിസ്റ്റ് ആദരപൂർവ്വം അടയാളപ്പെടുത്തുന്നത്.

> *"അയാളുടെ (യെൽസങ്കി) ആത്മാവിൽ അനാദികാലം തുടങ്ങി അടിച്ചേൽപ്പിക്കപ്പെട്ട വിശ്വാസത്തിന്റെ ചങ്ങല കിലുങ്ങി. നിലയില്ലാത്ത ആകാ*

*ശത്തിലും പെട്ട് കൊടുങ്കാറ്റിലും തിരമാലകളിലുംപെട്ട് അലഞ്ഞുതിരി യാതിരിക്കാൻ ആ ചങ്ങല എന്നും കൂടെയുണ്ടായിരുന്നു"* [57]

എന്ന് ആദിവാസിയുടെ സ്വത്വസത്യത്തെ നോവലിസ്റ്റ് അംഗീകരിക്കുകയും വിശ്വസി ക്കുകയും ചെയ്യുന്നു.

നോവലുകളിലെ ഭാഷാരീതിയെ പാരായണപക്ഷത്തിൽ നിന്നു കൊണ്ട് അപഗ്രഥിക്കേ ണ്ടതുണ്ട്. എല്ലാ സാഹിത്യശാഖകളിലും, ആഖ്യാനം ചെയ്യുന്ന സന്ദർഭങ്ങൾക്കു കരുത്തും വിശ്വാസ്യതയും നൽകുന്നതിനായി സംഭാഷണങ്ങളെ ഉപയോഗപ്പെടുത്താറുണ്ട്. വത്സല യും തന്റെ നോവലുകളിൽ സംഭാഷണങ്ങളുടെ ഈ ഉപയോഗിത പ്രയോജനപ്പെടുത്തിയി ട്ടുണ്ട്. ഇവിടെ പരാമർശിക്കുന്ന നോവലുകളിൽ സംഭാഷണങ്ങൾ, കൂടുതൽ ധർമ്മങ്ങൾ അനുഷ്ഠിക്കുന്നുണ്ട്. പ്രതിപാദ്യവിഷയമായ അടിയാളരുടെ തനതുഭാഷ ആവിഷ്ക്കരിക്കു വാനും തദ്വാരാ ഇതിവൃത്തത്തിൽ കൂടുതൽ വിശ്വാസ്യത ജനിപ്പിക്കുവാനും ഈ സംഭാഷ ണങ്ങൾ സഹായിക്കുന്നു.

*"ഏൻ കുറുമാട്ടി?"*

*"എന്നെങ്ങാ ബത്താവാ'? അവളുടെയൊരു ചോദ്യം. വന്നാലെന്തെന്ന്?"* [58]

ഇവിടെ കഥാപാത്രങ്ങൾ തമ്മിലുള്ള ചോദ്യോത്തരങ്ങളും, നോവലിസ്റ്റ് അലോസരമു ണ്ടാക്കാതെ അവയ്ക്കു നൽകുന്ന തർജ്ജമകളും വഴി കഥാപാത്രങ്ങളോടും, ആദിവാസി ഭാഷ അറിയാത്ത അനുവാചകരോടും ഒരുപോലെ നീതി പുലർത്തുന്നതിൽ നോവലിസ്റ്റ് വിജയിക്കുന്നുണ്ട്. എന്നാൽ 'നെല്ലി'ൽ ഉപയോഗിക്കുന്ന ഈ ഭാഷാരീതി അതേപോലെ 'റോസ്മേരിയുടെ ആകാശങ്ങളി'ലും 'കൂമൻകൊല്ലി'യിലും പിന്തുടരുന്നില്ല. 'റോസ്മേരി യുടെ ആകാശങ്ങളി'ലെ ഭൂമിശാസ്ത്രപശ്ചാത്തലം ബീഹാറായതിനാൽ തദ്ദേശഗോ ത്രവർഗ്ഗക്കാരുടെ ഭാഷ ആവിഷ്ക്കരിക്കുമ്പോൾ, വിവർത്തനത്തിന്റെ രീതി മാത്രമേ സംഗ തമാകൂ. 'കൂമൻകൊല്ലി'യിൽ ആദിവാസികൾ മൗനങ്ങളിലൂടെ സംവദിക്കുന്ന ചോദ്യോ ത്തരങ്ങളെ സ്വയം ഉൾക്കൊണ്ട് തന്റേതായ ഭാഷയിൽ ആവിഷ്ക്കരിക്കുകയാണ് ചെയ്യു ന്നത്.

*"അപ്പു നവോന്മേഷത്തോടെ പറഞ്ഞു: ഞാൻ നിങ്ങൾക്കു പങ്കുകൃഷിക്കു പകുത്തു തരാം.*

*അവർ പരസ്പരം നോക്കി. അക്ഷരങ്ങൾ അവരുടെ ബോധമണ്ഡലത്തി നുപരി പാറ്റച്ചിറകുപോലെ പാറി നടന്നു".*

തുടർന്ന് ഇങ്ങനെ ലക്ഷ്യത്തിലെത്താതെ പറന്നു നടന്ന വാക്കുകളെ, മൗനങ്ങളെ നോവലിസ്റ്റ് സ്വന്തമായി ആവിഷ്ക്കരിക്കുന്നു.

*"ഞങ്ങളുടെ പക്കൽ വിത്തില്ല..."*[59]

ഈ രീതിയിൽ ആദിവാസികളുടെ മൗനങ്ങളെ തന്റേതായ രീതിയിൽ വാചാലങ്ങളാക്കിയതിനു പ്രസക്തിയുണ്ടെങ്കിലും പുറംലോകം കാണാത്ത ബന്ദി, ഡാനിയേലിനോട് സംസാരിക്കുമ്പോൾ ദീക്ഷിക്കുന്ന ഭാഷയുടെ വ്യക്തതയും സ്ഫുടതയും കഥാസന്ദർഭത്തിന്റെ ഔചിത്യത്തിനേൽക്കുന്ന ഭംഗം തന്നെയാണെന്നു പറയേണ്ടിയിരിക്കുന്നു. ഈ രീതിയിൽ നിരീക്ഷിക്കുമ്പോൾ അടിയാള പക്ഷനോവലുകളിൽ കൂടുതൽ പാരായണ പാഠങ്ങളും പ്രസക്തിയും 'നെല്ലി'നു ലഭിച്ചതിൽ അതിലുപയോഗിച്ചിരിക്കുന്ന ഭാഷയ്ക്കു നിർണ്ണായകമായ പങ്കുണ്ടെന്നു പറയേണ്ടിവരുന്നു.

'നെല്ല്', 'കൂമൻകൊല്ലി', 'റോസ്മേരിയുടെ ആകാശങ്ങൾ' എന്നീ നോവലുകളിലൂടെ ആദിവാസി സമൂഹത്തെക്കുറിച്ചുള്ള നോവലിസ്റ്റിന്റെ കാഴ്ചപ്പാടുകൾ ക്രമികമായി വികാസം കൊള്ളുന്നു എന്ന് ഈ അപഗ്രഥനങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. 'നെല്ലി'ൽ അടിയാളരുടെ ജീവിതയാഥാർത്ഥ്യങ്ങളുടെ യഥാതഥ ചിത്രീകരണവും, ചൂഷണ പരിസരങ്ങളുടെ വെളിപ്പെടുത്തലും ഉൾക്കൊള്ളിച്ചിരിക്കുന്നു. പ്രാന്തവൽക്കരിക്കപ്പെട്ട ഒരു ജനതയിലേയ്ക്ക് സമൂഹശ്രദ്ധ ക്ഷണിക്കുന്ന ഈ നോവലിൽ വ്യക്തികളേക്കാൾ സമൂഹത്തിനു പ്രധാന്യം നൽകിയിരിക്കുന്നു. നായിക-നായക സങ്കല്പങ്ങൾക്കെല്ലാം നോവലിൽ പ്രാധാന്യം നൽകിയിട്ടുണ്ടെങ്കിലും ഇതിൽ പ്രത്യക്ഷപ്പെടുന്ന ഓരോ ആദിവാസി കഥാപാത്രത്തേയും അവരുടെ സമൂഹത്തോടു ചേർത്തുനിർത്തി പാരായണ പാഠങ്ങൾ നിർമ്മിക്കുന്നതിലാണ് നോവലിസ്റ്റ് ശ്രദ്ധിച്ചിരിക്കുന്നത്. ഓരോ കഥാപാത്രത്തിന്റേയും സവിശേഷ സ്വഭാവങ്ങളെ ആ പാത്ര

മുൾപ്പെടുന്ന സമൂഹത്തിന്റെ സഹജഭാവങ്ങളോട്, സവിശേഷസ്വഭാവങ്ങളോട്, ചേരുന്നവ/ചേരാത്തവ എന്നീ ദ്വന്ദ്വങ്ങളിലൂടെയാണ് നോവലിസ്റ്റ് പരിചയപ്പെടുത്തുന്നത്. ആദിവാസി പശ്ചാത്തലവും കഥാപാത്രങ്ങളും ഇതിവൃത്തമാക്കുമ്പോൾ കണ്ടുവരുന്ന അവിശ്വസനീയമായ ചിത്രീകരണങ്ങൾ നോവലിസ്റ്റ് ഒഴിവാക്കിയിരിക്കുന്നു. ഇതരസമൂഹങ്ങളിൽ നിന്നു വിഭിന്നമാണ് എന്നുള്ളതുകൊണ്ട് കാല്പനികമായി നിറം പിടിപ്പിച്ച ആചാരവിശേഷങ്ങളൊന്നും തന്നെ ഈ നോവലുകളില്ല. ആവിഷ്ക്കരിക്കുന്ന ഗോത്രാചാരങ്ങളും ജീവിതവും യാഥാർത്ഥ്യങ്ങളോട് നീതി പുലർത്തുന്നു. ഈ ആചാരങ്ങളിൽത്തന്നെ നോവൽകാലത്തിൽ വന്നുചേർന്ന മാറ്റങ്ങളും നോവലിസ്റ്റ് ഉൾക്കൊള്ളുന്നുണ്ട്. ഈ രീതിയിൽ പ്രമേയത്തിന്റെ ക്രിയാംശത്തോടും കാലഘടനയോടും പൊരുത്തപ്പെട്ടുപോകുന്ന നോവലായി 'നെല്ലി'നെ വിലയിരുത്താം.

'കൂമൻകൊല്ലി'യിൽ ആദിവാസി സമൂഹവും അവർ നേരിടുന്ന പ്രശ്നങ്ങളും ഇതിവൃത്തത്തിന്റെ ഉപഘടനയാണ്. പരിസ്ഥിതി പ്രശ്നങ്ങളും സാംസ്ക്കാരിക അധിനിവേശങ്ങളും ഏറ്റവും കൂടുതൽ അഭിമുഖീകരിക്കുന്ന ജനതയെന്ന രീതിയിൽ ഇതിൽ ആദിവാസി ഗോത്രങ്ങളെ കാണുന്നു. അധിനിവേശങ്ങൾക്കു ഇരകളാകുന്ന സമൂഹത്തെ ആവിഷ്ക്കരിക്കാനായി നോവലിസ്റ്റ് തെരഞ്ഞെടുക്കുന്ന ഉപകരണങ്ങളാണ് ഇതിലെ ആദിവാസി കഥാപാത്രങ്ങൾ.

'റോസ്മേരിയുടെ ആകാശങ്ങ'ളിൽ ഒരു സമൂഹത്തിന്റെ സ്വത്വപ്രതിസന്ധികളെയാണ് വിശകലനം ചെയ്യുന്നത്. സാംസ്ക്കാരിക പരിവർത്തനം നടന്നുകഴിഞ്ഞ ഒരു ഗ്രാമത്തിന്റെ പ്രതിനിധിയാണ് ഇതിലെ യൽസങ്കി. അധിനിവേശങ്ങൾക്ക് ഒരു ഗോത്രത്തേയും ഒരു സംസ്ക്കാരത്തേയും പൂർണ്ണമായി തമസ്ക്കരിക്കുവാനാകില്ല എന്ന് യൽസങ്കിയുടെ തിരിച്ചുവരവിലൂടെ നോവലിസ്റ്റ് പ്രഖ്യാപിക്കുന്നു.

'നെല്ലി'ൽ ആദിവാസി പ്രശ്നങ്ങളുടെ ചിത്രീകരണവും പ്രശ്നപരിഹാരങ്ങൾക്കായുള്ള വ്യക്തിശ്രമങ്ങളും നടക്കുമ്പോൾ 'കൂമൻകൊല്ലി'യിൽ ഇതേ പ്രശ്നപരിഹാര ശ്രമങ്ങൾക്ക് ഒരു സംഘടിത ഘടന കൈവരുന്നു. 'റോസ്മേരിയുടെ ആകാശങ്ങ'ളിലെത്തുമ്പോൾ സംഘടിതഘടനയിൽ അതുവരെ മുൻനിരകളിൽ നിന്നൊഴിഞ്ഞുനിന്ന അടിയാളരെക്കൂടി ഉൾപ്പെ

ടുത്തുന്നു. ചുരുക്കത്തിൽ 'നെല്ലി'ൽ ചൂഷണങ്ങൾക്കു മൗനമായി വിധേയനാകുന്ന ആദിവാസി 'കൂമൻകൊല്ലി'യിൽ മൗനത്തിലൂടെ പ്രതികരിക്കുകയും 'റോസ്മേരിയുടെ ആകാശങ്ങളി'ൽ ശബ്ദം കൊണ്ടും പ്രവൃത്തികൊണ്ടും പ്രതിഷേധിക്കുകയും ചെയ്യുന്നു. മാത്രമല്ല 'നെല്ലി'ലും 'കൂമൻകൊല്ലി'യിലും അധിനിവേശങ്ങളിൽ വിധേയത്വം പ്രകടിപ്പിക്കുന്ന ആദിവാസി സ്വത്വം 'റോസ്മേരിയുടെ ആകാശങ്ങ'ളിൽ ഇത്തരം അധിനിവേശങ്ങളിൽ നിന്നു കുതറിമാറുന്നു.

## 4.13. ഈ നോവലുകളിലെ ആദിവാസിപക്ഷ പാഠങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം.

1) ആദിവാസികളുടെ യഥാർത്ഥജീവിത പരിസരങ്ങളെ കാല്പനികതയുടെ കടുത്ത നിറങ്ങളും ആദർശവത്ക്കരണങ്ങളുമില്ലാതെ യഥാതഥമായി ചിത്രീകരിച്ചിരിക്കുന്നു.
2) ആദിവാസികൾ നേരിടുന്ന ചൂഷണങ്ങളും അവ പ്രവർത്തിക്കുന്ന രീതികളും വ്യക്തതയോടെ തിരിച്ചറിയുന്നു.
3) ആദിവാസി സമീപനങ്ങളിൽ പുലർത്തേണ്ട ഹ്യൂമനിസ്റ്റ് രീതികളിൽ ശ്രദ്ധചെലുത്തുന്നു.
4) ആദിവാസി ജീവിതത്തിൽ പരിഷ്ക്കരണങ്ങൾ ആവശ്യമാണെങ്കിലും ഇവയിൽ അനുവർത്തിക്കുന്ന പൊതുധാരാ രീതികളുടെ ന്യൂനതകളെ ഓർമ്മിപ്പിക്കുന്നു.
5) ആദിവാസി സ്വത്വസംരക്ഷണത്തിന്റെ പ്രാധാന്യത്തിൽ ഊന്നുന്നു.
6) ചിത്രീകരിക്കുന്ന സമൂഹത്തിനോടും, ആസ്വാദകസമൂഹത്തിനോടും നീതിപുലർത്തുന്ന പാരായണക്ഷമമായ ഭാഷാരീതി സ്വീകരിച്ചിരിക്കുന്നു.

## കുറിപ്പുകൾ

1. Mathur P.R.G, ***Tribal Situation in Kerala***, Kerala Historical Society, Trivandrum, 1977, p. 7.
2. എം.ഗീതാനന്ദൻ, **ഗോത്രസ്വയംഭരണരൂപങ്ങൾ മാതൃകയാക്കണം,** സംസ്കൃതി ത്രൈമാസിക, 2004 മാർച്ച് - ജൂൺ, പു. 27, 28.
3. ഡോ. എം.ലീലാവതി, പിൻകുറിപ്പ് - ***നെല്ല്,*** പി.വത്സല, ഡിസി, കോട്ടയം, 2004.
4. ജി.മധുസൂദനൻ, ***കഥയും പരിസ്ഥിതിയും,*** കറന്റ്, തൃശ്ശൂർ, 2000, പു. 293.
5. പി.വത്സല, ***നെല്ല്,*** ഡിസി, കോട്ടയം, 2004, പു. 72.
6. അ. ഗ്ര., പു. 72.
7. പി.വത്സല, ***കൂമൻകൊല്ലി,*** ഡിസി, കോട്ടയം, 2000, പു. 16.
8. അ. ഗ്ര., പു. 46.
9. പി.വത്സല, ***നെല്ല്,*** ഡിസി, കോട്ടയം, 2004, പു. 63.
10. അ. ഗ്ര., പു. 294.
11. അ. ഗ്ര., പു. 256.
12. ഡോ. രാജേന്ദ്രപ്രസാദ്, **ആദിവാസികളും ഭൂമിയും കാർഷികവൃത്തിയും,** മാധ്യമം, 2001 നവംബർ 9, പു. 23.
13. പി.വത്സല, ***നെല്ല്,*** ഡിസി, കോട്ടയം, 2004, പു. 204.
14. അ. ഗ്ര., പു. 224.
15. അ. ഗ്ര., പു. 208.
16. അ. ഗ്ര., പു. 322.
17. അ. ഗ്ര., പു. 12.
18. അ. ഗ്ര., പു. 179.
19. അ. ഗ്ര., പു. 279.

20. അ. ഗ്ര., പു. 80.
21. അ. ഗ്ര., പു. 283.
22. അ. ഗ്ര., പു. 65.
23. അ. ഗ്ര., പു. 40.
24. പി.വത്സല, ***കൂമൻകൊല്ലി,*** ഡിസി, കോട്ടയം, 2000, പു. 44.
25. കെ.പി.കറുപ്പൻ (സമ്പാ): ***ചെറുമർപാട്ട്, സാമുദായിക ഗാനകലകൾ,*** പോൾ പ്രസ്സ്, കൊച്ചി, 1934.
26. പി.വത്സല, ***നെല്ല്,*** ഡിസി, കോട്ടയം, 2004, പു. 163.
27. അ. ഗ്ര., പു. 102.
28. അ. ഗ്ര., പു. 171.
29. അ. ഗ്ര., പു. 102.
30. അ. ഗ്ര., പു. 83.
31. അ. ഗ്ര., പു. 72.
32. അ. ഗ്ര., പു. 196.
33. അ. ഗ്ര., പു. 309.
34. പി.വത്സല, ***കൂമൻകൊല്ലി,*** ഡിസി, കോട്ടയം, 2000, പു. 43.
35. അ. ഗ്ര., പു. 46.
36. പി.വത്സല, ***റോസ്മേരിയുടെ ആകാശങ്ങൾ,*** ഡിസി, കോട്ടയം, 2000, പു. 126.
37. പി.വത്സല, ***കൂമൻകൊല്ലി,*** ഡിസി, കോട്ടയം, 2000, പു. 131.
38. അ. ഗ്ര., പു. 131.
39. അ. ഗ്ര., പു. 122.
40. പി.വത്സല, ***റോസ്മേരിയുടെ ആകാശങ്ങൾ,*** ഡിസി, കോട്ടയം, 2000, പു. 57.
41. അ. ഗ്ര., പു. 132.
42. സച്ചിദാനന്ദൻ, **ക്രൈസ്തവസഭയിലെ വർഗ്ഗസമരം, ഒരു മാർക്സിസ്റ്റു സമീപനം,** ***സംവാദങ്ങൾ,*** മോഡേൺ ബുക്സ്, സുൽത്താൻബത്തേരി, 1986, പു. 33.

43. പി.വത്സല, ***നെല്ല്,*** ഡിസി, കോട്ടയം 2004, പു. 203.

44. സി.കെ.ജാനു, **കൈവിട്ട മണ്ണ് വിളിച്ചപ്പോൾ,** ഭാഷാപോഷിണി, ഡിസംബർ 2001, പു. 25, ല. 7, പു. 17.

45. അ. ലേ, പു. 14.

46. പി.വത്സല, ***കൂമൻകൊല്ലി,*** ഡിസി, കോട്ടയം, 2000, പു. 16.

47. അ. ഗ്ര., പു. 16.

48. പി.വത്സല, ***നെല്ല്,*** ഡിസി, കോട്ടയം, 2004, പു. 266.

49. അ. ഗ്ര., പു. 265.

50. ആനന്ദ്, ***പ്രകൃതി സമൂഹം സംസ്ക്കാരം, ചരിത്രം, ഹരിതനിരൂപണം മലയാളത്തിൽ,*** (എഡി): ജി.മധുസൂദനൻ, കറന്റ്, തൃശ്ശൂർ, 2002, പു. 50.

51. പി.വത്സല, ***റോസ്മേരിയുടെ ആകാശങ്ങൾ,*** ഡിസി, കോട്ടയം, 2000, പു. 108.

52. കെ.പാനൂർ, ***സഹ്യന്റെ മക്കൾ,*** കേ. സാ. അ, തൃശ്ശൂർ, 1990, പു. 83.

53. ഷംഷാദ് ഹുസൈൻ, അവതാരിക - ***നെല്ല്,*** പി.വത്സല, ഡിസി, കോട്ടയം, 2004, പു. 9.

54. ടി.കെ.അനിൽകുമാർ, ***മലയാളസാഹിത്യത്തിലെ കീഴാള പരിപ്രേക്ഷ്യം,*** കേ. സാ. അ., തൃശ്ശൂർ, 2004, പു. 68.

55. പി.വത്സല, ***നെല്ല്,*** ഡിസി, കോട്ടയം, 2004. പു. 34.

56. പി.വത്സല, ***കൂമൻകൊല്ലി,*** ഡിസി, കോട്ടയം, 2000, പു. 163.

57. പി.വത്സല, ***റോസ്മേരിയുടെ ആകാശങ്ങൾ,*** ഡിസി, കോട്ടയം, 2000, പു. 133.

58. പി.വത്സല, ***നെല്ല്,*** ഡിസി, കോട്ടയം, 2004, പു. 21.

59. പി.വത്സല, ***കൂമൻകൊല്ലി,*** ഡിസി, കോട്ടയം, 2000, പു. 165.